

“നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ”

*ഉല്പ. 41:55*

വേദപ്രചാര

# മധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 90 ലക്കം 06 ഡിസംബർ 2017

# ഉള്ളടക്കം


ഇടയലേഖനം (17. PL. 28-250) ..... 7
സർക്കുലർ (17 Ch.186-261) ..... 14
സർക്കുലർ (Prot. No. 1937/2017) ..... 16
സർക്കുലർ (Ref: 3047/K-5/KCBC/OL/DS) ..... 18
കച്ചേരിക്കാര്യം ..... 24
പെയിൻ & പാലിയേറ്റീവ് കെയർ ..... 30
സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ സ്ഥിതിവിവരം ..... 32
പാസ്റ്ററൽ കൗൺസിൽ ..... 33
പബ്ലിക് റിലേഷൻസ് ജാഗ്രതാസമിതി ..... 34
പ്രവാസി അപ്പോസ്തലേറ്റ് ..... 35
സന്ദേശനിലയം ..... 36
ചെറുപുഷ്പ മിഷൻലീഗ് ..... 40
ഫാമിലി അപ്പോസ്റ്റലേറ്റ്. ..... 43
യുവദീപ്തി ..... 49
കെ.സി.എസ്.എൽ. ..... 51
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ..... 53
ആത്മതാകേന്ദ്രം ..... 55
ചാസ് ..... 57
എൽഡേഴ്സ് ഫ്രാറ്റേണിറ്റി ..... 55
കരിസ്മാറ്റിക് നവീകരണവാർത്തകൾ ..... 67
മീഡിയാവില്ലേജ് കമ്മ്യൂണിക്കേഷൻസ് ..... 68
ദലിത് കത്തോലിക്കാ മഹാജനസഭ ..... 71
കത്തോലിക്കാ കോൺഗ്രസ് ..... 72
വിൻസെൻഷ്യൻ വേദി ..... 75
ഫ്രാൻസിസ്കൻ അല്മായസഭ ..... 77
ആവേമരിയ ..... 80
പൗരോഹിത്യ ആദ്ധ്യാത്മികത ..... 88
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ..... 89
Engagements. ..... 87



Annual Subscription: Rs. 120/-




ARCHBISHOP'S HOUSE
P.B. No. 20, CHANGANACHERRY - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@yahoo.co.in
Website: www.archdiocesechanganacherry.org




ഏവർക്കും

**തിരുപ്പിറവിയുടെയും നവവത്സരത്തിന്റെയും**

*പ്രാർത്ഥനാനിർഭരമായ ആശംസകൾ...*



ഷംഷാബാദ് രൂപതയുടെ നിയുക്ത മെത്രാൻ
**മാർ റാഫേൽ തട്ടിൽ പിതാവിന്**
ചങ്ങനാശേരി അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ



ഹോസൂർ രൂപതയുടെ മെത്രാൻ
**മാർ സെബാസ്റ്റ്യൻ പോഴോലിപറമ്പിൽ പിതാവിന്**
ചങ്ങനാശേരി അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ

17. PL. 2 8-250

# ഇടയലേഖനം

കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ
ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ
**ജോസഫ് പെരുന്തോട്ടം**
തന്റെ അതിരൂപതയിലെ വൈദികർക്കും
സമർപ്പിത സമൂഹങ്ങൾക്കും
ദൈവജനം മുഴുവനുമായി എഴുതുന്നത്

## പഞ്ചവത്സര അജപാലനപദ്ധതിയും മംഗളവാർത്തക്കാലവും

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

നേരത്തെ അറിയിച്ചിരുന്നതനുസരിച്ച് പഞ്ചവത്സര അജപാലനപദ്ധതിയുടെ വിശദാംശങ്ങൾ രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ആവശ്യപ്പെട്ടിരുന്നുപോലെ ഇതു സംബന്ധിച്ച് വിവിധ തലങ്ങളിൽനിന്ന് പല പ്രതികരണങ്ങളും നിർദേശങ്ങളും ലഭിക്കുകയുണ്ടായി. അവയൊക്കെ ശ്രദ്ധാപൂർവ്വം പരിശോധിച്ച് ഉചിതമായവിധം ഉൾപ്പെടുത്തിയായിരിക്കും മാർഗ്ഗരേഖ തയ്യാറാക്കുന്നത്. ഇക്കാര്യത്തിൽ എല്ലാവരും ഉത്സാഹത്തോടെ സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**സഭയുടെ തീർത്ഥാടനം**

പുതിയ ആരാധനാവത്സരത്തിന് ആരംഭം കുറിക്കുന്ന മംഗളവാർത്ത ആദ്യ ഞായറാഴ്ചയോടെ പഞ്ചവത്സര അജപാലനപദ്ധതിക്ക് അതിരൂപതയിലാകമാനം ആരംഭംകുറിക്കേണ്ടതാണ്. ആരാധനാവത്സര കാലഘട്ടങ്ങളിലൂടെയുള്ള പ്രയാണം സഭയുടെ ആത്മീയ തീർത്ഥാടനമാണ്. നമ്മുടെ ഈലോക ജീവിതയാത്രയിൽ ഭൗതിക യാഥാർത്ഥ്യങ്ങളിലും

ആവശ്യങ്ങളിലും നമ്മൾ ശ്രദ്ധചെലുത്തുമ്പോൾ, സഭയുടെ ആത്മീയ തീർത്ഥാടനത്തിൽ പങ്കുചേരുന്ന നമ്മൾ ദൈവിക രഹസ്യങ്ങളിലും നിത്യ സത്യങ്ങളിലും വ്യാപരിച്ച് ആത്മീയയാത്ര നടത്തുന്നു. നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും" എന്നുള്ള ഈശോയുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് നമ്മുടെ ഹൃദയവിചാരങ്ങൾ ദൈവത്തിൽ കേന്ദ്രീകരിച്ച് വിശ്വാസജീവിതയാത്ര നടത്താം.

നമ്മുടെ അതിരൂപതയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന എല്ലായിടങ്ങളിലും-ഇടവകകൾ, കുരിശുപള്ളികൾ, സമർപ്പിതരുടെ ഭവനങ്ങൾ, വിവിധ സ്ഥാപനങ്ങൾ, തുടങ്ങിയവ-പരമാവധി ആളുകൾ പങ്കെടുക്കത്തക്കവിധം ക്രമീകരണങ്ങൾ ചെയ്ത് ഡിസംബർ 2-ാം തീയതി ശനിയാഴ്ച ആഘോഷമായ റംശാപ്രാർത്ഥന നടത്തി പുതിയ ആരാധനാവത്സരത്തിലേക്കും പഞ്ചവത്സര അജപാലനപദ്ധതിയിലേക്കും പ്രവേശിക്കുന്നതിന് അതിരൂപതാ കുടുംബം മുഴുവൻ ഒരുങ്ങണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഡിസംബർ 3-ാം തീയതി ഞായറാഴ്ചയിലെ വിശുദ്ധ കുർബാനയിൽ പഞ്ചവത്സര അജപാലനപദ്ധതി പ്രത്യേകമായി സമർപ്പിച്ച് പ്രാർത്ഥിക്കണമെന്നും, അജപാലനപദ്ധതിയെക്കുറിച്ച് ആളുകളെ ബോധവത്കരിക്കണമെന്നും ബഹുമാനപ്പെട്ട വൈദികരോട് ഞാനഭ്യർത്ഥിക്കുന്നു. ഈ ഇടയലേഖനം വായിച്ച് ദൈവജനത്തിന് വിശദീകരിച്ചുകൊടുക്കണമെന്നും അറിയിക്കുന്നു.

രക്ഷയുടെ സദ്‌വാർത്ത ലോകത്തോട് പ്രഘോഷിച്ചുകൊണ്ടുള്ള തീർത്ഥാടനമാണ് സഭ നടത്തിക്കൊണ്ടിരിക്കുന്നത്. രക്ഷകനായ മിശിഹായുടെ ജനനത്തിൽ മാലാകമാരുടെ അറിയിപ്പിലൂടെയാണ് ലോകം ഈ സദ്‌വാർത്ത ആദ്യമായി ശ്രവിച്ചത്. രക്ഷകനായ ഈശോയെ കണ്ടവരും സ്വീകരിച്ചവരും സുവിശേഷത്തിന്റെ ആനന്ദം ഹൃദയത്തിൽ അനുഭവിച്ചു. ആട്ടിടയന്മാർ, വന്ദ്യവയോധികനായ ശെമയോൻ, അന്ന, യോഹന്നാൻ മാംദാന തുടങ്ങിയവർ ഉദാഹരണങ്ങളാണ്. ഈശോയിൽ വിശ്വാസമർപ്പിച്ച് അനുഗ്രഹം തേടിയ രോഗികൾ, ക്ലേശിതർ, പീഡിതർ, അനാഥർ, പാപികൾ തുടങ്ങിയവരും രക്ഷയുടെ ആനന്ദം അനുഭവിച്ചു. ഈ ആനന്ദം എല്ലാവരിലും സംജാതമാക്കാനുള്ള അതിരൂപതയുടെ ഒത്തുചേർന്നുള്ള പരിശ്രമമാകട്ടെ നമ്മുടെ പഞ്ചവത്സരഅജപാലന പദ്ധതി.

**ആരാധനയും ജീവിതവും**

ലോകാരംഭം മുതൽ ദൈവം നമ്മോടു കാണിച്ച സ്നേഹത്തിന്റെയും കരുണയുടെയും ചരിത്രമാണ് രക്ഷാകരചരിത്രം. ഈശോമിശിഹായിൽ അതിന്റെ പൂർണ്ണത നമ്മൾ അനുഭവിക്കുന്നു. ഈശോയിൽ പൂർത്തീകരിക്കപ്പെട്ട രക്ഷാകരപദ്ധതിയുടെ വിവിധ ഘട്ടങ്ങളെയാണ് ആരാധനാവ

ത്സരത്തിലെ വിവിധ കാലഘട്ടങ്ങൾ സൂചിപ്പിക്കുന്നത്. ഓരോ കാലഘട്ടത്തിലും പ്രത്യേകമായി അനുസ്മരിക്കുന്ന രക്ഷാകരരഹസ്യങ്ങൾ നമ്മുടെ ജീവിതവുമായി ബന്ധപ്പെടുത്തി ജീവിതനവീകരണം ഉളവാകത്തക്കവിധം ആചരിക്കുമ്പോൾ ദൈവരാധനയും ജീവിതവും തമ്മിൽ പൊരുത്തമുണ്ടാകും. അതാണ് ശരിയായ വിശ്വാസജീവിതം. അതിനു സഹായകരമാകണം സഭയുടെ അജപാലന ശുശ്രൂഷ. ഇപ്രകാരമുള്ള അജപാലന ശുശ്രൂഷയുടെ വിവിധ മാനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള അജപാലനപദ്ധതിക്കാണ് നമ്മൾ രൂപം കൊടുക്കുന്നത്.

**മംഗളവാർത്തക്കാലത്ത് പ്രാധാന്യം കൊടുക്കേണ്ട കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.**

1. രക്ഷകന്റെ വരവിനായി ഒരു ജനതയെ ഒരുക്കുന്നതിന് ദൈവം തന്നെ ദീർഘകാലമെടുത്തു. ആ വഴിയൊരുക്കത്തിന്റെ ചരിത്രമാണ് പഴയനിയമം. പ്രതിബന്ധങ്ങളെയും സ്വാഭാവികമായി പരിഹാരം അസാധ്യമായ പ്രതികൂലസാഹചര്യങ്ങളെയും മറികടന്ന് വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകന്റെ പിറവിക്ക് ദൈവം വഴിതുറന്നു. രക്ഷകനുവേണ്ടിയുള്ള ലോകജനതയുടെ കാത്തിരിപ്പിനെ അനുസ്മരിച്ചുകൊണ്ട് പിറവിത്തിരുനാളിന് നാം നടത്തുന്ന ആത്മീയഒരുക്കമാണ് ക്രിസ്മസിനു മുമ്പുള്ള 25 ദിവസത്തെ നോമ്പാചരണം. മനുഷ്യമക്കളോടുള്ള ദൈവത്തിന്റെ അനന്തസ്നേഹം അനാവരണം ചെയ്യുന്ന പഴയനിയമസംഭവങ്ങളും, പ്രവാചകന്മാരിലൂടെയും നേതാക്കന്മാരിലുടെയും ദൈവം തന്റെ ജനത്തെ പഠിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നതും 25 നോമ്പാചരണത്തിലൂടെയുള്ള ഒരുക്കത്തിൽ നമ്മൾ ധ്യാനവിഷയമാക്കുന്നു. ഇസഹാക്കിന്റെ ജനനം, സാംസന്റെ ജനനം, കന്യക ഗർഭംധരിച്ച് പുത്രനെ പ്രസവിക്കുമെന്നുള്ള ഏശയ്യാ പ്രവചനം, യോഹന്നാൻ മാംദാനായുടെ ജനനം തുടങ്ങിയ സംഭവങ്ങളിലെല്ലാം ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലും പരിപാലനവും നമുക്കു കാണാനാകും. വിശ്വാസത്തിൽ വളരാനും ദൈവത്തിൽ ആശ്രയിച്ച് പ്രത്യാശയിൽ മുന്നേറാനും ഈ സംഭവങ്ങൾ നമുക്കു പ്രചോദനമാകും.

മാനവരാശിക്കു മുഴുവൻ സന്തോഷത്തിന്റെയും പ്രത്യാശയുടെയും സമാധാനത്തിന്റെയും സന്ദേശം നൽകുന്ന രക്ഷകന്റെ ജനനം, മംഗളവാർത്തക്കാലത്തെ മുഖ്യരക്ഷാകരസംഭവമാണ്. ദൈവപുത്രന്റെ മനുഷ്യാവതാരം ചരിത്രത്തിലെതന്നെ മുഖ്യസംഭവമാണ്. പരസ്യജീവിതാരംഭം വരെയുള്ള 30 വർഷത്തെ ജീവിതം തന്റെ ദൗത്യനിർവഹണത്തിനായുള്ള ഈശോയുടെ ഒരുക്കത്തിന്റെ കാലഘട്ടമായിരുന്നു. പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്ന ഈശോ, ജീവിതദൗത്യനിർവ്വഹണത്തിന് നാമെങ്ങനെ ഒരുങ്ങണമെന്നതിന് ഉത്തമ മാതൃകയും വഴികാട്ടിയുമാണ്.

2. മംഗളവാർത്ത ശ്രവിച്ച് ദൈവഹിതത്തിനു സ്വയം സമർപ്പിക്കുകയും രക്ഷകനെ ഗർഭം ധരിക്കുകയും ചെയ്ത മറിയം ഗർഭിണിയായ ഏലിശ്വായെ സന്ദർശിച്ച് അവരെ പരിചരിച്ചതും അതോടു ബന്ധപ്പെട്ടു നടന്ന സംഭവങ്ങളും ഗർഭിണികൾക്കും ഗർഭസ്ഥശിശുക്കൾക്കും നൽകേണ്ട അജപാലനശുശ്രൂഷയിലേക്ക് വെളിച്ചം വീശുന്നു. അതനുസരിച്ച് രൂപംകൊണ്ടതാണ് ഗർഭിണികൾക്കുവേണ്ടിയുള്ള ഏലീശ്വാ സന്ദർശനം എന്ന പ്രസ്ഥാനം.

3. ശിശുവായ ഈശോയുടെ ജീവിതാനുഭവങ്ങളും, ആ ശിശുവിനെ ശത്രുകരങ്ങളിൽനിന്ന് രക്ഷിക്കുവാൻ യൗസേപ്പും മറിയവും ദൈവഹിതമനുസരിച്ച് നടത്തിയ പരിശ്രമങ്ങളും സഹിച്ച ക്ലേശങ്ങളും നമ്മെ പഠിപ്പിക്കുന്ന ഒരു സത്യമുണ്ട്: എന്തു വിലകൊടുത്തും മനുഷ്യജീവൻ സംരക്ഷിക്കാൻ ആവുന്നതെല്ലാം ചെയ്യുന്നതിന് നമുക്കു കടമയുണ്ട് എന്ന്. ബാലനായിരിക്കെ വിസ്മയനീയമായ ജ്ഞാനം പ്രകടിപ്പിക്കുകയും തന്റെ ദൈവവിളിയെക്കുറിച്ച് ഉറച്ചബോധ്യത്തോടെ സംസാരിക്കുകയും ചെയ്ത ഈശോയുടെ ബാല്യകാലം നമ്മെ പഠിപ്പിക്കുന്നത്, നമ്മുടെ മക്കൾക്ക് ബാല്യകാലത്തു ലഭിക്കേണ്ട പരിശീലനത്തിന്റെയും ശിക്ഷണത്തിന്റെയും ജീവിതദർശനത്തിന്റെയും പ്രാധാന്യമാണ്. സ്വന്തം വിളി തിരിച്ചറിയാനും ദൗത്യബോധത്തോടെ ജീവിക്കാനും കുട്ടികളെ നാം തയ്യാറാക്കേണ്ടതുണ്ട്.

4. ദൈവപിതാവേല്പിച്ച ദൗത്യം ആത്മവിശ്വാസത്തോടെ ഏറ്റെടുക്കാൻ ആത്മാവിൽ കരുത്താർജ്ജിച്ച യുവാവായ ഈശോ നമ്മുടെ യുവജനങ്ങൾക്ക് ആദർശവും ആവേശവും വഴികാട്ടിയുമാകണം. യുവജനപ്രേഷിതത്വത്തിന്റെ പ്രാധാന്യം നമ്മുടെ അജപാലനശുശ്രൂഷയിൽ അവഗണിക്കപ്പെടാൻ പാടില്ല. പീഡനങ്ങൾക്കും ദുരുപയോഗങ്ങൾക്കും ദുർമാതൃകകൾക്കും നമ്മുടെ കുഞ്ഞുമക്കൾ ഇരയാക്കപ്പെടരുത്. അതിനുള്ള ജാഗ്രത നമുക്കെല്ലാവർക്കും പ്രത്യേകിച്ച് മാതാപിതാക്കൾക്കുണ്ടായിരിക്കണം. സഭയിലും സമൂഹത്തിലും ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ നമ്മുടെ യുവജനങ്ങളെ സജ്ജരാക്കുന്നതിന് സഭയാകുന്ന അമ്മ ശ്രദ്ധിക്കണം.

5. കുടുംബത്തിന്റെയും വിവാഹജീവിതത്തിന്റെയും പരിശുദ്ധിയും മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും വിലയും മഹത്ത്വവും എല്ലാവരാലും എല്ലായിടത്തും ആദരിക്കപ്പെടുകയും അഭംഗുരം സംരക്ഷിക്കപ്പെടുകയും വേണം. സ്വന്തം ജീവിതവിളിയോട് വിശ്വസ്തത പുലർത്തുന്നതിന് ഏതു ക്ലേശവും സഹിക്കാൻ നാം തയ്യാറാകണം. തിരുക്കുടുംബത്തെപ്പോലെ ദൈവത്തിൽ ആശ്രയിക്കുന്നവർ പ്രതിബന്ധങ്ങളെ അതിജീവിച്ച് വിജയം വരിക്കും. നല്ല കുടുംബങ്ങളുടെ രൂപീകരണം സർവ്വപ്രധാനമായി കരുതി കുടുംബപ്രേഷിതത്വത്തിൽ നാം ശ്രദ്ധിക്കണം.

6. ചുരുക്കത്തിൽ സൃഷ്ടിമുതൽ നമ്മുടെ കർത്താവിന്റെ മാമ്മോദീസാവരെയുള്ള രക്ഷാകരചരിത്രത്തെ അനുസ്മരിച്ചാചരിക്കുന്ന മംഗളവാർത്ത

ക്കാലം ദൈവത്തിന്റെ പരിപാലനയിലുള്ള വിശ്വാസത്തിലും പ്രത്യാശ യിലും നമ്മെ വളർത്തുന്നു; ദൈവത്തിൽ ആശ്രയിച്ച് പ്രതിസന്ധികളെ തരണം ചെയ്യാൻ ശക്തിപകരുന്നു; നമ്മുടെ ദൈവവിളി തിരിച്ചറിയാനും ശരിയായി അതിനൊരുങ്ങാനും ഉൾക്കാഴ്ച നൽകുന്നു; പാപത്തെയും അതിന്റ പരിണിതഫലങ്ങളെയും അവയിൽനിന്നുള്ള മോചനത്തെയും7. കുറിച്ച് നമ്മെ ഓർമ്മപ്പെടുത്തുന്നു.

7. **മരിയവണക്കം**

രക്ഷകന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന് രക്ഷാകരപദ്ധ തിയിലുള്ള അനന്യസ്ഥാനം എന്തെന്ന് മംഗളവാർത്തക്കാലം വ്യക്തമാ ക്കുന്നു. അതിനാൽ മരിയഭക്തിക്ക് ഏറ്റവും ഉചിതമായ ആരാധനാവ ത്സര കാലഘട്ടം മംഗളവാർത്തക്കാലംതന്നെ. അതനുസരിച്ച് മരിയവണ ക്കാചരണം ക്രമീകരിക്കാൻ ശ്രദ്ധിക്കണ്ടുമല്ലോ.

8. **മംഗളവാർത്തക്കാലത്ത് പ്രത്യേകം ശ്രദ്ധിക്കേണ്ട ആചരണങ്ങൾ**

1. ഡിസംബർ ഒന്നിനാരംഭിക്കുന്ന 25 നോമ്പ് സുകൃതാനുഷ്ഠാനങ്ങ ളോടും ത്യാഗാരൂപിയോടും കൂടി ആചരിക്കുക. ക്രിസ്മസ് ആഘോ ഷത്തിൽ മിതത്വം പാലിക്കുകയും ലഹരിവസ്തുക്കൾ വർജ്ജിക്കുകയും ചെയ്യുക. രക്ഷകനായ ഈശോയുടെ സമ്മാനമായ സന്തോഷവും സമാ ധാനവും പ്രത്യാശയും എല്ലായിടത്തും എല്ലാവരും അനുഭവിക്കാൻ ഇടയാക്കുക.
2. മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ (ഡിസംബർ 8)
3. മൈലാപ്പൂരിലെ അത്ഭുതസ്ലീവായുടെ തിരുനാൾ (ഡിസംബർ 18)
4. നമ്മുടെ കർത്താവിന്റെ പിറവി (ഡിസംബർ 25)
5. തിരുബാലസഖ്യദിനാചരണം (ഡിസംബർ 28)
6. പൂജരാജാക്കന്മാരുടെ സന്ദർശനവും കാഴ്ചസമർപ്പണവും (ഡിസംബർ 31)
7. തിരുക്കുടുംബത്തിന്റെ തിരുനാൾ (ഡിസംബർ 31)
8. നമ്മുടെ കർത്താവിന്റെ നാമകരണത്തിരുനാൾ (ജനുവരി 1)
9. ഉണ്ണീശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്നത് (ജനുവരി 2)
10. വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറയുടെ തിരുനാൾ (ജനുവരി 3)
11. മറിയത്തിന്റെ മാതൃത്വം (ജനുവരി 5)

9. ഈ തിരുനാളുകളൊക്കെ ലളിതമായും അർത്ഥവത്തായും നമ്മുടെ വിശ്വാസജീവിതപരിപോഷണത്തിനു സഹായകരമായ വിധത്തിലും ആഘോഷിക്കാവുന്നതാണ്. ഉദാഹരണത്തിന്, അത്ഭുതസ്ലീവായുടെ തിരു

നാളിൽ ദൈവാലയത്തിലും കുടുംബങ്ങളിലും സ്ലീവാ അലങ്കരിച്ച് പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കുകയും തിരുബാലസഖ്യദിനത്തിൽ ശിശുക്കളെയും അവരുടെ മാതാപിതാക്കളെയും ദൈവാലയത്തിൽ ഒരുമിച്ചുകൂട്ടി പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്ക് ശിശുപാലനത്തെക്കുറിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക; പൂജരാജാക്കന്മാരുടെ കാഴ്ചസമർപ്പണത്തെ അനുസ്മരിച്ച് ഉണ്ണീശോയുടെ നാമത്തിൽ കുഞ്ഞുങ്ങൾക്ക്, പ്രത്യേകിച്ച് സാധുക്കൾക്ക് സമ്മാനങ്ങൾ നൽകുക.

തിരുക്കുടുംബത്തിന്റെ തിരുനാളിൽ കുടുംബങ്ങളെ പ്രത്യേകിച്ച് യുവകുടുംബങ്ങളെ തിരുക്കുടുംബത്തിന്റെ സംരക്ഷണത്തിനു സമർപ്പിച്ച് പ്രാർത്ഥിക്കുക; ഓരോ ഇടവകയിലെയും നവദമ്പതികളെ പ്രത്യേകം അനുസ്മരിച്ച് സ്വാഗതമേകുക. കർത്താവിന്റെ നാമകരണത്തിരുനാളിൽ മാമ്മോദീസാപ്പേരിന്റെ പ്രാധാന്യത്തെക്കുറിച്ചും, അതുസംബന്ധിച്ച് നമ്മുടെ സഭയുടെ പാരമ്പര്യത്തെക്കുറിച്ചും ആളുകളെ പഠിപ്പിക്കുകയും, ഓരോരുത്തരും സ്വന്തം പേരിന്റെ അർത്ഥവും പ്രസക്തിയും മനസ്സിലാക്കി അതിനു ചേർന്നവിധം ജീവിക്കുകയും സ്വന്തം സ്വർഗ്ഗീയ മദ്ധ്യസ്ഥ(യുടെ)ന്റെ ജീവിതമാതൃക അനുകരിക്കാൻ ശ്രമിക്കുകയും ചെയ്യുക; ഉണ്ണീശോയുടെ സമർപ്പണത്തിരുനാളിൽ എല്ലാ ശിശുക്കളെയും ദൈവാലയത്തിൽകൊണ്ടുവന്ന് അവരെ സമർപ്പിച്ച് പ്രാർത്ഥിക്കുക; മറിയത്തിന്റെ മാതൃത്വത്തിരുനാളിൽ എല്ലാ അമ്മമാർക്കും വേണ്ടി പ്രാർത്ഥിക്കുക. മാതൃത്വം എന്ന ദൈവദാനത്തിന്റെ മഹത്ത്വവും പരിശുദ്ധിയും മനസ്സിലാക്കി മാതൃത്വത്തെ ആദരിക്കുകയും ചെയ്യുക.

### 10. ജീവകാരുണ്യപ്രവർത്തനങ്ങൾ

ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഏറെ പ്രചോദനം നൽകുന്നതാണ് മംഗളവാർത്തക്കാലം. പിതാവായ ദൈവം തന്റെ പുത്രനെ നമുക്കു രക്ഷകനായി നൽകിയതും, പുത്രൻ നമുക്കുവേണ്ടി സ്വയം ശൂന്യനായതും സ്നേഹത്തിന്റെ പരമപ്രകാശനമാണ്. സ്നേഹത്തിന്റെ പങ്കുവയ്ക്കലാകണം എല്ലാ ജീവകാരുണ്യപ്രവർത്തനങ്ങളും. നമ്മുടെ അതിരൂപതയെ കുടിൽരഹിതമാക്കാൻവേണ്ടി 2013 ൽ ആരംഭിച്ച 'കളർ എ ഹോം' എന്ന ഭവനനിർമ്മാണ സഹായപദ്ധതിക്ക് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന നല്ല സഹകരണത്തിന് ഞാൻ നന്ദിപറയുന്നു. ക്രിസ്മസിനോടനുബന്ധിച്ച് അതിരൂപതയിൽ നടത്തിവന്നിരുന്ന കവർപിരിവ് ഇപ്പോൾ 'കളർ എ ഹോം' പദ്ധതിക്കായാണ് വിനിയോഗിക്കുന്നത്. ഇക്കഴിഞ്ഞ വർഷം 1 കോടി 66 ലക്ഷം രൂപ സമാഹരിക്കുകയുണ്ടായി. ഇപ്രകാരം ഓരോ ഇടവകയിൽനിന്നും ലഭിക്കുന്ന തുകയുടെ 85 ശതമാനത്തിലധികവും അതാതിടവകയ്ക്കുതന്നെ ഭവനനിർമ്മാണ സഹായവിഹിതമായി നൽകുകയാണ്. അങ്ങനെ നൂറുകണക്കിന് ഭവനരഹിതരെ പൂർണ്ണമായോ ഭാഗികമായോ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കൂടാതെ ഇപ്രകാരം സമാഹരിക്കുന്ന തുകയുടെ 10% വിദ്യാഭ്യാസ സഹായപദ്ധതിയായ 'കളർ എ ഡ്രീം' എന്ന പദ്ധതിക്കായാണ് വിനിയോഗിക്കുന്നത്. അതുവഴി 1930 കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിന് സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനാൽ ഒരു വീട് ലഭിക്കാതെ പിറന്നുവീണ ഈശോയെപ്പോലെയുള്ള ഭവനരഹിതർക്ക് വീട് നൽകുന്നതിനുള്ള 'കളർ എ ഹോം' പദ്ധതിക്കുവേണ്ടി നടത്തുന്ന ക്രിസ്മസ് ഫണ്ട് സമാഹരണത്തിൽ എല്ലാവരുടെയും ഉദാരമായ സഹകരണം അഭ്യർത്ഥിക്കുന്നു.

പിറവിത്തിരുനാളിന്റെയും നവവത്സരത്തിന്റെയും ആശംസകൾ നേർന്നുകൊണ്ട്.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

N.B : *ഈ ഇടയലേഖനം ഡിസംബർ 3-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

## പഞ്ചവത്സര അജപാലനപദ്ധതിക്ക് ആത്മീയ ഒരുക്കം

പഞ്ചവത്സര അജപാലനപദ്ധതിക്ക് ആത്മീയമായി അതിരൂപത മുഴുവൻ ഒരുങ്ങുന്നതിന് സഹായകമായി ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ എല്ലാ ഇടവകകളിലും മൂന്നുദിവസത്തെ ആത്മീയനവീകരണധ്യാനവും പ്രാർത്ഥനയും സംഘടിപ്പിക്കണമെന്ന് എല്ലാ ഇടവക വികാരിയച്ചന്മാരോടും അഭ്യർത്ഥിക്കുന്നു. വിശ്വാസവർഷാചരണത്തിൽ നടത്തിയ വിശ്വാസാനുഭവ ധ്യാനത്തിന്റെ മാതൃകയിൽ നമ്മുടെ വൈദികരുടെ നേതൃത്വത്തിൽ ഈ ഒരുക്കം നടത്താൻ എല്ലാവരും സഹകരിക്കേണ്ടതാണ്. അതിനുള്ള ടീമംഗങ്ങളെ അതിരൂപതാതലത്തിൽ സജ്ജീകരിക്കുന്നതാണ്.

# പ്രാർത്ഥനയുടെ നിയമം, വിശ്വാസത്തിന്റെ നിയമം മാദ്ധ്യസ്ഥ്യപ്രാർത്ഥനകളും ആരാധനാജീവിതവും


പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

'പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമം' എന്നത് ആദ്ധ്യാത്മിക ജീവിതത്തിലെ സുപ്രധാനമായ ഒരു പ്രമാണമാണ്. വിശ്വാസമെങ്ങനെയോ അങ്ങനെയായിരിക്കും പ്രാർത്ഥനയും എന്നാണതിന്റെ അർത്ഥം. വിശ്വാസത്തിന്റെ ആഘോഷമാണ് ലിറ്റർജി, അഥവാ ദൈവാരാധന. നമ്മുടെ വിശ്വാസം ഏറ്റവും വിശ്വസ്ഥതയോടെയും തെറ്റുകൂടാതെയും പ്രകാശിതമാകുന്നത് പ്രാർത്ഥനയിലാണ്. അഥവാ, ഒരാളുടെ പ്രാർത്ഥനയിൽനിന്ന് അയാളുടെ വിശ്വാസം എന്താണെന്ന് അറിയാൻ കഴിയും. സഭാമക്കളെ സംബന്ധിച്ചിടത്തോളം തങ്ങൾ അംഗങ്ങളായിരിക്കുന്ന സഭയുടെ വിശ്വാസം തന്നെയാണ് അവരും പുലർത്തേണ്ടത്. എന്നാൽ അറിവില്ലായ്മകൊണ്ടോ ഇതര സ്വാധീനങ്ങൾമൂലമോ ഒരുവൻ മാതൃസഭയുടെ വിശ്വാസപാതയിൽ നിന്ന് വ്യതിചലിക്കാനോ സഭയുടെ വിശ്വാസത്തിന് ചേരാത്ത പ്രാർത്ഥനാരീതികൾ അവലംബിക്കാനോ സാധ്യത ഉണ്ട്. അതുവഴി വിശ്വാസത്തിന്റെ കാതൽ വിസ്മരിക്കപ്പെടുകയും ആഴമില്ലാത്ത പ്രാർത്ഥനാരീതികളിലൂടെ ആദ്ധ്യാത്മിക ജീവിതത്തിന് തകർച്ച സംഭവിക്കുകയും ചെയ്യാനിടയുണ്ട്. തന്മൂലം നമ്മുടെ പ്രാർത്ഥനാജീവിതത്തിൽ ചിട്ടയും ക്രമവും അച്ചടക്കവും പാലിക്കേണ്ടതാവശ്യമാണ്. ഇക്കാര്യത്തിൽ സഭ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നമുക്കു നൽകുന്നുണ്ട്.

ഓരോ സഭയ്ക്കും അതിന്റെ വിശ്വാസപാരമ്പര്യങ്ങൾക്കനുസരിച്ചുള്ള ആരാധനക്രമവും ഭക്താനുഷ്ഠാനങ്ങളുമുണ്ട്. അതനുസരിച്ചുള്ള പ്രാർത്ഥനാരീതിയിൽ സഭാംഗങ്ങൾ പരിശീലിപ്പിക്കപ്പെടണം. സീറോമലബാർസഭയുടെ വിശ്വാസജീവിത പാരമ്പര്യങ്ങൾക്കും ആരാധനക്രമചൈതന്യത്തിനും ചേരാത്ത ചില ഭക്തിമുറകളും പ്രാർത്ഥനാരീതികളും ഇതരസ്വാധീനങ്ങൾമൂലം സഭയിൽ കടന്നുവരാനിടയായിട്ടുണ്ട്. നൊവേനകൾ

പോലെയുള്ള മാദ്ധ്യസ്ഥ്യപ്രാർത്ഥനകളുടെ കാര്യത്തിലും വിശുദ്ധരോടുള്ള വണക്കത്തിന്റെ കാര്യത്തിലും ഇത് വളരെ പ്രകടമാണ്. സ്വകാര്യമായി തയ്യാറാക്കി ഉപയോഗിച്ചുപോന്നിരുന്ന പല മാദ്ധ്യസ്ഥ്യപ്രാർത്ഥനകളിലും ദൈവശാസ്ത്രപരമായ ചില തെറ്റുകൾതന്നെ ഉള്ളതായി പരിശോധനയിൽ കാണാനിടയായിട്ടുണ്ട്. അടുത്തകാലത്തുണ്ടായിട്ടുള്ള പല പ്രാർത്ഥനാശൈലികളും പ്രാർത്ഥനകളുടെ ഉള്ളടക്കവും കത്തോലിക്കാവിശ്വാസത്തിൽ നിന്നുതന്നെ പല സഭാമക്കളെയും ചില സമൂഹങ്ങളെയും വ്യതിചലിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടാണ് നമ്മുടെ അതിരൂപതയിൽ ആവശ്യാനുസരണം ഉപയോഗിക്കുന്നതിന് ഏതാനും മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾ തയ്യാറാക്കിയിരിക്കുന്നത്. ഈ മംഗളവാർത്തക്കാലത്തോടെ ഈ മാദ്ധ്യസ്ഥ്യപ്രാർത്ഥനകളായിരിക്കണം ഇത്തരത്തിലുള്ള പ്രാർത്ഥനകൾ നിലവിലിരിക്കുന്ന സ്ഥലങ്ങളിൽ ഉപയോഗിക്കേണ്ടത്. പ്രത്യേക സാഹചര്യങ്ങളാൽ എവിടെയെങ്കിലും മറ്റൊരു ടെക്സ്റ്റ് ഉപയോഗിക്കേണ്ടത് അനിവാര്യമാണെങ്കിൽ പ്രസ്തുത ടെക്സ്റ്റ് അതിരൂപതാ ലിറ്റർജി കമ്മീഷനെ കാണിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. മിശിഹാകേന്ദ്രീകൃതവും വിശുദ്ധകുർബാനയിലും കൂദാശകളിലും അധിഷ്ഠിതവുമായ ആരാധനാജീവിതത്തിൽനിന്നും ആദ്ധ്യാത്മികതയിൽനിന്നും ഒരുവിധത്തിലും വ്യതിചലിപ്പിക്കാൻ മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾപോലെയുള്ള ഭക്തിമുറകൾ ഇടയാക്കരുതെന്നും ഓർമ്മിപ്പിക്കുന്നു.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

N.B : *ഈ സർക്കുലർ ഡിസംബർ 10-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*

Prot. No. 1937/2017

# സീറോ മലബാർ മിഷൻ വാരാചരണം
# (2018 ജനുവരി 6–12)
## സർക്കുലർ

**സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്**
**കർദിനാൾ ജോർജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

നമ്മുടെ കർത്താവീശോമിശിഹായുടെ ദനഹാതിരുന്നാളായ ജനുവരി 06 മുതൽ 12 വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ. 'നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോ 16:15) എന്ന ഈശോയുടെ വചസ്സുകൾ ശിരസ്സാവഹിച്ചുകൊണ്ട് കർത്താവിന്റെ മുന്തിരിത്തോപ്പിൽ വേലചെയ്യാനായി ഇറങ്ങിത്തിരിച്ചിരിക്കുന്ന നമ്മുടെ സഹോദരങ്ങളെ ഓർക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള ഒരവസരമായിട്ടാണ് പ്രേഷിതവാരത്തെ സഭ വീക്ഷിക്കുന്നത്.

'സഭ സ്വഭാവത്താലെ പ്രേഷിതയാണ്' (AG 2) എന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പഠനത്തോട് ചേർന്നുപോകുന്ന രീതിയിൽ സീറോ മലബാർ സഭ ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിശിഷ്യ, ഭാരതത്തിന്റെ വിവിധ കോണുകളിൽ സുവിശേഷചൈതന്യം നിറയ്ക്കുവാനായി ബദ്ധശ്രദ്ധയാണ്. എന്തെന്നാൽ നമ്മുടെ സഭയുടെ പ്രധാന ദൈവവിളിതന്നെ പ്രേഷിതപ്രവർത്തനമാണെന്ന യാഥാർത്ഥ്യം നമ്മൾ തിരിച്ചറിഞ്ഞിരിക്കുന്നു. നമ്മിലുള്ള പ്രേഷിതതീക്ഷ്ണതയുടെ കനലുകൾ ഇനിയും നമ്മൾ ഊതികത്തിക്കേണ്ടിയിരിക്കുന്നു. അതിന് പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ നമ്മിലും സഭയിലും കൂടുതലായി വർഷിക്കപ്പെടുവാൻ തുടർന്നും പ്രാർത്ഥിക്കണം.

യുവജനമാണ് പ്രേഷിതത്വത്തിന്റെ പ്രത്യാശ. അവരുടെ ഭാവനാശക്തിയും സർഗ്ഗാത്മകതയും പ്രേഷിതപ്രവർത്തനത്തിനായി പ്രയോജനപ്പെടുത്തുവാൻ സഭ ആഗ്രഹിക്കുന്നു. യുവാവായ ഈശോ എന്ന വ്യക്തിയും അവിടുന്ന് പ്രഘോഷിച്ച സദ്വാർത്തയും അനേകം യുവജനങ്ങളെ ഇന്നും ആകർഷിച്ചുകൊണ്ടിരിക്കുന്നു. 2018-ൽ റോമിൽവച്ചു നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ ചർച്ചാവിഷയവും യുവജനങ്ങൾ തന്നെയാണ് എന്നത് യുവജനങ്ങളിൽ സഭ എത്രമാത്രം പ്രത്യാശയും പ്രതീക്ഷയും അർപ്പിക്കുന്നു എന്നതിനുള്ള തെളിവാണ്. 'യുവജ

നം: വിശ്വാസവും വിളിയെക്കുറിച്ചുള്ള തിരിച്ചറിയലും' എന്ന പ്രമേയത്തെ ആധാരമാക്കിയുള്ള സിനഡിന്റെ വിജയത്തിനും ഫലദായകത്വത്തിനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

എറണാകുളം അതിരൂപതയിൽ പുല്ലുവഴി എന്നഗ്രാമത്തിൽ ജനിച്ച സി. റാണി മരിയ പ്രേഷിതപ്രവർത്തനത്തിന്റെ ഉദാത്തമാതൃകയാണ്. 1992 ഫെബ്രുവരി 25-ന് സാമന്തർസിംഗ് എന്ന വാടകകൊലയാളിയാൽ ഇൻഡോറിലെ ഉദയനഗറിൽ രക്തസാക്ഷിത്വം വരിച്ച സിസ്റ്ററിന്റെ വീരോചിതമായ ഉപവിപ്രവർത്തനങ്ങൾ പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുവാനും അനേകരെ മിശിഹായിലേക്ക് ആനയിക്കുവാനും ഇടയാക്കി. ഈശോയോടുള്ള വ്യക്തിപരമായ സ്നേഹമായിരുന്നു അവളുടെ പ്രേഷിതപ്രവർത്തനത്തനങ്ങളുടെ അന്തസത്തയായി പ്രവർത്തിച്ചത്. സിസ്റ്ററിന്റെ പ്രേഷിതതീക്ഷ്ണതയും ആത്മത്യാഗവും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രേഷിതവേലചെയ്യുന്ന സമർപ്പിതർക്ക് ശക്തിയും കരുത്തും പകരട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി വർഷത്തിലാണല്ലോ നമ്മൾ. ഈ അവസരത്തിൽ നമ്മുടെ സഭയ്ക്ക് ഇന്ത്യ മുഴുവൻ അജപാലനവും സുവിശേഷപ്രഘോഷണവും നടത്തുവാനുള്ള അധികാരം പരിശുദ്ധപിതാവ് നൽകിയിരിക്കുന്നുവെന്നത് ഇരട്ടി സന്തോഷത്തിന് കാരണമാണ്. പുതുതായി ലഭിച്ചിരിക്കുന്ന അജപാലന-സുവിശേഷപ്രഘോഷണാധികാരം ഭാരതം മുഴുവനും സുവിശേഷം പ്രഘോഷിക്കുവാനുള്ള നമ്മുടെ ഉത്തരവാദിത്വത്തെ കൂടുതൽ വർദ്ധിപ്പിച്ചിരിക്കുന്നു. ആയതിനാൽ സഭയുടെ വളർച്ചയ്ക്കും ഉന്നമനത്തിനുംവേണ്ടി 'ഒന്നായി മുമ്പോട്ട്' നീങ്ങുവാൻ നാമെല്ലാവരും കടപ്പെട്ടിരിക്കുന്നു. സഭാമക്കൾ കൂടുതൽ പ്രേഷിതതീക്ഷ്ണയോടെ പ്രവർത്തിക്കുവാനും കൂടുതൽ ദൈവവിളികൾ ഉണ്ടാകുവാനും മിഷൻചൈതന്യത്തിൽ ജീവിക്കുവാനും നമുക്ക് പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
**സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്**

*കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017-ാം മാണ്ട് നവംബർ മാസം 3-ാം തീയതി നൽകപ്പെട്ടത്.*

---

NB: 1. 2017 ഡിസംബർ 31-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. ഓരോ ഇടവകയിലും, സ്ഥാപനങ്ങളിലും മിഷൻവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

3. സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽ 2018 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

Ref: 3047/K-5/KCBC/OL/DS 19.10. 2017

**2017 ഡിസംബർ 31 ബൈബിൾ ഞായർ**

**കെസിബിസി ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കേരളകത്തോലിക്കാസഭ ദൈവവചനപാരായണത്തിനായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന മാസമാണ് ഡിസംബർ. മാംസംധരിച്ച വചനമായ ഈശോയുടെ തിരുപ്പിറവി ആചരിക്കുന്ന ഡിസംബർ മാസം വചനപാരായണമാസമായി ആചരിക്കുന്നത് തികച്ചും ഉചിതംതന്നെ. ഈശോയെ നമ്മുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും കുടുംബത്തിലേക്കും സ്വീകരിക്കാൻ ആത്മീയമായി ഒരുങ്ങുന്നതിന് അതു സഹായിക്കുന്നു.

മനുഷ്യനോടു സംവദിക്കുന്ന ദൈവം പൂർണമായി സ്വയം വെളിപ്പെടുത്തുന്നതാണല്ലോ ഈശോയുടെ മനുഷ്യാവതാരം (ഹെബ്രാ 1,2). മനുഷ്യകുലത്തിന്റെ മുഴുവൻ രക്ഷകനായാണ് ഈശോ ജനിക്കുന്നത് (ലൂക്കാ 2,10-11). മനുഷ്യനെ ദൈവവുമായി അനുരഞ്ജനപ്പെടുത്തുന്ന അവിടന്ന് ഏവരെയും ഒരേയൊരു കൂട്ടായ്മയിൽ ഒന്നിപ്പിക്കുന്നു (യോഹ 17,20-23). നമ്മുടെയിടയിൽ കൂടാരമടിച്ച ഈശോയാകുന്ന വചനം (യോഹ 1,14) മനുഷ്യകുലത്തിന്റെ മുഴുവൻ ഐക്യത്തിനും നിദാനമാകുന്നതുപോലെതന്നെ, 'എഴുതപ്പെട്ട വചനവും' നമ്മെ നയിക്കുന്നത് സമഗ്രമായ ഐക്യത്തിലേക്കാണ്. വിവിധ വിഘടനവാദങ്ങൾ നമ്മുടെ സമൂഹത്തിൽ പെരുകുകയും മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലുമുള്ള പാരസ്പര്യങ്ങൾ താളംതെറ്റുകയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ 'ഐക്യത്തിലേക്കും സ്വാരസ്യത്തിലേക്കും (harmony) നയിക്കുന്ന ദൈവവചനം' നമുക്ക് വിചിന്തനവിഷയമാക്കാം.

**ദൈവവചനവും സൃഷ്ടിയിലെ സ്വാരസ്യവും**

ദൈവവചനമാണല്ലോ സൃഷ്ടിയുടെ നിദാനം. 'ഉണ്ടാകട്ടെ'യെന്ന് ദൈവം അരുൾചെയ്യുമ്പോൾ സർവസൃഷ്ടിജാലങ്ങളും മനുഷ്യനും ഉണ്മയിലേക്കു പ്രവേശിക്കുന്നത് ഉത്പത്തിഗ്രന്ഥത്തിന്റെ ആരംഭത്തിൽത്തന്നെ നാം വായിക്കുന്നുണ്ട് (ഉത്പ 1,3). ഓരോ സൃഷ്ടി കഴിയുമ്പോൾ 'നന്നായിരിക്കുന്നു' എന്നും സൃഷ്ടിയുടെയെല്ലാം അവസാനം 'വളരെ നന്നായിരിക്കുന്നു' (ഉത്പ 1,31) എന്നും ദൈവം പറയുന്നു. ദൈവത്തിന്റെ ഈ പ്രഖ്യാപനം, അവിടന്ന് രൂപംകൊടുത്ത പ്രപഞ്ചത്തിൽ ദൃശ്യമാകുന്ന നന്മയുടെയും പൂർണതയുടെയും സൂചനകൂടിയാണ്. ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ഐക്യവും പരസ്പരബന്ധവും തന്നെയാണല്ലോ ബൈബിളിന്റെ ആദ്യ താളുകളിലെ പ്രധാന പ്രമേയം.

ദൈവവുമായുള്ള സാമീപ്യമായിരുന്നു ഈ ഐക്യത്തിന്റെ കാതൽ. മനുഷ്യനുവേണ്ടി സൃഷ്ടിച്ച തോട്ടത്തിൽ ഉലാത്തുന്ന ദൈവത്തിന്റെ ചിത്രം, ആദിയിലുണ്ടായിരുന്ന ഐക്യത്തിന്റെ നേർക്കാഴ്ചയാണ്. എന്നാൽ, മനുഷ്യൻ പാപംചെയ്ത് ഈ ദൈവസാന്നിധ്യത്തിൽനിന്ന് ഓടിയകന്ന്, മരങ്ങൾക്കിടയിലൊളിക്കുന്നത് ഉത്പത്തിഗ്രന്ഥകാരൻ വിവരിക്കുന്നു (ഉത്പ 3,8). ഇവിടെ ദൈവ-മനുഷ്യബന്ധം മുറിയുക മാത്രമല്ല, പ്രപഞ്ചം മുഴുവനിലുമുള്ള പാരസ്പര്യം നഷ്ടപ്പെടുകയുമാണു ചെയ്യുന്നത്. ഈ താളം നഷ്ടപ്പെടുന്നതിന്റെ വിവരണമാണ് കായേന്റെ കഥ. 'സഹോദരന്റെ കാവല്ക്കാരനാണോ ഞാൻ?' എന്ന കായേന്റെ ചോദ്യം സമൂഹത്തിലെ ബന്ധങ്ങൾ തകരുന്നതിന്റെ മുഴക്കംതന്നെയാണല്ലോ. 'മണ്ണു നിനക്ക് ഫലംതരുകയില്ല' (ഉത്പ 4,12) എന്നു കർത്താവ് കായേനോടു പറയുമ്പോൾ, 'എല്ലാം നന്നായിരിക്കുന്നു'വെന്ന് അവിടന്ന് ആദ്യം വിശേഷിപ്പിച്ച നല്ല നാളുകൾ അപ്രത്യക്ഷമായി എന്നു നാം വേദനയോടെ തിരിച്ചറിയുന്നു. ആദിമാതാപിതാക്കന്മാർ ദൈവവചനത്തിനു ചെവികൊടുക്കാതിരുന്നപ്പോൾ സൃഷ്ടിയിലുണ്ടായിരുന്ന സന്തോഷവും സമാധാനവും സന്തുലിതത്വവും അപ്രത്യക്ഷമാകുന്നു.

പക്ഷേ, തന്റെ വചനം തിരസ്കരിച്ച മനുഷ്യനെ ദൈവം കൈവെടിയുന്നില്ല. നഷ്ടപ്പെട്ട ബന്ധങ്ങളും ഐക്യവും വീണ്ടെടുക്കാനായി, അവിടന്ന് മനുഷ്യരോദനങ്ങളുടെ ഇടയിലേക്ക് രക്ഷയുടെ വചനങ്ങളുമായി കടന്നു വരുന്നു: "ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു . . . രോദനം ഞാൻ കേട്ടു" (പുറ 3,7). "ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ ബഹുമാനാർഥം പൂജാമഹോത്സവം ആഘോഷിക്കാൻ ജനത്തെ വിട്ടയയ്ക്കാൻ" (പുറ 5,1) കർത്താവു പറഞ്ഞതനുസരിച്ച് മോശയും അഹറോനും ഫറവോയോട് ആവശ്യപ്പെടുമ്പോൾ, ദൈവ-മനുഷ്യബന്ധത്തിന്റെ വീണ്ടെടുപ്പിലേക്കും സന്തോഷത്തിന്റെ നാട്ടിലേക്കും ദൈവം തന്റെ ജനത്തെ ആനയിക്കുന്നുവെന്നു നാം മനസ്സിലാക്കുന്നു. ദൈവ-മനുഷ്യ-പ്രപഞ്ചബന്ധങ്ങളിലെ താളവും ഐക്യവും പുനഃസ്ഥാപിക്കാൻ ദൈവവചനം കടന്നുവരുന്നത് പഴയനിയമത്തിലുടനീളം നാം കാണുന്നുണ്ട്. തിന്മയുടെ പിടിയിലമർന്ന് വെറും അസ്ഥിക്കൂമ്പാരമായിത്തീർന്ന ഇസ്രായേൽ ജനത്തോട് "വരണ്ട അസ്ഥികളേ, കർത്താവിന്റെ വചനം ശ്രവിക്കുവിൻ . . . നിങ്ങൾ ജീവിക്കു"മെന്ന് (എസെ 37,4-5) എസെക്കിയേൽ പ്രവാചകൻ പറയുന്ന വാക്കുകൾ, ഏതു ദയനീയാവസ്ഥയിലും ജീവനേകി, സമഗ്രമായ സൗഭാഗ്യം നല്കാൻ ദൈവവചനത്തിനു കഴിയുമെന്ന പ്രഖ്യാപനംതന്നെയാണ്.

**ദൈവവചനവും ഐക്യവും**

മാംസംധരിച്ച വചനമായ ഈശോയുടെ വരവോടുകൂടെ മനുഷ്യനു നഷ്ടപ്പെട്ട 'പറുദീസ'യെക്കുറിച്ചുള്ള പ്രതീക്ഷകൾ വീണ്ടും കിളിർക്കുന്നു. 'ദൈവരാജ്യം സമാഗതമായി' (മർക്കോ 1,15) എന്ന പ്രഖ്യാപനത്തോടെയാണ് യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത്. ദൈവസാന്നിധ്യവും എല്ലാ നന്മകളും

നിറഞ്ഞുനില്ക്കുകയും അവിടന്ന് വീണ്ടെടുക്കുകയും ചെയ്യുന്ന മനുഷ്യസമൂഹത്തിനു നല്കുന്ന പേരാണ് 'ദൈവരാജ്യം' എന്നു പറയാം.

ഈശോയുടെ ദൈവരാജ്യപ്രഘോഷണത്തിനു പിന്നിലെ ശക്തിസ്രോതസ് അവിടത്തെ 'അബ്ബാ' അനുഭവമായിരുന്നു. 'വത്സലപിതാവ്' എന്നർഥമുള്ള 'അബ്ബാ' എന്ന പദത്തിലൂടെ ദൈവ-മനുഷ്യബന്ധത്തിന്റെ മൗലിക സ്വഭാവം ഈശോ വെളിപ്പെടുത്തി. എല്ലാ മനുഷ്യരും പിതാവായ ദൈവത്തിന്റെ മക്കളാണെന്ന ഈ കാഴ്ചപ്പാടുതന്നെയാണ് ക്രൈസ്തവ സാമൂഹികദർശനത്തിന്റെ അടിത്തറ. ദൈവരാജ്യമെന്ന കുടുംബത്തിലേക്ക് ഏവരെയും ഇരുകൈകളും നീട്ടി സ്വീകരിക്കുന്ന പ്രഖ്യാപനത്തോടെയാണ് ഈശോ തന്റെ ദൗത്യം ആരംഭിക്കുന്നത്: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4,18-19). പരിത്യജിക്കപ്പെട്ടവർ ആരുമില്ലെന്നതാണ് ഈശോ പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ സദ്വാർത്തയുടെ സവിശേഷത.

ഈശോയുടെ പ്രഘോഷണത്തിലെന്നപോലെ, പ്രവർത്തനങ്ങളുടെയും പ്രധാനലക്ഷ്യം ഓരോ വ്യക്തിയിലെയും സന്തുലിതാവസ്ഥ വീണ്ടെടുത്ത്, അവരെ കൂട്ടായ്മയിൽ ഒന്നിപ്പിക്കുകയായിരുന്നു. അവിടത്തെ പ്രവർത്തനങ്ങളിൽ മുഖ്യപങ്കുവഹിക്കുന്ന രോഗശാന്തികളിൽ ഇത് ഏറെ പ്രകടമാണ്. സൗഖ്യത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഗ്രീക്കുപദങ്ങൾ 'രോഗങ്ങളിൽനിന്ന് വിമുക്തി നല്കുക' എന്നതിലുപരി 'പൂർണമാക്കുക', 'സന്തുലിതാവസ്ഥ വീണ്ടെടുക്കുക' എന്നാണ് അർഥമാക്കുന്നത്. ഈശോ നല്കുന്ന സമഗ്രമായ ഈ സൗഖ്യത്തിന് ഉത്തമോദാഹരണമാണ് ശവകുടീരങ്ങൾക്കിടയിൽ വസിച്ചിരുന്ന പിശാചുബാധിതനെ സുഖപ്പെടുത്തുന്ന സംഭവം (മർക്കോ 5,1-20). സൗഖ്യം നേടിയവൻ സമൂഹത്തിന്റെ കൂട്ടായ്മയിലേക്ക് സ്വീകരിക്കപ്പെടുന്നു എന്നു വ്യക്തമാക്കാനായി അവൻ വസ്ത്രംധരിച്ച് സുബോധത്തോടെയിരിക്കുന്നത് (5,15) സുവിശേഷകൻ ഇവിടെ വിവരിക്കുന്നു. ഇതേ പ്രമേയം കാനാൻകാരിയുടെ മകളെയും (മത്താ 15,21-29) ശതാധിപന്റെ ഭൃത്യനെയും (മത്താ 8,5-13) സുഖപ്പെടുത്തുന്നിടത്തും കാണാവുന്നതാണ്.

ദൈവവുമായി ഏവരെയും ഐക്യപ്പെടുത്തി, സ്നേഹത്തിൽ പരസ്പരം ഒരുമിപ്പിക്കുകയാണ് 'വചനം മാംസം ധരിച്ചതിന്റെ' ലക്ഷ്യം. സഹോദരർക്കു നല്കുന്ന പരിധികളില്ലാത്ത പരിഗണനയും സ്നേഹവും ഈശോയുടെ പ്രബോധനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ജീവനാഡിയായിരുന്നു (ലൂക്കാ 6,27-36; 10,25-37; യോഹ 13,34; 15,12; ഗലാ 5,14; യാക്കോ 2,8; 1 യോഹ 3,23). ഈശോ കൊണ്ടുവരുന്ന സമഗ്രക്ഷേമവും സുസ്ഥിതിയും കൂട്ടായ്മയുമാണ്

ഈശോയുടെ ജനനവേളയിൽ ദൈവദൂതർ ഉദ്ഘോഷിച്ച 'സമാധാനം' (ലൂക്കാ 2,14). കൂപ്പുകരങ്ങളോടെ നാമിന്നു പ്രാർഥിക്കുന്നതും ഈ സമാധാനത്തിനുവേണ്ടിയാണ്.

**വചനത്തിൽ ഒന്നിക്കുന്ന കേരളസഭ**

കേരളസഭ പാരമ്പര്യങ്ങളിലും ആചാരങ്ങളിലും വൈവിധ്യമുള്ളതാണെങ്കിലും പരസ്പര സഹവർത്തിത്വത്തിലും കൂട്ടായ്മയിലും ആഗോളസഭയ്ക്കുതന്നെ മാതൃകയാണ്. കെ.സി.ബി.സി.യുടെ കീഴിലുള്ള ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള വചനപ്രേഷിതത്വത്തിൽ ഈ ഐക്യം ഏറെ പ്രകടമാണ്. ദൈവവചനംതന്നെയാണല്ലോ നമ്മെ ഒരുമിപ്പിക്കുന്ന പ്രധാനഘടകം.

കേരളസഭ കൂട്ടായ യത്നംവഴി ഇറക്കിയിട്ടുള്ള മലയാളം പി.ഒ.സി. ബൈബിൾ മൂന്നു സഭകളും തമ്മിലുള്ള സഹവർത്തിത്വത്തിന്റെയും ഐക്യത്തിന്റെയും ഒരു ഐക്കൺ തന്നെയായി മാറിക്കഴിഞ്ഞു. മൂന്നു സഭകളിലുമുള്ളവർചേർന്ന് ഇറക്കിയ പരിഭാഷ, മൂലഗ്രന്ഥങ്ങളെ ആധാരമാക്കി കൂടുതൽ പണ്ഡിതരുടെ സഹകരണത്തോടെ കഴിയുന്നത്ര വിശ്വസ്തതയോടെയും ആധികാരികതയോടെയും പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായി അഹോരാത്രം, നിസ്വാർഥമായി അധ്വാനിക്കുന്ന ഏവരെയും നന്ദിയോടെ നമുക്കു സ്മരിക്കാം. പുതിയനിയമം വിശദീകരണക്കുറിപ്പുകളോടെ 'പഠനബൈബിളാ'യി പി.ഒ.സി.യിൽനിന്ന് പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ട്. ദൈവവചനം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്ന ഏവരും സ്വന്തമാക്കേണ്ടതാണ് ഈ പഠനബൈബിൾ.

കേരളസഭയിലെ ഐക്യത്തിന്റെയും കൂട്ടായപ്രവർത്തനത്തിന്റെയും അഭിമാനാർഹമായ മറ്റൊരു സാക്ഷ്യമാണ് ആഗോളതലത്തിൽത്തന്നെ പ്രശംസപിടിച്ചുപറ്റിയ ലോഗോസ് ക്വിസ്. വചനത്തെ സ്നേഹിക്കുന്ന ഏവരെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നു എന്നതാണ് ഈ വചനോപാസനയുടെ പ്രത്യേകത. സെപ്റ്റംബർമാസം അവസാനം നടത്താറുള്ള ഇതിന്റെ ആദ്യതലപരീക്ഷയിൽ കേരളത്തിനകത്തും പുറത്തുമുള്ള ലക്ഷക്കണക്കിന് വചനസ്നേഹികളാണ് പങ്കുചേരുന്നത്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ മത്സരം നടക്കുന്നു. വിദേശത്തുള്ള രൂപതകളും ഭിന്നശേഷിയുള്ളവരും ഇതിൽ പങ്കുചേരാൻ താത്പര്യം പ്രകടിപ്പിക്കുന്നത് ദൈവവചനത്തിന് എല്ലാ അതിരുകൾക്കപ്പുറമുള്ളവരെയും ഒന്നിപ്പിക്കാൻ കഴിയും എന്നതിന്റെ സാക്ഷ്യംതന്നെയാണ്.

വചനശുശ്രൂഷയിൽ സമൂഹത്തിലെ എല്ലാവരെയും ഉൾക്കൊള്ളാൻ ശ്രമിക്കുന്നു എന്നതിന് ബധിര-മൂകർക്കായി തയ്യാറാക്കിയിരിക്കുന്ന സൈൻബൈബിൾ ബൈബിൾ കമ്മീഷന് അഭിമാനത്തോടെ ഉയർത്തിപ്പിടിക്കാൻ കഴിയും. ഇതിന്റെ തുടർചലനങ്ങളെന്നപോലെ, കേരളസഭയിൽ ഭിന്നശേഷിയുള്ളവർക്കാ

യുള്ള ശുശ്രൂഷ ശക്തിയാർജിക്കുന്നുവെന്നത് സന്തോഷജനകമാണ്. 2018-ലെ മെത്രാൻ സിനഡിൽ യുവജനങ്ങളുടെ വിശ്വാസജീവിതമാണല്ലോ പ്രധാന ചർച്ചാവിഷയം. ഹൈ-ടെക് യുഗത്തിൽ ജീവിക്കുന്ന യുവജനങ്ങളെ ദൈവവചനത്തിലേക്ക് ആകർഷിക്കാനുള്ള പുതിയ പദ്ധതികളും കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. ബൈബിൾ പ്രമേയങ്ങൾ അടിസ്ഥാനമാക്കിയുള്ള ഹ്രസ്വചിത്രമത്സരം ഇതിന് ഒരു ഉദാഹരണമാണ്. വിവിധ രൂപതകളിൽ ഇതിനു സമാനമായ പരിപാടികൾ ബൈബിൾ അപ്പോസ്തലേറ്റിന്റെകീഴിൽ നടക്കുന്നുണ്ട് എന്നും ഇവിടെ സന്തോഷപൂർവം അനുസ്മരിക്കുന്നു.

വചനപാരായണമാസമായ ഡിസംബറിൽ ഈ വർഷം കേരളത്തിന്റെ തെക്കേയറ്റത്തുള്ള രൂപതയായ പാറശ്ശാല മുതൽ വിവിധയിടങ്ങളിൽ ബൈബിൾ കമ്മീഷന്റെയും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റിന്റെയും നേതൃത്വത്തിൽ അഖണ്ഡബൈബിൾപാരായണം സംഘടിപ്പിക്കുന്നുണ്ട്. വചനപാരായണമാസവുമായി ബന്ധപ്പെട്ട് രൂപതകളിൽ നടത്തുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ഇതു  ലക്ഷ്യംവയ്ക്കുന്നത്. എല്ലാ ഇടവകകളിലും ഡിസംബർമാസത്തിൽ ബൈബിൾപ്രതിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡവചനപാരായണം നടത്തുകയും ചെയ്യുമല്ലോ. അതുപോലെതന്നെ, എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ദിവസവും കുടുംബപ്രാർഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കേണ്ടതാണ്. ഈശോ നാഥനെ അടുത്തറിയാനും അടുത്തറിയുന്നതുവഴി ആഴത്തിൽ സ്നേഹിക്കാനും സ്നേഹിക്കുന്ന നാഥനിൽ ഒന്നായിത്തീരാനും നമ്മെ പ്രചോദിപ്പിക്കുകയാണ് വചനപാരായണത്തിന്റെ പ്രധാന ലക്ഷ്യം.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ബൈബിൾ പഠിക്കാൻ മുന്നോട്ടുവരുന്നവരുടെ എണ്ണം കൂടിവരുന്നുവെന്നത് ഏറെ സന്തോഷജനകമാണ്. പല രൂപതകളും സ്തുത്യർഹമാംവിധം ബൈബിൾ കോഴ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. എങ്കിലും, ബൈബിൾ പഠനത്തിന് വേദികളൊരുക്കാൻ ഇടവകകൾ ഇനിയും മുന്നോട്ടുവരേണ്ടതുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവർക്കു ചേരാവുന്ന പാഠ്യപദ്ധതിയാണ് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്. വചനം കൂടുതൽ അടുത്തറിയുന്നതുവഴി, മാംസംധരിച്ച വചനത്തെ കൂടുതൽ സ്നേഹിക്കാൻ കഴിയുമെന്നതിൽ സംശയമില്ല.

ഡിസംബർമാസം അവസാന ഞായർ ബൈബിൾഞായറായി ആചരിക്കണമെന്ന കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ തീരുമാനമനുസരിച്ച് ഈ വർഷം ഡിസംബർ 31-ാം തീയതി ബൈബിൾ ഞായറായി സഭ ആചരിക്കുകയാണ്. ബൈബിൾ ഞായറാഴ്ച നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബൾപ്രേഷിതപ്രവർത്തനങ്ങളെ ശക്തി

പ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനത്തിൽ ആഴപ്പെട്ട് ഐക്യത്തിന്റെ കണ്ണികൾ സമൂഹത്തിൽ സുദൃഢമാക്കാൻ ആഹ്വാനംചെയ്തുകൊണ്ടും മനുഷ്യനായി അവതരിച്ച ദൈവമായ ഈശോയിൽനിന്ന് ഏവർക്കും അനുഗ്രഹങ്ങൾ പ്രാർഥിച്ചുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ്പ് ഡോ. എബ്രഹാം മാർ യൂലിയോസ്**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ


**ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB: 2017 നവംബർ 26-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും പരി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.




# I

## TRANSFERS AND APPOINTMENTS

| Rev. Frs. | Relieved | Appointed |
|---|---|---|
| Aranjaniyil Geevarghese | | Coordinator ACCEPT - IRCA Champakulam (addl) |
| Kayamkulathusserry Joseph | | Director, Liturgical Music (addl) |
| Kayamkulathusserry Thomas | | Director *Kudumbakoottayma* & Bible Apostolate, Circulation Manager, *Satyadarsanam* (addl) |
| Kottayil Mathew | Ettawah Mission | Paro. Vicar, Meenkulam, Anakulam |
| Mundunadackal Isaac | | Director, Care Homes, Palliative Care, Deaf and dumb ministry (addl.) |
| Nadackal Mathew | *Kudumbakoottayma*, *Satyadarsanam*, Bible Apostolate | |
| Padiyath Thomas | | Director, Liturgical Apostolate (addl.) |
| Perumpallithara Antony | | Coordinator ACCEPT - IRCA Kattanam (addl) |
| Thanniath Thomas | Care Homes | |
| Thekkedam Mathew | | General Editor, *Satyadarsanam* (addl.) |
| Cheruplavil Jose O. Praem | | Paro. Vicar, Pulincunnoo F |

## II

## വിവാഹാഘോഷങ്ങൾക്ക് മുടക്ക്

നമ്മുടെ കർത്താവീശോമിശിഹായുടെ തിരുപ്പിറവിക്കൊരുക്കമായി നടത്തുന്ന ഇരുപത്തഞ്ചുനോമ്പുകാലഘട്ടത്തിൽ (ഡിസംബർ 1 മുതൽ 24 വരെ) വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന് ബഹു. വൈദികർ പള്ളികളിൽ വിളിച്ചറിയിക്കേണ്ടതാണ്.

## III

## ദൈവവിളി പ്രോത്സാഹന സെമിനാർ

ഈ വർഷത്തെ ദൈവവിളി ഏകദിന സെമിനാർ 2017 ഡിസംബർ 23 ശനിയാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ആൺകുട്ടികൾക്ക് കുറിച്ചി സെമിനാരിയിലും പെൺകുട്ടികൾക്ക് സന്ദേശനിലയത്തിലും നടത്തപ്പെടുന്നു. 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും മറ്റു ഡിഗ്രികോഴ്സുകൾ പഠിക്കുന്നവർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്. താത്പര്യമുള്ള കുട്ടികളെ വികാരിയച്ചന്മാർ പറഞ്ഞയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 70 രൂപ.

## IV

## ബൈബിൾ ഞായർ

2017 ഡിസംബർ 31 ബൈബിൾ ഞായർ ദിനത്തിലെ സ്തോത്രക്കാഴ്ച 2018 ജനുവരി 15 നു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## V

## സീറോമലബാർ മിഷൻ വാരാചരണം

സീറോമലബാർ സഭയുടെ പ്രേഷിത തീക്ഷ്ണത കൂടുതൽ ഉജ്ജ്വലിപ്പിക്കുന്നതിന് 2018 ജനുവരി 6 മുതൽ 12 വരെ പ്രേഷിത വാരമായി ആചരിക്കുന്നു. ജനുവരി 8-ാം തീയതി നടത്തുന്ന മിഷൻ പിരിവ് ജനുവരി 20 നു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

## VI

## കളർ എ ഹോം ക്രിസ്മസ് ധനശേഖരണം

ഈ വർഷത്തെ ക്രിസ്മസ് ധനശേഖരണം 'കളർ എ ഹോം' ഭവനനിർമ്മാണ പദ്ധതിക്കുവേണ്ടിയുള്ളതാണ്. ധനശേഖരണത്തിനുള്ള കവറും അഭിവന്ദ്യ പിതാവിന്റെ കത്തും കുടുംബവിവര ശേഖരണ ഫാറങ്ങളും ഡിസംബർ ആദ്യവാരത്തിൽ തന്നെ പള്ളികളിൽ എത്തിക്കുന്നതാണ്. കുടുംബക്കൂട്ടായ്മകളിലൂടെയാണ് ഡേറ്റാഫാറവും കവറും വിതരണം ചെയ്യേണ്ടത്. കുടുംബവിവര ഫാറത്തിലെ തെറ്റുകൾ തിരുത്തി സംഭാവനയോടൊപ്പം ഡിസംബർ 25-ന് മുമ്പായി

തിരികെ വാങ്ങണം. ആകെ ലഭിക്കുന്ന തുകയുടെ 40 ശതമാനവും തിരുത്തൽ വരുത്തിയ കുടുംബവിവര ഫാറങ്ങളും 2018 ജനുവരി 25 ന് മുമ്പായി അതിരൂപതാകേന്ദ്രത്തിൽ എത്തിക്കണം.

## VII
## മാദ്ധ്യസ്ഥ്യപ്രാർത്ഥനകൾ

മംഗളവാർത്തക്കാലം മുതൽ അതിരൂപത ലിറ്റർജിക്കൽ കമ്മീഷൻ തയ്യാറാക്കിയ മാദ്ധ്യസ്ഥ്യപ്രാർത്ഥനകളായിരിക്കണം എല്ലാ ഇടവകകളിലും ഉപയോഗിക്കേണ്ടത്. പ്രത്യേക സാഹചര്യങ്ങളാൽ എവിടെയെങ്കിലും മറ്റൊരു ടെക്സ്റ്റ് ഉപയോഗിക്കേണ്ടത് അനിവാര്യമാണെങ്കിൽ പ്രസ്തുത ടെക്സ്റ്റ് അതിരൂപതാ ലിറ്റർജി കമ്മീഷനെ കാണിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

## VIII
## മാർ തെയഡോറിന്റെ കൂദാശക്രമത്തിന്റെ ഉപയോഗം

1. ഈശോമിശിഹായുടെ മനുഷ്യാവതാരത്തിനും രക്ഷാപദ്ധതിക്കും പീഡാസഹനത്തിനും ഊന്നൽ നല്കുന്ന മാർ തെയഡോറിന്റെ കൂദാശക്രമം മംഗളവാർത്താക്കാലം മുതൽ ഓശാന ഞായർ വരെയാണ് പരമ്പരാഗതമായി ഉപയോഗിച്ചുവന്നിരുന്നത്. അതുകൊണ്ട് മംഗളവാർത്താക്കാലം മുതലുള്ള ഞായറാഴ്ചകളിലും തിരുനാളുകളിലും സാധിക്കുന്നിടത്തോളം ഇടദിവസങ്ങളിലും ഈ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.

2. സഭ മുഴുവനിലും ഈ കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻ വേണ്ടി ചില ഭാഗങ്ങൾ ഐശ്ചികമായി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് അഭികാമ്യം.

3. നാലാം ഗ്ഹന്തയിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെപ്പോലെ കാർമ്മികൻ തന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണ്ണമായും ചൊല്ലുന്നതാണ് കൂടുതൽ ഉചിതം.

## IX
## ദൈവാലയങ്ങളിലെ സിനിമ/സീരിയൽ ചിത്രീകരണം

ദൈവാലയങ്ങൾക്കുള്ളിൽ യാതൊരു കാരണവശാലും കൊമേഴ്സ്യൽ ഫിലിം അവശ്യങ്ങൾക്കായി ഷൂട്ടിംഗ് അനുവദിക്കാൻ പാടില്ല. (Prot No. 1805/2017, Mount St Thomas Kakkanadu).

എന്നാൽ കത്തോലിക്കാ ചാനലുകൾക്കും (Goodness TV, Shalom TV) ടെലിഫിലിം, ഷോർട്ട് ഫിലിം ഷൂട്ടിംഗിനും ഇവ ആവശ്യമായി വരുന്നുവെങ്കിൽ വ്യക്തമായ ലക്ഷ്യവും ഉള്ളടക്കവും സമയവും കാണിച്ചുകൊണ്ടുള്ള അപേക്ഷ രേഖാമൂലം ബഹു. വികാരിമാരുടെ സാക്ഷിപ്പോടെ

അതിരൂപതാ കേന്ദ്രത്തിൽ സമർപ്പിച്ച് ഷൂട്ടിംഗിനുള്ള അനുമതി വാങ്ങേണ്ടതാണ്.

ദൈവാലയത്തിന്റെ പരിസരവും അനുബന്ധസ്ഥലങ്ങളും ഫിലിം ഷൂട്ട് ചെയ്യുന്നതിന് നൽകുന്നതിന് മുൻപും കാര്യകാരണ സഹിതം ചിത്രീകരണത്തിന്റെ ലക്ഷ്യവും ഉള്ളടക്കവും സമയവും പ്രതിപാദിച്ചുകൊണ്ടുള്ള വ്യക്തമായ അപേക്ഷ ബഹു. വികാരിയുടെ സാക്ഷിപ്പോടുകൂടി അതിരൂപതാ കേന്ദ്രത്തിൽ സമർപ്പിച്ച് അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

## X

## അവധിക്കാല ക്യാമ്പ്

മേജർ സെമിനാരിക്കാർ അവധിക്കാലത്ത് എല്ലാ ഇടവകകളിലും സൺഡേസ്കൂൾ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ക്യാമ്പുകൾ സംഘടിപ്പിക്കണമെന്ന് അഭി. മാർ തോമസ് തറയിൽ പിതാവ് ആഗ്രഹിക്കുന്നു. മാർച്ച് മുതൽ മെയ് വരെയുള്ള അവധിക്കാലത്ത് ക്യാമ്പുകൾ നടത്തുവാൻ താത്പര്യപ്പെടുന്ന അച്ചന്മാർ എത്രയുംവേഗം താഴെ പേര് നൽകിയിരിക്കുന്ന ബ്രദേഴ്സുമായി ബന്ധപ്പെടുക. ഞായറാഴ്ചയും അവധിക്കാലത്തും മാത്രമെ ബ്രദേഴ്സിനെ അവരുടെ ഫോൺ നമ്പറുകളിലൂടെ ബന്ധപ്പെടാൻ സാധിക്കുകയുള്ളൂ. എല്ലാദിവസവും ഉച്ചകഴിഞ്ഞ് ബ്രദേഴ്സിനെ അവരായിരിക്കുന്ന സെമിനാരി നമ്പറുകളിൽ ലഭിക്കുന്നതാണ്.

| | | |
|---|---|---|
| Programme Co-ordinators | : | Bro. Joseph Parathanam – 8848091608<br>Bro. Sajesh Elamthuruthiyil - 8943135034 |
| Common Leader | : | Bro. Jijo Marattukalam - 8714451436 |
| Vadavathoor Seminary | : | Third Theology - 8593068661 |

### പി.പി.എഫ്.എ. അംഗങ്ങളായ

### ബഹുമാനപ്പെട്ട വൈദികർ അറിയുവാൻ....

1. ബഹുമാനപ്പെട്ട മാത്യു മേപ്രത്തച്ചന്റെ ആത്മശാന്തിക്കുവേണ്ടി എല്ലാ അംഗങ്ങളും വിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.
2. പി.പി.എഫിനു വേണ്ടിയുള്ള കുർബാനകൾ (24), ബൈനേഷൻ കുർബാനകളുടെ എണ്ണം എന്നിവ **ഡിസംബർ 20-ന്** മുമ്പ് PPFA സെക്രട്ടറി അച്ചനെ അറിയിക്കണം.
3. **2017 ഡിസംബർ 20-ന്** മുമ്പ് ഈ വർഷത്തെ എല്ലാ മെഡിക്കൽ ബില്ലുകളും PPFA ഓഫീസിൽ ഏൽപിക്കണം.

**സെക്രട്ടറി PPFA**

## ON-GOING FORMATION FOR PRIESTS

നമ്മുടെ അതിരൂപതയിലെ യുവവൈദികരുടെ (2005/06-2011/12) കൂട്ടായ്മയും പഠനശിബിരവും ഡിസംബർ മാസം 12,13 തീയതികളിൽ അതിരൂപതാ കേന്ദ്രത്തിൽ നടക്കുകയാണ്. ഈ കോഴ്സ്12 -ാം തീയതി ചൊവ്വാഴ്ച്ച 10 മണിക്ക് ആരംഭിച്ച്13 -ാം തീയതി ബുധനാഴ്ച്ച 1 മണിക്ക് സമാപിക്കുന്നു. എല്ലാ വൈദികർക്കുമുള്ള താമസസൗകര്യം അതിരൂപതാ പാസ്റ്ററൽ സെന്ററിൽ ഒരുക്കുന്നുണ്ട്. മറ്റെല്ലാ തിരക്കുകളും മാറ്റിവച്ച് ഈ ബാച്ചുകളിലുള്ള ബഹു. വൈദികർ നിർബന്ധമായും ഈ പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.

**ബിഷപ്പ് തോമസ് തറയിൽ**

### Programme

**December 12th 2017**

| | |
|---|---|
| 10.00 a.m. – 1.00 p.m. | Psycho-spiritual Integration (Bishop Thomas Tharayil) |
| 2.30 p.m. – 4.00 p.m. | Interaction with the Archbishop Mar Joseph Perumthottam |
| 5.30 p.m. -7.30 p.m. | POCSO-Legal Implications (Adv. Litto Palathinkal) |
| 9.00 p.m. – 10.00 p.m. | Cultural Programme |


**December 13th 2017**

| | |
|---|---|
| 9.00 a.m. - 10.30 a.m. | *Amoris Laetitia*-Pastoral Implications (Rev. Dr Antony Moolayil) |
| 11.00 a.m. - 12.30 p.m. | Interaction with the Syncelli, Chancellor and Procurator |

### BIBLE STUDY FORUM FOR PRIESTS

The next session of the Bible Study Forum for Priests of the Archeparchy of Changanacherry will be held at the Spirituality Centre, Manganam, on 12 th December 2017. The course will begin at 9.30 a.m. and come to a close at 4.00 p.m.

**Fr. Mathew Vellanickal**



# PRIESTLY ORDINATION & HOLY QURBANA 2017-'18

**Archeparchy of Changanacherry**

Dn. Varghese Kochuparampil (Josin)
26-12-2017, 9:30 a.m.
St. George Church, Venchempu

Dn. Thomas Vengasserry
(Robin)
26-12-2017, 2:45 p.m.
St. George Church, Vadakke Amichakary

Dn. Joseph Puthenparambil (Libin)
27-12-2017, 2:15 p.m.
Mar Sleeva Forane Church,
Pazhavangady

Dn. Joseph Pakalomattom (Ibin)
28-12-2017, 9:15 a.m.
St. Sebastian's Church, Chanjody

Dn. Matthew Malyeckal (Jeemon)
28-12-2017, 2:45 p.m.
St. Xavier's Forane Church,
Thrickodithanam

Dn. Antony Kakkaparambil (Bibin)
29-12-2017, 9:15 a.m.
Kavalam Lisieux Church

Dn. Varghese Panachinkal (Rinu)
29-12-2017, 2:15 p.m.
Marth Mariyam Forane Church,
Thuruthy

Dn. Joseph Chorattuchamakala (Jince)
30-12-2017, 9:15 a.m.
Christ The King Church, Ettumannoor

Dn. Joseph Puthiyidam (Melvin)
30-12-2017, 2:15 p.m.
St. Xavier's Church,Villoonni

Dn. Sebastian Mampara (Stephin)
30-12-2017, 2:15 p.m.
St. Xavier's Church,
Villoonni

Dn. Varghese Plamparambil (Ashish)
31-12-2017, 2:45 p.m.
St. Mary's Church, Koothrappally

Dn. Varghese Kiliyattusseril (Anoop)
01-01-2018, 9:15 a.m.
Holy Family Church, Pullangady

Dn. Francis Meenatheril (Jijo)
01-01-2018, 2:15 p.m.
St. George Forane Church, Edathua

Dn. Joseph Pulickaparambil (Jomcy)
02-01-2018, 9:15 a.m.
St. George Church,
Muttar (Old)

Dn. Thomas Thundathil (Joshua)
02-01-2018, 2:15 p.m.
St. Joseph's Church, Kayalpuram

Dn. Joseph Velangattusserry (Sinu)
03-01-2018, 9:15 a.m.
St.Gregorious Kesaria Church,
Veliyanadu North

Dn. Thycheril George (Tintu)
03-01-2018, 2:15 p.m.
St. Joseph's Church, Kurichy

## മാർ കാവുകാട്ട് മെമ്മോറിയൽ
# Pain And Palliative Care
### ചങ്ങനാശ്ശേരി അതിരൂപത

ചങ്ങനാശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിൽ നടക്കുന്ന Pain And Palliative Care യൂണിറ്റുകളുടെ പരിശീലനവും പ്രോത്സാഹനവും ഏകോപനവും ലക്ഷ്യം വച്ചുകൊണ്ട് അതിരൂപതാതലത്തിൽ മാർ കാവു കാട്ടു മെമ്മോറിയൽ Pain And Palliative Care എന്ന പേരിൽ ഒരു സ്വാന്ത്വന പരിചരണ ശുശ്രൂഷാ സംവിധാനത്തിന് രൂപം കൊടുത്തിരിക്കുന്നു.

2017 ഒക്ടോബർ 7 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അതിരൂപ തയിലെ വിവിധ പാലിയേറ്റീവ് കെയർ യൂണീറ്റുകളിൽ നിന്നുള്ള പ്രതി നിധികളുടെ സമ്മേളനത്തിന് അതിരൂപതാ കോഡിനേറ്റർ ഫാ. തോമസ് താന്നിയത്ത് സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരു ന്തോട്ടം പിതാവ് ശുശ്രൂഷാ സംവിധാനം ഉദ്ഘാടനം ചെയ്തു. ഇന്നത്തെ സമൂഹത്തിൽ മാറാരോഗികളും പ്രായമായവരും അനുഭവിക്കുന്ന നിസ്സ ഹായതയും ഏകാന്തതയും വളരെയേറെ വർധിക്കുന്നതായി അഭി. പിതാവ് അഭിപ്രായപ്പെട്ടു. ആയതിനാൽ ഇന്ന് സഭ ഈ മേഖലയിൽ വള രെയേറെ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. അതിന്റെ ഭാഗമായി നമ്മുടെ അതി രൂപതയിൽ സാന്ത്വന പരിചരണ ശുശ്രൂഷാ സംവിധാനത്തിന് തുടക്കം കുറിക്കുകയാണ്. അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ് അനു ഗ്രഹ പ്രഭാഷണം നടത്തി. ഈ വർഷം നമുടെ അതിരൂപതയിൽ 100 ഇട വകകളിലെങ്കിലും ഇത്തരമൊരു ശുശ്രൂഷാ സംവിധാനത്തിന് തുടക്കം കുറിക്കണമെന്ന് അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ഉദ്ബോധി പ്പിച്ചു. റവ. ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി, റവ. ഫാ. ജേക്കബ് കാട്ടടി, റവ. സി. വിജയ എം. എം. എഫ്., റവ. സി. സാന്റ്റാ സി. എം. സി., റവ. സി. കാതറിൻ നെടുംപുറം എസ്. എച്ച്., ശ്രീ. സണ്ണിച്ചൻ ഇടിമണ്ണിക്കൽ എന്നിവർ സന്നിഹിതരായിരുന്നു. അതിരൂപതയിൽ വിവിധ ഇടവകക

ളിൽ പ്രവർത്തിക്കുന്ന സാന്ത്വന പരിചരണ യൂണിറ്റുകളിൽനിന്നും 88-ഓളം ആളുകൾ പ്രസ്തുത ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു.

**സാന്ത്വന പരിചരണ ശുശ്രൂഷാ സംവിധാനത്തിന്റെ പ്രധാന സേവനങ്ങൾ:**

1. ഇടവക ഫൊറോനാതല കുടുംബാരോഗ്യ സാന്ത്വന പരിചരണ സമഗ്രപരിശീലനം
2. ആത്മീയ ശുശ്രൂഷ
3. പ്രാർത്ഥനാ സഹായം
4. പെയിൻ & പാലിയേറ്റീവ് കെയർ ഹെൽപ്പ് ഡെസ്ക്.
5. നെറ്റ് വർക്കിംഗ്
6. തുടർസഹായങ്ങൾ

**ഫാ. തോമസ് താന്നിയത്ത്**
(കോ-ഓഡിനേറ്റർ)
മാർ കാവുകാട്ട് പെയിൻ &
പാലിയേറ്റീവ് കെയർ
ആർച്ച്ബിഷപ്സ് ഹൗസ്
ചങ്ങനാശേരി
9447786510, 8921505386

## സമർപ്പിതർക്കായി ദൈവശാസ്ത്ര നവീകരണ കോഴ്സ് എം. ഒ. സി. യിൽ

40 വയസിനു താഴെ പ്രായമുള്ള സമർപ്പിതർക്കായി സന്യാസിനികളുടെ ഉന്നത ദൈവശാസ്ത്ര പഠനകേന്ദ്രമായ എം. ഒ. സി. യിൽ ജനുവരി 8 മുതൽ ഫെബ്രുവരി 8 വരെ സമർപ്പിത ജീവിതം, ബൈബിൾ, സഭാപിതാക്കന്മാർ, തത്വശാസ്ത്രം, മനഃശാസ്ത്രം എന്നീ വിഷയങ്ങളിൽ ഒരുമാസം ദൈഘ്യമുള്ള ദൈവശാസ്ത്ര നവീകരണ (Refresher) കോഴ്സ് ക്രമീകരിച്ചിരിക്കുന്നു . താത്പര്യമുള്ളവർ ഡിസംബർ 20 നു മുമ്പ് അറിയിക്കുക. താമസവും ഭക്ഷണവും ഉൾപ്പെടെ ഫീസ്: 3500

**ഫാ. തോമസ് കറുകക്കളം (പ്രിൻസിപ്പൽ)** 9496062129
**ഫാ. തോമസ് പടിയത്ത് (പ്രോഗ്രാം കോ ഓർഡിനേറ്റർ)** 9446201820

# സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ സ്ഥിതിവിവരം

നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകകളിൽ നടക്കുന്ന സാമൂഹ്യ സേവന പ്രവർത്തനങ്ങളുടെ സ്ഥിതിവിവര കണക്ക് ശേഖരിച്ച് അവ പ്രസിദ്ധീകരിക്കണമെന്ന് ഫൊറോനാ വികാരിമാരുടെ സമ്മേളനം നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ 2017 ലെ അതിരൂപതാദിനത്തിനും 2018 ലെ അതിരൂപതാ ദിനത്തിനുമിടയിൽ ചെയ്തുതീർത്തതും ചെയ്യുവാൻ ഉദ്ദേശിച്ചിരിക്കുന്നതുമായ പ്രവർത്തനങ്ങളുടെ വിവരങ്ങൾ അതിരൂപതയിൽ നിന്നും നൽകുന്ന നിശ്ചിതഫോറത്തിൽ 2018 മാർച്ച് 30 നു മുമ്പ് അതിരൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.

## സാമൂഹ്യസേവന പ്രവർത്തനങ്ങൾ

<table>
<tr><td colspan="2">ഇടവക:</td><td colspan="2">ഫൊറോന:</td></tr>
<tr><th>സേവനമേഖല</th><th>പൂർത്തീകരിച്ചത്</th><th>ഉദ്ദേശിക്കുന്നത്</th><th>ചെലവാക്കിയ തുക</th></tr>
<tr><td>1. ഭവനനിർമ്മാണ സഹായം</td><td></td><td></td><td></td></tr>
<tr><td>2. ഭവന അറ്റകുറ്റപ്പണിക്ക് സഹായം.</td><td></td><td></td><td></td></tr>
<tr><th>സേവന മേഖല</th><th>സ്വീകർത്താക്കളുടെ എണ്ണം</th><th colspan="2">കൊടുത്ത തുക</th></tr>
<tr><td>3. വിദ്യാഭ്യാസ സഹായം</td><td></td><td colspan="2"></td></tr>
<tr><td>4. ചികിത്സാസഹായം</td><td></td><td colspan="2"></td></tr>
<tr><td>5. തൊഴിൽ സഹായം</td><td></td><td colspan="2"></td></tr>
<tr><td>6. മറ്റ് വിധത്തിൽ ചെയ്ത സഹായങ്ങൾ</td><td></td><td colspan="2"></td></tr>
<tr><td></td><td></td><td colspan="2"></td></tr>
<tr><td></td><td></td><td colspan="2"></td></tr>
<tr><td></td><td></td><td colspan="2"></td></tr>
</table>

# XIV PASTORAL COUNCIL

## ARCHEPARCHY OF CHANGANACHERRY

### ‘ഫാ. ടോം ഉഴുന്നാലിനൊപ്പം പ്രാർത്ഥനയോടെ’
### റിപ്പോർട്ട്

ചങ്ങനാശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ ‘ഫാ. ടോം ഉഴുന്നാലിനൊപ്പം പ്രാർത്ഥനയോടെ’ എന്ന പരിപാടി 2017 നവംബർ 21-ാം തീയതി 3 pm-ന് കത്തീഡ്രൽ പള്ളി പാരീഷ്ഹാളിൽ നടന്നു. അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവിനോടൊപ്പം എത്തിച്ചേർന്ന ബഹു. ഉഴുന്നാലിലച്ചൻ വലിയ പള്ളിയിലും കൊച്ചുപള്ളിയിലും കബറിടപള്ളിയിലും പ്രാർത്ഥന നടത്തി. പാരീഷ് ഹാൾ കവാടത്തിൽ ചങ്ങനാശ്ശേരി ഫൊറോന വികാരി വെരി റവ. ഫാ. കുര്യൻ പുത്തൻപുര, കത്തീഡ്രൽ ഇടവക നടത്തുകൈക്കാരൻ ശ്രീ. ജോബി തൂമ്പുങ്കൽ എന്നിവരുടെ നേതൃത്വത്തിൽ അച്ചനെ സ്വീകരിച്ച് വേദിയിലേക്ക് ആനയിച്ചു. തുടർന്നു നടന്ന പ്രാർത്ഥന ശുശ്രൂഷ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. സോണി കണ്ടങ്കരി, എക്സിക്യൂട്ടിവ് അംഗം റവ. സി. ജിയോമരിയ FCC, ചമ്പക്കുളം ഫൊറോന കൗൺസിൽ സെക്രട്ടറി ശ്രീ. ടോം ജോസഫ് എന്നിവർ ചേർന്ന് നയിച്ചു. ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണം നടത്തി. പ്രതിസന്ധികൾക്കു നടുവിൽ പ്രത്യാശ കൈവിടാതെയുള്ള പ്രാർത്ഥനയുടെ സാക്ഷ്യമാണ് ഫാ. ടോം ഉഴുന്നാലിന്റെ മോചനമെന്ന് പിതാവ് പറഞ്ഞു. ഉഴുന്നാലിലച്ചനെ പൊന്നാടയണിയിച്ച് അഭിവന്ദ്യപിതാവ് അതിരൂപതയുടെ സ്നേഹാദരങ്ങൾ നേർന്നു. തുടർന്ന് ടോമച്ചൻ തന്റെ ജീവിതാനുഭവങ്ങൾ പങ്കുവെച്ചു. ജീവിതത്തെ മുന്നോട്ട് നയിക്കുന്ന മിശിഹായിലുള്ള അചഞ്ചലമായ വിശ്വാസവും ജനങ്ങളുടെ നിരന്തരമായ പ്രാർത്ഥനയുമാണ് തന്നെ മോചിപ്പിച്ചതെന്ന് ഉഴുന്നാലിലച്ചൻ പറഞ്ഞു. സദസ്യരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും അച്ചൻ മറുപടി നൽകി. വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് മുണ്ടകത്തിൽ, വെരി റവ. ഫാ. കുര്യൻ പുത്തൻപുര, റവ. ഫാ. ബെന്നി നീലിയറ, ശ്രീ. ജോബി തൂമ്പുങ്കൽ, ശ്രീ. വർഗീസ് ആന്റണി എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. സമ്മേളനത്തിന് അതിരൂപത പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ സ്വാഗതവും പാസ്റ്ററൽ കൗൺസിൽ അസി. സെക്രട്ടറി ശ്രീ. ജോസ് ആനിത്തോട്ടത്തിൽ നന്ദിയും രേഖപ്പെടുത്തി.

ക്രമീകരണങ്ങൾക്ക് വെരി. റവ. ഫാ. ജോസഫ് മുണ്ടകത്തിൽ, വെരി. റവ. ഫാ. കുര്യൻ പുത്തൻപുര, റവ. ഫാ. അനീഷ് കുടിലിൽ, റവ. ഫാ. ടിബിൻ ചെറുപുരയ്ക്കൽ, റവ. ഫാ. നിബിൻ പഴയമഠം, റവ. സി. ജിയോ മരിയ, ഡോ. സോണി കണ്ടങ്കരി, വർഗീസ് ആന്റണി, അഡ്വ. ജോജി ചിറയിൽ, ജോസ് ആനിത്തോട്ടത്തിൽ, ജോബി തൂമ്പുങ്കൽ, ഡോ. പി.സി. അനിയൻകുഞ്ഞ്, പ്രിൻസ് അറയ്ക്കൽ, ഷാജി പോൾ, എബിൻ അലക്സാണ്ടർ, ടോം ജോസഫ്, ജോബി പ്രാക്കുഴി, അഡ്വ. ഡെന്നീസ് ജോസഫ്, അഡ്വ ജോർജ് കോടിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഡോ. സോണി കണ്ടങ്കരി**
(പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി)

## പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

**ജാഗ്രതാ സായാഹ്നങ്ങൾ ആരംഭിച്ചു**

അതിരൂപതാ പബ്ലിക് റിലേഷൻസ് ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന ഇടവകതല ജാഗ്രതാ സായാഹ്നങ്ങൾക്ക് ആരംഭമായി. ആയതിന്റെ അതിരൂപതാതല ഉദ്ഘാടനം പായിപ്പാട് ലൂർദ്ദ് മാതാ ഇടവകയിൽ നവംബർ 15ന് അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം മെത്രാപ്പൊലീത്ത നിർവ്വഹിച്ചു. ഈ കാലഘട്ടത്തിൽ കുടുംബങ്ങൾ നൽകേണ്ട സാക്ഷ്യത്തെക്കുറിച്ച് അഭിവന്ദ്യ പിതാവ് ക്ലാസ് നയിച്ചു. നവമാധ്യമസംസ്കാരവും ജാഗ്രതയും എന്ന വിഷയം ഫാ. ആന്റണി തലച്ചെല്ലൂർ അവതരിപ്പിച്ചു. അതിരൂപതാഗങ്ങൾക്കിടയിൽ ഉണ്ടാകേണ്ട സമുദായ ബോധത്തെപ്പറ്റി അഡ്വക്കേറ്റ് ജോജി ചിറയിൽ വിഷയാവതരണം നടത്തി തുടർന്ന് പൊതു ചർച്ചയും നടന്നു. പരിപാടികൾക്ക് വികാരി റവ. ഫാ സ്കറിയ ശ്രാമ്പിക്കൽ, അതിരൂപത ജാഗ്രതാ സമിതി അംഗങ്ങളായ അഡ്വക്കേറ്റ് ജോർജ് വർഗീസ്, ജോബി പ്രാക്കുഴി, റ്റോം അറയ്ക്കപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി.

**പഠനഗ്രന്ഥത്തിലെ തെറ്റായ പരാമർശം കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി**

KRLCC യുടെ കീഴിലുള്ള കാർമ്മൽഗിരി മേജർ സെമിനാരിയോട് ചേർന്ന് പ്രവർത്തിക്കുന്ന AIYN Publications-ൽ നിന്നും അടുത്തിടെ പ്രസിദ്ധീകരിച്ച ഹിസ്തോറിയ എന്ന ഗ്രന്ഥപരമ്പരയിൽ ഭാരത ക്രൈസ്തവരുടെ അപ്പസ്തോലിക പൈതൃകം എന്ന പേരിൽ ഡോ. ആന്റണി പാട്ടപ്പറമ്പിൽ രചിച്ച പുസ്തകത്തിൽ കേരളത്തിലെ മാർത്തോമാ നസ്രാണി പാരമ്പര്യത്തെ അപ്പാടെ നിരാകരിച്ചുകൊണ്ട് മാർത്തോമ്മാ പാരമ്പര്യം കേവലം ഐതിഹ്യമാണെന്ന് പറഞ്ഞ അവതാരണക്കുറിപ്പ് തിരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി സെക്രട്ടറി ജനറൽ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തയോടും സീറോ-മലബാർ സഭാ വക്താവ് റവ. ഡോ. ജിമ്മി പൂച്ചക്കാട്ടിലിനോടും ആവശ്യപ്പെട്ടു.

**My Syro-Malabar Church ഫേസ്ബുക്ക് ഗ്രൂപ്പ്**

സീറോ മലബാർ സഭയ്ക്ക് ഔദ്യോഗിക ഫേസ്ബുക്ക് ഗ്രൂപ്പ് ഇല്ലാതിരുന്ന സാഹചര്യത്തിൽ വിവിധ സീറോ-മലബാർ രൂപതാംഗങ്ങളായ വൈദികരും അല്മായരും ചേർന്ന് സഭയുടെ ഔദ്യോഗികനിലപാടുകൾ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന സംവിധാനമായ My Syro-Malabar Church ഫേസ്ബുക്ക് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിൽ അതിരൂപതാ ജാഗ്രതാ സമിതി സഹകരണവും പ്രോത്സാഹനവും നല്കി വരുന്നു.

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഓ

**ഫാ. ആന്റണി തലച്ചല്ലൂർ**
കോഡിനേറ്റർ

ഇടവകകളിൽ ജാഗ്രതാ സായാഹ്നങ്ങൾ സംഘടിപ്പിക്കുവാൻ താത്പര്യമുള്ള വികാരിയച്ചന്മാർ അതിരൂപതാ ജാഗ്രതാസമിതി കോഡിനേറ്ററുമായി ബന്ധപ്പെടുക. ഫോൺ 9495230100

# പ്രവാസി അപ്പസ്തോലേറ്റ്

സ്നേഹമുള്ള പ്രവാസി കുടുംബാംഗങ്ങളെ,

തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു. പിതാവായ ദൈവത്തിന്റെ അതിശ്രേഷ്ഠമായ രണ്ടു ദൗത്യങ്ങളാണ് സൃഷ്ടിയും, പുനഃസൃഷ്ടിയും സൃഷ്ടി ഇല്ലായ്മയിൽ നിന്ന് (Nothingness) ആയിരുന്നുവെങ്കിൽ (ഉൽപ്പത്തി 1:1-2) പുനഃസൃഷ്ടി താഴ്മയിൽ നിന്ന് (Lowliness) ആയിരുന്നു (Luke 1: 48). "അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു." സ്വന്തം ജീവിതത്തിന്റെ പ്രതിഫലനമായ ഈ വാക്കുകൾ പരിശുദ്ധ കന്യകാമറിയത്തിൽ ഈശോമിശിഹാ രൂപപ്പെടുവാനിടയാക്കിയതുപോലെ നമ്മിലും മിശിഹാ രൂപപ്പെടുവാൻ ഈ ക്രിസ്മസ് ദിനത്തിലും പുതിയ വർഷത്തിലും ഇടയാകട്ടെ. പുതിയ വർഷത്തിന്റെ നന്മകൾ എല്ലാവർക്കും നേരുന്നു.

1. **ഫൊറോനാ ഡയറക്ടർ**

   സെന്റ് മേരീസ് ഫൊറോനാ, തുരുത്തി - റവ. ഫാ. തോമസ് പുത്തൻപറമ്പിൽ.

2. ഡിസംബർ മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 ന് അതിരൂപതാ പ്രവാസി അപ്പസ്തോലേറ്റിന്റെ ഫൊറോനാ ഡയറക്ടർ അച്ചന്മാരുടെയും, ഫൊറോനാ പ്രവാസി കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനം സന്ദേശനിലയം മീഡിയാ റൂമിൽ വച്ച് നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളനത്തിലേയ്ക്ക് എല്ലാ ഫൊറോനായിലേയും ഡയറക്ടർമാരായ ബഹുമാനപ്പെട്ട അച്ചന്മാരെയും, ഫൊറോനാ കൗൺസിൽ അംഗങ്ങളേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

3. വിവാഹ ഒരുക്കധ്യാനത്തിൽ പ്രവാസികളുടെ ക്ഷേമപദ്ധതികളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു.

**ഫാ. ഫ്രാൻസിസ് പുത്തൻപുരയ്ക്കൽ**
ഡയറക്ടർ

# സന്ദേശനിലയം

**ഈശോയിൽ സ്നേഹമുള്ളവരേ,**

നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാളിനൊരുക്കമായ 25 നോമ്പിന്റെ ദിനങ്ങളിലാണല്ലോ നാം. തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം നമ്മെ സ്നേഹിച്ച ദൈവത്തിന്റെ സ്നേഹത്തിന്റെ പെരുന്നാളാണ് ക്രിസ്മസ്. ഈ ക്രിസ്മസ് ആഘോഷിക്കുമ്പോൾ നമ്മുടെ ഹൃദയത്തിലും ബന്ധങ്ങളിലും സ്നേഹം മാംസം ധരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. അങ്ങനെ നമ്മുടെ വിശ്വാസപരിശീലനവേദികളും പ്രവർത്തനങ്ങളും സ്നേഹ നിർഭരമായിത്തീരട്ടെ. ഈ വജ്രജൂബിലി വർഷത്തിൽ നാം നടത്തുന്ന കെരിഗ്മ - മതാധ്യാപക കൺവൻഷനിൽ എല്ലാ അധ്യാപകരെയും പങ്കെടുപ്പിക്കാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടിത്തന്നെ നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടാതെ **Salt & Light** എന്ന ട്രെയിനിംഗ് പ്രോഗ്രാമിലേയ്ക്ക് ഏറ്റം അനുയോജ്യരായവരെ കണ്ടെത്തി പറഞ്ഞയയ്ക്കുന്ന കാര്യവും ഓർമ്മിപ്പിക്കട്ടെ. അതിരൂപതാ ബൈബിൾ കലോത്സവം കുറ്റമറ്റ രീതിയിൽ നടത്തുവാൻ വേണ്ടതായ സഹായസഹകരണങ്ങൾ നിങ്ങൾ നല്കുമല്ലോ. ഡിസംബർ 23-ാം തീയതി നടക്കുന്ന ദൈവവിളി സെമിനാറിൽ പങ്കെടുക്കുവാനായി ദൈവവിളിയോട് ആഭിമുഖ്യമുള്ള കുട്ടികളെ കണ്ടെത്തി പറഞ്ഞുവിടേണ്ടതാണ്.

ദൈവാനുഗ്രഹസമ്പന്നമായ ഒരു വർഷം കൂടി നമ്മോട് വിടപറയുകയാണ്. പുത്തൻ പ്രതീക്ഷകളോടെ, പുതുചൈതന്യത്തോടെ പുതുവർഷത്തെ നമുക്ക് വരവേൽക്കാം. പുതുവർഷം എല്ലാ അർത്ഥത്തിലും നന്മനിറഞ്ഞതായിത്തീരട്ടെ

നമ്മുടെ അമ്മയായ പരി.കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാളിന്റെയും നമ്മുടെ കർത്താവീശോമിശിഹായുടെ ജനനത്തിരുനാളിന്റെയും ആശംസകൾ നേർന്നുകൊണ്ട്,

**ഈശോയിൽ സ്നേഹപൂർവ്വം**
**നിങ്ങളുടെ**

**ജോബിയച്ചൻ**
**ജോസിയച്ചൻ**

**ഡിസംബർ**

| | | |
|---|---|---|
| 1 വെള്ളി | : | ഇരുപത്തഞ്ച് നോമ്പാരംഭം |
| 2 ശനി | : | CLT ക്ലാസ്സ്, MCC ക്ലാസ്സ് |
| 8 വെള്ളി | : | പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവതിരുനാൾ (ഓഫീസ് അവധി) |
| 9 ശനി | : | CLT ക്ലാസ്സ്, MCC ക്ലാസ്സ്, ഫൊറോന സെമിനാർ - എടത്വാ |
| 16 ശനി | : | CLT ക്ലാസ്സ് |
| 18 തിങ്കൾ | : | മാർ തോമ്മാസ്ലീവായുടെ തിരുനാൾ |

25 തിങ്കൾ : ക്രിസ്തുമസ് - ഈശോമിശിഹായുടെ പിറവിത്തിരുനാൾ (ഓഫീസ് അവധി)

28 വ്യാഴം & 29 വെള്ളി : അതിരൂപതാ ബൈബിൾ കലോത്സവം

**2018 ജനുവരി**

1 തിങ്കൾ : ഈശോയുടെ നാമകരണത്തിരുനാൾ

2 ചൊവ്വ :

6 ശനി : ദനഹാത്തിരുനാൾ, കടമുള്ള ദിവസം

12 വെള്ളി : ദനഹാ ഒന്നാം വെള്ളി, വി. യോഹന്നാൻ മാംദാന
**Salt & Light** (വെള്ളി വൈകുന്നേരം 5.00 മുതൽ 14 ഞായർ ഉച്ചകഴിഞ്ഞ് 3.30 വരെ)

19 വെള്ളി : ദനഹാ രണ്ടാം വെള്ളി
വി. പത്രോസ് പൗലോസ് ശ്ലീഹന്മാർ

**പ്രത്യേക ശ്രദ്ധയ്ക്ക്**

**അതിരൂപതാ ബൈബിൾ കലോത്സവം 2017 ഡിസംബർ 28, 29**

സൺഡേസ്കൂൾ കുട്ടികൾക്കും, അധ്യാപകർക്കുമായുള്ള ബൈബിൾ കലോത്സവം ഡിസംബർ 28, 29 (വ്യാഴം, വെള്ളി) തീയതികളിൽ ചങ്ങനാശേരി എസ്. ബി. കോളേജിൽ വച്ച് നടത്തപ്പെടുന്നു.

## Salt & Light Jan. 12th 5.00 pm to 14th 3.30 pm

വിശ്വാസപരിശീലന മേഖലയിൽ കൂടുതൽ ഉണർവേകുക എന്ന ലക്ഷ്യത്തോടെ ഭാവി വിശ്വാസപരിശീലകരെ രൂപപ്പെടുത്തുന്ന ഒരു പരിശീലനകളരിക്ക് സന്ദേശനിലയം രൂപം നല്കുന്നു. 2017 -18 മതബോധനവർഷം ഹയർകോഴ്സ് പരിശീലനം പൂർത്തീകരിക്കുന്ന കുട്ടികളിൽ നിന്നും സൺഡേസ്കൂൾ മതാദ്ധ്യാപകരാകാൻ താല്പര്യവും യോഗ്യതയുമുള്ളവർക്കായി സന്ദേശനിലയം ഒരുക്കുന്ന മതബോധനാത്മക ത്രിദിന വിശ്വാസപരിശീലക ശില്പശാലയാണ് സാൾട്ട് & ലൈറ്റ്. നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രം :

ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അധ്യാപകരുമായി ആലോചിച്ച് ഇപ്രകാരമുള്ള കുട്ടികളെ തിരഞ്ഞെടുക്കുക. ഈ മതബോധനവർഷം 12-ാം ക്ലാസ്സ് പൂർത്തീകരിക്കുന്നവരായിരിക്കണം. വരും വർഷങ്ങളിൽ ഇടവകയിൽ അധ്യാപകരായി സേവനം ചെയ്യാൻ സന്നദ്ധതയുള്ളവരും, കഴിവുമുള്ളവരായിരിക്കണം. 12-ാം ക്ലാസ്സിന് ഓരോ ഡിവിഷനുകൾ ഉള്ള സൺഡേസ്കൂളിൽ നിന്ന് ഒരാൾക്കും ഒന്നിലധികം ഡിവിഷനുകളുള്ള സൺഡേസ്കൂളുകളിൽ നിന്ന് രണ്ടുപേർക്കും ഈ ക്യാമ്പിൽ പങ്കെടുക്കാം. രജി. ഫീസ് 1000 രൂപയായിരിക്കും. 2017 ഡിസംബർ 31 -നകം പേരുകൾ രജിസ്റ്റർ ചെയ്യുവാൻ ശ്രദ്ധിക്കുക. ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 പേർക്കാണ് ക്യാമ്പിൽ പങ്കെടുക്കുവാൻ അനുവാദമുള്ളത്. നിശ്ചിത തീയതിക്കകം മുൻകൂട്ടി രജിസ്റ്റർ ചെയ്യുമ്പോൾ കുട്ടികൾക്കായി നല്കുന്ന ചോദ്യാവലി പൂരിപ്പിച്ച് നല്കുന്നവരെ മാത്രമേ ക്യാമ്പിൽ പങ്കെടുപ്പിക്കുകയുള്ളൂ. ഈ പ്രോഗ്രാമിനെ സംബന്ധിക്കുന്ന ഒരു

പോസ്റ്റർ എല്ലാ സൺഡേസ്കൂളുകളിലും എത്തിക്കുന്നതാണ്. അതിൽ നിന്നും കൂടുതൽ വിവരങ്ങൾ മനസ്സിലാക്കാം. സംശയ നിവാരണങ്ങൾക്കായി സന്ദേശ നിലയം ഓഫീസിലേയ്ക്ക് വിളിക്കാം. 0481 - 2411912. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ചായിരിക്കും ഈ ക്യാമ്പ് നടക്കുന്നത്.

**അതിരൂപതാ മതാദ്ധ്യാപക കൺവൻഷൻ - കെരിഗ്മ 2018 (2018 ജനുവരി 26)**

അതിരൂപതാ മതാദ്ധ്യാപക കൺവൻഷൻ 2018 ജനുവരി 26 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ ഉച്ച കഴിഞ്ഞ് 3.30 വരെ ചങ്ങനാശേരി എസ്. ബി.കോളേജിൽ വച്ച് നടത്തപ്പെടുന്നു. അതിരൂപതയിലെ മികച്ച അദ്ധ്യാപകർക്കുള്ള നടയ്ക്കൽ പുരസ്കാര ജേതാക്കളെയും മതാധ്യാപന മേഖലയിൽ 25, 50 വർഷം പൂർത്തിയാക്കിയവരെയും സമ്മേളനത്തിൽ ആദരിക്കുന്നതാണ്. അതിരൂപതയിലെ മുഴുവൻ അദ്ധ്യാപകരും കൺവൻഷനിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുക. രജി ഫീസ്. 80 രൂപ. പങ്കെടുക്കുന്ന അധ്യാപകരുടെ കൃത്യമായ എണ്ണം ജനുവരി 6 നു മുമ്പായി സന്ദേശനിലയത്തിലോ സന്ദേശനിലയം വെബ്സൈറ്റിലോ രജിസ്റ്റർ ചെയ്യുക. മതാദ്ധ്യാപനരംഗത്തെ ജൂബിലേറിയൻസിന്റെ പേരു വിവരങ്ങൾ ബയോഡേറ്റ, ഫോട്ടോ, വികാരിയച്ചന്റെ സാക്ഷ്യപത്രം എന്നിവയോടെ ഡിസംബർ 31 മുമ്പായി സന്ദേശനിലയത്തിൽ എത്തിക്കേണ്ടതാണ്.

**നടയ്ക്കൽ പുരസ്കാരം**

സന്ദേശനിലയത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് മതാധ്യാപകർക്ക് നടയ്ക്കൽ പുരസ്കാരം നല്കുകയുണ്ടായല്ലോ. സന്ദേശനിലയത്തിന്റെ സ്ഥാപക ഡയറക്ടറായിരുന്ന ബഹു.മാത്യു നടയ്ക്കലച്ചന്റെ സ്മരണ നിലനിർത്തുന്നതിനായിട്ടാണ് ഈ പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. **4-ാമത് നടയ്ക്കൽ പുരസ്കാരം** 2018 ജനുവരി 26ന് നടക്കുന്ന അതിരൂപത മതാധ്യാപക കൺവൻഷനിൽ വച്ചാണ് നല്കപ്പെടുക. മതബോധനരംഗത്ത് മാതൃകാപരമായ സേവനം കാഴ്ചവയ്ക്കുന്ന **ഒരു അധ്യാപകൻ, ഒരു അധ്യാപിക, ഒരു സിസ്റ്റർ** എന്നിങ്ങനെ മൂന്നു പേർക്കായിരിക്കും നടയ്ക്കൽ പുരസ്കാരം നല്കുക. പുരസ്കാരം നല്കുന്നതിന് അധ്യാപകരെ നാമനിർദ്ദേശം നല്കുന്നതിലേക്ക് ബഹു. വൈദികരുടെ / സൺഡേസ്കൂൾ അദ്ധ്യാപകരുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുകയാണ്.

ചങ്ങനാശേരി അതിരൂപതയിൽ സേവനം ചെയ്യുന്ന ബഹു. ഇടവക വികാരിയച്ചന്മാർക്കും, സൺഡേസ്കൂൾ ഡയറക്ടർമാർക്കും, മറ്റു വൈദീകർക്കും സൺഡേസ്കൂൾ അധ്യാപകർക്കും പുരസ്കാരത്തിന് യോഗ്യരായ അതിരൂപതയിലെ ഏതൊരു സൺഡേസ്കൂൾ അധ്യാപകനെയും നടയ്ക്കൽ പുരസ്ക്കാരത്തിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

- മൂന്നു വിഭാഗത്തിലും ഒരാളെ വീതം ഏതൊരു സൺഡേസ്കൂളിൽ നിന്നും നോമിനേറ്റു ചെയ്യാവുന്നതാണ്.
- **നിശ്ചിതഫോമിൽ നോമിനേഷനുകൾ 2017 ഡിസംബർ 31 - നകം സന്ദേശനിലയത്തിൽ നല്കേണ്ടതാണ്.**
- നാമനിർദ്ദേശം ചെയ്യപ്പെടുന്നവർക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. മതാധ്യാപകനായി കുറഞ്ഞത് 15 വർഷം സർവ്വീസും 40 വയസ്സിൽ കുറയാത്ത പ്രായവും ഉണ്ടായിരിക്കണം.

2. സർവ്വീസ് പരിഗണിക്കുമ്പോൾ സീറോമലബാർ സഭയിലെ സൺഡേസ്കൂളുകളിൽ കുറഞ്ഞത് 15 വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണം. ആയതിൽ 10 വർഷത്തെ തുടർച്ചയായ സർവ്വീസ് ചങ്ങനാശേരി അതിരൂപതയിലെ സൺഡേസ്കൂളുകളിൽ നിന്നായിരിക്കണം. ഇപ്പോഴും സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

3. ചങ്ങനാശേരി അതിരൂപതയിലെ മതാധ്യാപകനുണ്ടായിരിക്കേണ്ട അടിസ്ഥാന യോഗ്യതകൾ ഉണ്ടായിരിക്കണം.

4. ദൈവശാസ്ത്ര മതബോധന സംബന്ധമായ കോഴ്സുകളിലുള്ള പങ്കാളിത്തം

5. സൺഡേസ്കൂൾ രംഗത്ത് ഇടവക ഫൊറോന, അതിരൂപത തലങ്ങളിലുള്ള സജീവ ഭാഗഭാഗിത്വം.

6. മതബോധനരംഗത്തെ പ്രത്യേക സംഭാവനകൾ.

◆ നാമനിർദ്ദേശത്തിനായുള്ള ഫോമുകൾ സന്ദേശനിലയം ഓഫിസിൽ ലഭ്യമാണ്. കൂടാതെ www.sandesanilayam.org എന്ന സൈറ്റിലും ലഭിക്കുന്നതാണ്.

നോമിനേറ്റ് ചെയ്യപ്പെടുന്ന അധ്യാപകരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന നടയ്ക്കൽ പുരസ്കാരത്തിനായുള്ള നാമനിർദ്ദേശപത്രം പൂരിപ്പിച്ച് നിശ്ചിത ദിവസത്തിനു മുമ്പായി സന്ദേശനിലയത്തിൽ എത്തിക്കുവാൻ ശ്രദ്ധിക്കണമെ.

**ആദരാഞ്ജലികൾ**

മുട്ടാർ വിമല സൺഡേസ്കൂൾ ഡയറക്ടർ ഫാ. ജോസി കൊല്ലംമാലിൽ സി.എം.ഐ.യുടെ മാതാവിന്റെയും പാണ്ടങ്കരി പയസ് X$^{th}$ സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ ശ്രീ. ജേക്കബ് ജോർജ് മണക്കളത്തിന്റെയും കരിമ്പനക്കുളം എസ്. എച്ച്. സൺഡേസ്കൂൾ അധ്യാപിക റോസിയുടെ മാതാവിന്റെയും മാവേലിക്കര സെന്റ് അൽഫോൻസാ സൺഡേസ്കൂൾ അധ്യാപിക സി. മാഗി സി. എം.സി.യുടെ പിതാവിന്റെയും തകഴി സെന്റ് റീത്താസ് സൺഡേസ്കൂൾ അധ്യാപിക ലിബി ഷിബുവിന്റെ പിതാവിന്റെയും ചേന്നംങ്കരി സെന്റ് ജോസഫ്സ് സൺഡേസ്കൂൾ വിദ്യാർത്ഥിനി ജോബിമോൾ ജോർജ്ജ് തയ്യിൽച്ചിറയുടെയും മല്ലപ്പള്ളി സെന്റ് അത്തനേഷ്യസ് സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ്സായ ശ്രീമതി. ലിസിയാമ്മ മാത്യുവിന്റെ മാതാവിന്റെയും കുളത്തൂർ ലിറ്റിൽ ഫ്ളവർ സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. ഷീനാ സെബാസ്റ്റ്യന്റെ ഭർത്താവിന്റെയും മണലാടി സെന്റ് മേരീസ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജെസ്റ്റിൻ ജോസഫ് മഠത്തിശേരിയുടെ പിതാവും മുൻ അധ്യാപകനുമായ എം. എം. ജോസഫ് മഠത്തിശേരിയുടെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

☸

# ചെറുപുഷ്പ മിഷൻ ലീഗ്

**ഈശോയിൽ സ്നേഹമുള്ളവരേ,**

ഒരു വർഷം കൂടി നമ്മോടു യാത്ര പറയുകയാണ്. ദൈവത്തിന്റെ അമൂല്യമായ ദാനമാണ് സമയം. സമയം അർത്ഥപൂർണ്ണമായി ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം. പിന്നിട്ട വഴികളിൽ ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദിപറയുകയും ദൈവാനുഗ്രഹങ്ങളാൽ സമ്പന്നമായ ഒരു പുതിയ വർഷത്തിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

ആരാധനാക്രമവത്സരത്തിലെ പുതിയ കാലത്തിലേയ്ക്ക് നാം പ്രവേശിക്കുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനവും ശാന്തിയും പകരുന്ന ക്രിസ്തുമസിന്റെ എല്ലാവിധ അനുഗ്രഹങ്ങളും ആശംസകളും നേരുന്നു. ക്രിസ്തുമസിനായി ഒരുങ്ങുമ്പോൾ നോമ്പുകാലത്ത് നാം നടത്താറുള്ള ഉണ്ണിയേത്തേടി എന്ന പരിപാടി ഉചിതമായി ക്രമീകരിച്ച് നടപ്പിലാക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ക്രിസ്കാർഡ് മത്സരം ഡിസംബർ 20നു മുമ്പായി ശാഖകളിൽ നടത്തി ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന കാർഡുകൾ ഡിസംബർ 31-നു മുൻപായി അതിരൂപതയിൽ ഏല്പിക്കുമല്ലോ. പരി.കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാളിന്റെയും ക്രിസ്തുമസിന്റെയും ആശംസകൾ നേർന്നുകൊണ്ട്

ഈശോയിൽ സ്നേഹപൂർവ്വം

നിങ്ങളുടെ

**ജോബിയച്ചൻ**

**ജോസിയച്ചൻ**

**ഡിസംബർ**

1 വെള്ളി : ഇരുപത്തഞ്ചു നോമ്പാരംഭം
(ഈശോയെ സ്വന്തമാക്കാൻ നമുക്കൊരുങ്ങാം)

2 ശനി : എക്ലേസിയ ക്വിസ്, മിഷൻ ആന്തം (അതിരൂപതാ തലത്തിൽ)

4 തിങ്കൾ : വി. ഫ്രാൻസിസ് സേവ്യറുടെ തിരുനാൾ
പ്രേഷിതർക്കുവേണ്ടി പ്രാർത്ഥിക്കുക

8 വെള്ളി : പരി. കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ
(ഓഫീസ് അവധി)

9 ശനി : സംസ്ഥാന വാർഷികം - സംസ്ഥാന കൗൺസിൽ

10 ഞായർ : കൂപ്പൺ നറുക്കെടുപ്പ്

25 തിങ്കൾ : ക്രിസ്തുമസ് ഓഫീസ് അവധി

28 വ്യാഴം : കുഞ്ഞിപൈതങ്ങൾ (ശിശുദിനം)

31 ഞായർ: വർഷാവസാനം, തിരുക്കുടുംബത്തിന്റെ തിരുനാൾ, ബൈബിൾ ഞായർ, ബൈബിൾ റാലി സമ്മേളനം ശാഖകളിൽ

**2018 ജനുവരി**

1 തിങ്കൾ : പുതുവർഷാരംഭം, ദൈവമാതൃത്വ തിരുനാൾ

3 ബുധൻ : വിശുദ്ധ ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ, സന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കാം

6 ശനി : ദനഹാതിരുനാൾ, കടമുള്ള ദിവസം. (ഓഫീസ് അവധി)

7 ഞായർ : സീറോമലബാർ മിഷൻ ഞായർ

**ഉണ്ണിയേത്തേടി ക്വിസ് പ്രോഗ്രാം**

ഡിസംബർ 1 മുതൽ ക്രിസ്തുമസ് തുടർച്ചയായി 25 ദിവസം ദീപികയിൽ പ്രസിദ്ധീകരിക്കുന്ന ക്രിസ്തുമസുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ശരിയുത്തരം വാട്സ്ആപ്പിലൂടെ അയച്ച് സമ്മാനം നേടുന്ന പരിപാടിയാണിത്. ഉത്തരങ്ങൾ അയയ്ക്കേണ്ട നമ്പരുകൾ 8547438858, 9446868958 ശരിയുത്തരങ്ങൾ ലഭിക്കുന്നവരിൽ നിന്ന് നറുക്കിട്ട് വിജയിയെ നിശ്ചയിക്കുന്നതാണ്. സമ്മാനാർഹരായ കുട്ടികളുടെ ഫോട്ടോ പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. ചങ്ങനാശേരി അതിരൂപതയിലെ മിഷൻലീഗംങ്ങൾക്കായി ക്രമീകരിച്ചിട്ടുള്ള ഈ ക്വിസ്മത്സരത്തിൽ സാധിക്കുന്നവരെല്ലാം പങ്കുചേരേണ്ടതാണ്.

**മിഷൻ എലൈവ്**

ജനുവരി 20-ാം തീയതി നടക്കുന്ന മിഷൻ എലൈവിനായി കുട്ടികളെ തയ്യാറാക്കി വിടുമല്ലോ. മിഷൻ എലൈവ് വിഷയം **"മാമ്മോദീസാ സ്വീകരിച്ച് സഭയിലെ അംഗങ്ങളായ എല്ലാവരും പ്രേഷിതരാണ്"** വിശദവിവരങ്ങൾക്ക് മാർഗ്ഗരേഖയും നവംബർ മാസത്തെ മദ്ധ്യസ്ഥനും കാണുക. പഠനഗ്രന്ഥത്തെ അടിസ്ഥമാനമാക്കി എല്ലാ വർഷവും നടത്തിവരുന്ന അതിരൂപതാതല മിഷൻ എലൈവ് മത്സരം ജനുവരി 20 ന് ശനിയാഴ്ച രാവിലെ 9.30ന് സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ഡിസംബർ 31-നു മുമ്പായി അതിരൂപതാ ഓഫീസിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഭക്ഷണം ആവശ്യമുള്ളവർ Rs.60/- തന്ന് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

മേഖലകൾ കാരുണ്യനിധി കൂപ്പണുകൾ അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ട അവസാനതീയതി നവംബർ 30 ആണെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു.

**ദൈവവിളി സെമിനാർ**

ഈ വർഷത്തെ അതിരൂപതാ ദൈവവിളി സെമിനാർ **2017 ഡിസംബർ 23-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മുതൽ വൈകുന്നേരം 3.30 വരെ നടത്തപ്പെടുന്നു. ആൺകുട്ടികൾക്ക് കുറിച്ചി മൈനർ സെമിനാരിയിലും പെൺകുട്ടികൾക്ക് സന്ദേശനിലയത്തിലുമാണ് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്.**

വൈദിക സന്യസ്ത ജീവിതാന്തസ്സുകളിലേയ്ക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന VIII മുതൽ XII വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെയും മറ്റു ഡിഗ്രി കോഴ്സുകൾ പഠിക്കുന്നവരെയും പ്രസ്തുത സെമിനാറിലേയ്ക്ക് പറഞ്ഞയയ്ക്കണമെന്ന് താല്പര്യപ്പെടുന്നു. രജി. ഫീസ് 70 രൂപയായിരിക്കും. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്.

**സീറോമലബാർ പ്രേഷിതവാരം**

ജനുവരി 6 മുതൽ 12 വരെ സീറോമലബാർസഭ പ്രേഷിതവാരമായി ആചരിക്കുകയാണ്. ഈ അവസരത്തിൽ ശാഖാതലത്തിലും മേഖലാതലത്തിലും ഉചിതമായ പരിപാടികൾ ക്രമീകരിച്ച് നമുക്കും സഭയുടെ ഈ പ്രേഷിതവാരാചരണത്തിൽ പങ്കുചേരാം. ഭവനസന്ദർശനം, മിഷൻ കളക്ഷൻ, പ്രേഷിതറാലി, മിഷനറിമാരെ ആദരിക്കൽ, പ്രേഷിതവാര പ്രതിജ്ഞ തുടങ്ങിയ പരിപാടികൾ ഇതിനായി നടത്താവുന്നതാണ്. സുവിശേഷപ്രഘോഷണത്തിനും അജപാലനദൗത്യനിർവ്വഹണത്തിനുമായി പ്രാർത്ഥനയിൽ നമുക്കൊന്നുചേരാം.

**അൾത്താരബാലന്മാരുടെ അതിരൂപതാ ക്യാമ്പ്**

നവംബർ 17, 18, 19 തീയതികളിൽ കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് അൾത്താര ബാലന്മാരുടെ ക്യാമ്പ് നടത്തപ്പെട്ടു. അഭി. മാർ ജോസഫ് പെരുന്തോട്ടം, മാർ തോമസ് തറയിൽ എന്നീ പിതാക്കന്മാർ ക്യാമ്പ് സന്ദർശിച്ച് സന്ദേശം നല്കി. ബഹു. ജോബി കറുകപ്പറമ്പിലച്ചന്റെയും, ബഹു. ജോസി പൊക്കാവരയത്തച്ചന്റെയും നേതൃത്വത്തിൽ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ക്യാമ്പിന് നേതൃത്വം നല്കി.

**ഒന്നാം ഘട്ട റിപ്പോർട്ട് 2017 - 2018 മികച്ച യൂണീറ്റുകൾ**

1. ആലപ്പുഴ - എസ്. എച്ച്. അറുനൂറ്റുംപാടം
2. അമ്പൂരി - ക്രിസ്തുരാജ് രാജഗിരി
3. അതിരമ്പുഴ - സെന്റ് ജോസഫ്സ് പുഷ്പഗിരി തെള്ളകം
4. ചമ്പക്കുളം - സെന്റ് ജോസഫ്സ് ചേന്നംകരി
5. ചങ്ങനാശേരി - ഡോൺ ബോസ്കോ ചെത്തിപ്പുഴ
6. എടത്വാ - സെന്റ് ജോസഫ്സ് കരുവാറ്റ
7. കൊല്ലം - ആയൂർ- ക്രിസ്തുരാജ് ആയൂർ
8. കോട്ടയം - സെന്റ് ആന്റണീസ് പുതുപ്പള്ളി
9. കുറുമ്പനാടം - ഹോളി ഫാമിലി മാന്നില
10. കുടമാളൂർ - സെന്റ് ആന്റണീസ് ചീപ്പുങ്കൽ
11. മണിമല - എസ്. എച്ച്. കരിമ്പനക്കുളം
12. നെടുംകുന്നം - സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് നെടുംകുന്നം
13. പുളിംകുന്ന് - സെന്റ് പയസ് X$^{th}$ മങ്കൊമ്പ്
14. തിരുവനന്തപുരം - സെന്റ് സേവ്യേഴ്സ് തൃക്കൊടിത്താനം
15. തുരുത്തി - ഹോളി ഫാമിലി പൊടിപ്പാറ

# ഫാമിലി അപ്പോസ്റ്റലേറ്റ്

സ്നേഹമുള്ള കുടുംബപ്രേഷിതരേ,

മംഗളവാർത്തകാലത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഏവർക്കും പിറവിത്തിരുനാളിന്റെ അശംസകൾ. മംഗളവാർത്തകാലം 'ജീവന്റെ കാലമായി' നാം ആചരിക്കുന്നു. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ 'ജീവന്റെ സുവിശേഷം' എന്ന ചാക്രികലേഖനത്തിൽ പറയുന്നു 'ക്രൈസ്തവ കുടുംബങ്ങൾ ജീവന്റെ സുവിശേഷത്തെ ആഘോഷിക്കുന്നതിനും പ്രഘോഷിക്കുന്നതിനും അയക്കപ്പെട്ടവരാണ്. ജീവന്റെ ജനമായ ക്രൈസ്തവ വിശ്വാസികൾക്ക് ജീവനെ സേവിക്കാനുള്ള കടമയുണ്ട്. തിന്മയെ കീഴടക്കി ഓരോ മനുഷ്യന്റെയും മുഖത്ത് മിശിഹായുടെ മുഖം കാണുവാൻ ക്രൈസ്തവദമ്പതിമാർ ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതാണ്. ഓരോ വ്യക്തിയും തന്നിൽ തന്നെയും മറ്റുള്ളവരിലും മിശിഹായുടെ മുഖം വളർത്തിയെടുക്കണം. ജീവന്റെ സുവിശേഷം പ്രസംഗിക്കാനുള്ള പ്രഥമ ഉത്തരവാദിത്വം ദമ്പതികളെ സഭ ഏൽപ്പിച്ചിരിക്കുന്നു. ഗർഭഛിദ്രം, ദയാവധം, ഗർഭനിരോധനം, വന്ധ്യംകരണം തുടങ്ങി ജനസംഖ്യനിയന്ത്രണമാർഗ്ഗങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും നിയമങ്ങളോട് പടപൊരുതുവാൻ പരിശുദ്ധപിതാവ് ആഹ്വാനം ചെയ്യുന്നു. ജീവനെ വളർത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലൂടെയാണ് ഭൂമിയിൽ യഥാർത്ഥമായ സമാധാനം കൈവരുക.

ആരാധനക്രമ വത്സരത്തിലെ പുതിയ വർഷത്തിൽ നാം പ്രവേശിക്കുകയാണല്ലോ. പുതിയ വർഷത്തിൽ പുതിയ തീരുമാനങ്ങളെടുത്ത് നമുക്ക് കുടുംബ പ്രേഷിതരാകാം.

സ്നേഹപൂർവ്വം,

**ഫാ. ജോസ് മുകളേൽ**

**ഫാ. ജോസഫ് ഇലഞ്ഞിമറ്റം**

**അതിരൂപതാവാർഷികം**

ചങ്ങനാശേരി അതിരൂപതാ മാതൃ-പിതൃവേദി വാർഷികം **2017 ഡിസംബർ 9 ശനിയാഴ്ച ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ കാവുകാട്ട് ഹാളിൽ** വച്ച് നടക്കുന്നു. വാർഷികത്തിന് ഇടവകയിൽനിന്ന് പരമാവധി ആളുകളെ പങ്കെടുപ്പിക്കണമേ. മീറ്റിംഗ് രാവിലെ 9-ന് വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച് ഉച്ചകഴിഞ്ഞ് 2.00 മണിക്ക് അവസാനിപ്പിക്കും. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. ഈ മീറ്റിംഗിൽ വച്ച് ഏറ്റവും നല്ല യൂണിറ്റുകൾക്കും ഫൊറോനകൾക്കും 'സാക്ഷ്യപേടക'ത്തിന്റെ മികച്ച ഫൊറോന, യൂണിറ്റ് എന്നിവയ്ക്കും കലാമത്സരത്തിലെ വിജയികൾക്കും സമ്മാനം നൽകുന്നതായിരിക്കും. സമ്മേളനത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ആനുപാതികമായി പങ്കെടുപ്പിക്കുന്നവർക്ക് സമ്മാനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ഡിസംബർ 2-നകം നൽകണമേ.

**വിവാഹസുവർണ്ണ ജൂബിലി സംഗമം**

വിവാഹത്തിന്റെ 50-ാം വാർഷികം (1967-ൽ വിവാഹിതരായവർ) ആഘോഷിക്കുന്ന ദമ്പതികളുടെ സംഗമം **2017 ഡിസംബർ 16-ാം തീയതി ശനിയാഴ്ച ചങ്ങനാശേരി കത്തീഡ്രൽ പള്ളി**യിൽവച്ച് നടക്കുന്നു. രാവിലെ 9.30 ന് വി. കുർബാനയോടുകൂടി സംഗമം ആരംഭിച്ച് 1.00 മണിക്ക് ഉച്ചഭക്ഷണത്തോടുകൂടി സമാപിക്കുന്നു. പങ്കെടുക്കുന്ന ദമ്പതികളുടെയും അവരുടെ സഹായികളായി വരുന്നവരുടെയും പേരും ഫോൺ നമ്പരും ഈ നോട്ടീസിനോടൊപ്പമുള്ള പേപ്പറിൽ എഴുതി ഡിസംബർ 9-നകം ഓഫീസിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ജീവന്റെ മാസാചരണം**

- ഗർഭിണികളുടെ അർദ്ധദിന കൂട്ടായ്മ നടത്തുക.
- നവജാതശിശുക്കളെ സന്ദർശിക്കുക.
- പ്രൊലൈഫ് പ്രതിജ്ഞ ചൊല്ലുക.
- പ്രോലൈഫ് ബോധവത്കരണ പരിപാടികൾ നടത്തുക.
- രോഗികളെയും വാർദ്ധക്യത്തിലെത്തിയവരെയും സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.
- 'ഫലദായക ദാമ്പത്യ'ത്തെക്കുറിച്ചുള്ള അവബോധം വളർത്തുക.
- 'നഴ്സസ് സംഗമം' നടത്തുക.

**തിരുബാലസഖ്യ ദിനം**

ഡിസംബർ 28-ാം തീയതി കുഞ്ഞിപൈതങ്ങളുടെ തിരുനാൾ ദിവസം തിരുബാലസഖ്യദിനമായി ആചരിക്കുകയാണല്ലോ. അന്നേദിവസം ഇടവകകളിൽ 5 വയസ്സുവരെയുള്ള കുട്ടികൾക്കുവേണ്ടി വി. കുർബാനയും മറ്റു പ്രാർത്ഥനാശുശ്രൂഷകളും നടത്തുകയും അവരുടെ മാതാപിതാക്കളുടെ സംഗമം നടത്തുകയും ചെയ്യണം. കുട്ടികൾക്ക് മധുരപലഹാരങ്ങളോ സമ്മാനങ്ങളോ നല്കുന്നത് ഉചിതമായിരിക്കും. ഇടവകജനം മുഴുവൻ അന്ന് കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കണം.

**സമ്മാനകൂപ്പൺ**

മാതൃ-പിതൃവേദി സംഘടനകളുടെ യൂണിറ്റുകളുടെയും, ഫൊറോനയുടെയും, അതിരൂപതയുടെയും പ്രവർത്തനങ്ങൾക്കുവേണ്ടിയും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഫണ്ട് ശേഖരിക്കുന്നതിനായി സമ്മാനകൂപ്പൺ തയ്യാറാക്കിയിരിക്കുന്നു. **2018 ജനുവരി 19-ാം തീയതിയാണ് നറുക്കെടുപ്പ്.** ശേഖരിക്കുന്ന തുകയുടെ 50% യൂണിറ്റിനും (ആവശ്യമെങ്കിൽ അതിൽനിന്ന് 5% വിൽക്കുന്ന വ്യക്തിക്ക് കൊടുക്കാം) 35% ഫൊറോനയ്ക്കും 15% അതിരൂപതയ്ക്കും ലഭിക്കുന്നതാണ്.

ഏറ്റവും കൂടുതൽ കൂപ്പൺ ചെലവഴിക്കുന്ന ഇടവകയിലെ വീടുകൾക്ക് ആനുപാതികമായി (200നു താഴെ, 200നും 700നും ഇടയിൽ, 700നു മുകളിൽ) സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഫൊറോനകൾക്കും ആനുപാതികമായി സമ്മാനം നൽകുന്നതാണ്.

കൗണ്ടർഫോയിലും പണവും ഓഫീസിൽ നൽകേണ്ട അവസാന തീയതി **2018 ജനുവരി 10-ാം തീയതി** വൈകുന്നേരം 5.00 മണി വരെ.

**കലാമത്സര വിജയികൾ**

മാതൃ-പിതൃവേദി കലാമത്സരങ്ങൾ നവംബർ 11-ാം തീയതി ശനിയാഴ്ച ചങ്ങനാശേരി സെന്റ് ആൻസ് സ്കൂളിൽവച്ച് നടന്നു. നാടകം, മാർഗ്ഗംകളി, കോൽകളി, സംയുക്ത ആന്തം, സംഘഗാനം, ക്വിസ്മത്സരം, പ്രസംഗം, ഗാനം, കവിതാരചന, കഥാരചന, ഉപന്യാസരചന എന്നീ മത്സരങ്ങളിലായി 16 ഫൊറോനകളിൽനിന്ന് 80-ഓളം മാതാപിതാക്കന്മാർ മാറ്റുരച്ചു. നേതൃത്വം നൽകിയ അതിരൂപതാ ഭാരവാഹികളെയും ഓഫീസ് സ്റ്റാഫിനെയം നന്ദിയോടെ ഓർക്കുന്നു. മാതൃ-പിതൃവേദി മത്സരങ്ങളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ **തുരുത്തി ഫൊറോനയ്ക്ക്** അഭിനന്ദനങ്ങൾ.

**പിതൃവേദി (ഓവറോൾ)**

I. തുരുത്തി

II കോട്ടയം, പുളിങ്കുന്ന്

III. കുടമാളൂർ

**മാതൃവേദി (ഓവറോൾ)**

I. തുരുത്തി

II. ആലപ്പുഴ

III. കോട്ടയം

| | | **I**st | **II**nd | **III**rd |
|---|---|---|---|---|
| 1. | കഥാരചന (പിതൃവേദി) | കോട്ടയം | തിരുവനന്തപുരം | തുരുത്തി |
| 2. | കഥാരചന (മാതൃവേദി) | തുരുത്തി | അതിരമ്പുഴ | മണിമല |
| 3. | കവിതാരചന (പിതൃവേദി) | പുളിങ്കുന്ന് | കുടമാളൂർ | തിരുവനന്തപുരം |
| 4. | കവിതാരചന (മാതൃവേദി) | തിരുവനന്തപുരം | മണിമല | കോട്ടയം |
| 5. | ഉപന്യാസം (പിതൃവേദി) | കുടമാളൂർ | തുരുത്തി തൃക്കൊടിത്താനം | അമ്പൂരി & |
| 6. | ഉപന്യാസം (മാതൃവേദി) | തിരുവനന്തപുരം | ആലപ്പുഴ | ചമ്പക്കുളം |
| 7. | ബൈബിൾക്വിസ് (പിതൃവേദി) | മണിമല | ആലപ്പുഴ | ചങ്ങനാശേരി |
| 8. | ബൈബിൾക്വിസ് (മാതൃവേദി) | കുറുമ്പനാടം | ചങ്ങനാശേരി | കോട്ടയം |
| 9. | സംഗീതം (പിതൃവേദി) (Below 45) | തുരുത്തി | പുളിങ്കുന്ന് | തിരുവനന്തപുരം & കോട്ടയം |
| 10. | സംഗീതം (മാതൃവേദി) (Below 45) | ആലപ്പുഴ | ചമ്പക്കുളം | തുരുത്തി & കോട്ടയം |
| 11. | സംഗീതം (പിതൃവേദി) (Above 45) | കുറുമ്പനാടം | തുരുത്തി | പുളിങ്കുന്ന് & ആലപ്പുഴ |
| 12. | സംഗീതം (മാതൃവേദി) (Above 45) | തുരുത്തി | ചങ്ങനാശേരി | കുറുമ്പനാടം & തിരുവനന്തപുരം |
| 13. | പ്രസംഗം (പിതൃവേദി) (Below 45) | ചങ്ങനാശേരി | തുരുത്തി | ആലപ്പുഴ |
| 14. | പ്രസംഗം (മാതൃവേദി) (Below 45) | കുടമാളൂർ | അതിരമ്പുഴ | ആലപ്പുഴ |

| | | | |
|---|---|---|---|
| 15. പ്രസംഗം (പിതൃവേദി) (Above 45) | മണിമല | ആലപ്പുഴ | ചമ്പക്കുളം |
| 16. പ്രസംഗം (മാതൃവേദി) (Above 45) | മണിമല | കുറുമ്പനാടം | കോട്ടയം |
| 17. കോൽക്കളി (പിതൃവേദി) | പുളിങ്കുന്ന് | കോട്ടയം | തുരുത്തി |
| 18. മാർഗ്ഗംകളി (മാതൃവേദി) | തുരുത്തി | നെടുങ്കുന്നം | കോട്ടയം & ആലപ്പുഴ |
| 19. സ്കിറ്റ് (മാതൃവേദി-പിതൃവേദി) | കുറുമ്പനാടം | ചങ്ങനാശ്ശേരി | ചമ്പക്കുളം |
| 20. സംഘഗാനം (മാതൃവേദി-പിതൃവേദി) | കുടമാളൂർ | കോട്ടയം | തുരുത്തി & ആലപ്പുഴ |
| 21. സംയുക്ത ആന്തം (മാതൃവേദി-പിതൃവേദി) | കോട്ടയം | കുടമാളൂർ | തുരുത്തി & ആലപ്പുഴ |

**വി. ജിയന്നായുടെ തിരുശേഷിപ്പ് പ്രയാണം പുളിങ്കുന്ന്, ചമ്പക്കുളം ഫൊറനകളിൽ നടത്തപ്പെട്ടു**

പുളിങ്കുന്ന് ഫൊറോന വികാരി വെരി റവ. ഫാ. മാത്യു ചൂരവടി ഫൊറോന ഡയറക്ടർ ഫാ. ജോസഫ് ആറുപറ, ചമ്പക്കുളം ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുര, ഫൊറോന ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെള്ളാമത്തറ, ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും, രൂപത കോർഡിനേറ്റർ ശ്രീ. എബ്രഹാം പുത്തൻകളം, പുളിങ്കുന്ന് ഫൊറോന കോർഡിനേറ്റർമാരായ ജോളി സക്കറിയ നാല്പതാംകളം, പ്രസിഡന്റുമാരായ സജി തോമസ് പത്തിൽ, മിനി ജെയിംസ് കാപ്പിൽ, ചമ്പക്കുളം ഫൊറോന കോർഡിനേറ്റർമാരായ എബ്രഹാം കിണിയാത്തുശ്ശേരി, ജോയി എം. ചുളയിൽ, കുഞ്ഞുമോൾ ജോസഫ് വാണിയപ്പുര പ്രോലൈഫ് പ്രവർത്തകർ തുടങ്ങി പ്രയാണത്തിന് നേതൃത്വം നൽകിയ എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**തിരുശേഷിപ്പ് പ്രയാണം നടക്കുന്ന ഇടവകകൾ**

**നവംബർ**

20–21 എടത്വാ ഫൊറോന
21–22 മരിയാപുരം
22–23 പച്ച ആശുപത്രി
23–24 പച്ച ചെക്കിടിക്കാട്
24–25 കേളമംഗലം
25–26 തകഴി
26–27 വിരുപ്പാല
27–28 കരുമാടി
28–29 അമ്പലപ്പുഴ
29–30 കരുവാറ്റ
30 ഡിസം. 1 പാണ്ടി
1–2 നിരണം
2–3 പാണ്ടങ്കരി
3–4 കോയിൽമുക്ക്
4–5 കുന്തിരിക്കൽ
5–6 മുട്ടാർ സെന്റ് ജോർജ്ജ്
6–7 മുട്ടാർ സെന്റ് തോമസ്
7–8 മുട്ടാർ സി.എം.ഐ.
8–9 കിഴക്കേമിത്രക്കരി
9–11 പുതുക്കരി
11–12 മഹാജൂബലി
12–13 ചങ്ങങ്കരി
13–14 തായങ്കരി
14–15 കൊടുപ്പുന്ന

**നവംബർ മാസത്തെ പ്രോഗ്രാം**

3 മാവേലിക്കര - പ്രോലൈഫ് എക്സിബിഷൻ ക്ലാസ്

4 എടത്വ-മാതൃവേദി-പിതൃവേദി പ്രോലൈഫ് ലീഡേഴസ് മീറ്റ്, അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്, എടത്വാ ഫൊറോന നേതൃസംഗമം, ഫൊറോന പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവരുടെ സംയുക്ത മീറ്റിംഗ്.

5 യുവദമ്പതി ധ്യാനം, അമ്പലപ്പുഴ

11 അതിരൂപത കലാമത്സരം, സെന്റ് ആൻസ് സ്കൂൾ

12 വാർഡ് കൺവൻഷൻ ഫാത്തിമാപുരം

14 പായിപ്പാട് ലൂർദ്ദ്മാതാ, മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ച ജീവകാരുണ്യഭവനത്തിന്റെ ആശീർവ്വാദകർമ്മം.

18 ആയൂർ-കുടുംബദിനം

19 മാതൃപിതൃസംഗമം, കുറ്റിക്കോണം

20-25 തേവര കോളേജ് പ്രോലൈഫ് എക്സിബിഷൻ

22-26 തെള്ളകം പാസ്റ്ററൽ സെന്റർ, പ്രോലൈഫ് എക്സിബിഷൻ

24 കെ.സി.ബി.സി. ഡയറക്ടേഴ്സ് മീറ്റ്

25 കണ്ണാടി സെന്റ് ജോസഫ്സ്-മാതൃപിതൃസംഗമം

27 ചെന്നാകുന്ന് പൊൻകുന്നം, പ്രോലൈഫ് എക്സിബിഷൻ, ക്ലാസ്

28 ഡിസംബർ 3

മുംബൈ-'ഗ്ലോബൽ സിമ്പോസിയം ഓൺ ലൈഫ്.'

10 ആലപ്പുഴ ഫൊറോന മാതൃവേദി, പിതൃവേദി, പ്രോലൈഫ് ലീഡേഴ്സ് മീറ്റ്.

**'കുടുംബജ്യോതി' മാസിക**

കേരളത്തിലെ ഏറ്റവും പ്രചാരമുള്ള ക്രൈസ്തവ കുടുംബ മാസികയായ 'കുടുംബ ജ്യോതി'യുടെ സർക്കുലേഷൻ വർദ്ധിപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും, ആനിമേറ്റർ സിസ്റ്റേഴ്സും, മാതൃ-പിതൃ ഭാരവാഹികളും ശ്രദ്ധിക്കണമെ. മുൻ വർഷത്തെപ്പോലെ തന്നെ ഒരു വർഷത്തേക്ക് 120 രൂപയാണ് വരിസംഖ്യ. ഏവരുടെയും സഹായസഹകരണം പ്രതീക്ഷിക്കുന്നു.


FAMILY APOSTOLATE • ARCHDIOCESE OF CHANGANASSERY

"Change the world from your home"

## വിവാഹ ഒരുക്കധ്യാനം

| 2017 ഡിസംബർ | 2018 ജനുവരി | 2018 ഫെബ്രുവരി |
|---|---|---|
| 4,5,6 (Chry) | 1,2,3 (Chry) | |
| 11,12,13 (Zion) | 12,13, 14 (Chry) | 5, 6, 7 (Zion) |
| 18, 19, 20 (Chry) | 22, 23, 24 (Zion) | 12, 13, 14 (Zion) |
| 26,27,28 (Zion) | 29, 30, 31 (Chry) | |

## 14-ാമത് അഖില കേരള

## "മുൾത്തോരും ഫിദേലിയും"

# ബൈബിൾ ക്വിസ് മത്സരം 2018

സീറോമലബാർ സഭയുടെ അജപാലനപ്രവർത്തന സ്വാതന്ത്ര്യത്തിന്റെ നാഴികക്കല്ലായ **മുൾത്തോരും ഫിദേലിയും** എന്ന തിരുവെഴുത്തിന്റെ സുവർണ്ണ ജൂബിലി സ്മരണ ശാശ്വതീകരിക്കാൻ **തിരുവനന്തപുരം ലൂർദ് ഫൊറോന സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ 2018 ജനുവരി 21 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.00 മണിക്ക്** ലൂർദ് ഫൊറോന ചർച്ച് പാരീഷ് ഹാളിൽ സൺഡേ സ്കൂൾ കുട്ടികൾക്കായി നടത്തപ്പെടുന്ന ബൈബിൾ ക്വിസ് മത്സരത്തിലേക്ക് സ്വാഗതം.

**പഠനഭാഗം**

1. വി.മത്തായിയുടെ സുവിശേഷം 1 മുതൽ 9 വരെ അദ്ധ്യായങ്ങൾ (20%)
2. സംഖ്യ 22 മുതൽ 36 വരെ അദ്ധ്യായങ്ങൾ (20%)
3. വെളിപാട് 4 മുതൽ 9 വരെ അദ്ധ്യായങ്ങൾ (20%)
4. ഭാരതസഭാചരിത്രം റവ.ഡോ.സേവ്യർ കൂടപ്പുഴ, 4-ാമത് എഡിഷനിൽ നിന്നും
   a) കൂനൻ കുരിശു സത്യവും സഭയിലെ പിളർപ്പും: അദ്ധ്യായം 11, പേജ് 498-532 (20%)
   b) ഭാരതത്തിലെ പൗരസ്ത്യസഭകളുടെ നവോത്ഥാന കാലഘട്ടം: അദ്ധ്യായം 17, പേജ് 750-793 (20%)

**സമ്മാനങ്ങൾ**

1-ാം സമ്മാനം 8000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും
2-ാം സമ്മാനം 5000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും
3-ാം സമ്മാനം 3000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും

1) ഒരു സൺഡേസ്കൂളിൽ നിന്നും 2 പേർ വീതമുള്ള രണ്ടു ടീമിനു വരെ പങ്കെടുക്കാം. 2) ആൺ-പെൺ വ്യത്യാസമില്ലാതെ ഹയർ കോഴ്സ് ഒഴികെയുള്ള വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. 3) മത്സരത്തിൽ പങ്കെടുക്കുന്ന ടീം സൺഡേസ്കൂൾ ഡയറക്ടറുടെയോ ഹെഡ്മാസ്റ്ററുടെയോ സാക്ഷ്യപത്രവും 100 രൂപ രജിസ്ട്രേഷൻ ഫീസും മത്സരദിവസം കൊണ്ടുവരേണ്ടതാണ്. 4) പങ്കെടുക്കാൻ താല്പര്യമുള്ളവർ ഡിസംബർ 31 നു മുൻപായി ഫോണിൽ കൂടിയോ കത്ത് മുഖേനയോ, ഡയറക്ടറച്ചന്റെയോ, ഹെഡ്മാസ്റ്ററിന്റെയോ പക്കൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 5) ദൃശ്യശ്രാവ്യ മാധ്യമങ്ങൾ കൊണ്ടുള്ള മത്സരമാണ് നടത്തപ്പെടുന്നത്. 6) പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും ആകർഷകമായ സമ്മാനങ്ങൾ നല്കുന്നതാണ്.

| **ജയിംസ് റ്റി. എബ്രഹാം** | **ഫാ. വർഗീസ് കോശാക്കൽ** | **വെ.റവ. ഫാ. ജോസ് വിരുപ്പേൽ** |
|---|---|---|
| (ഹെഡ്മാസ്റ്റർ) | (അസി.വികാരി) | (വികാരി ) |
| 9486213854 | 0471-2302778, 8606246182 | 0471-2304308, 9447877088 |

**മുൾത്തോരും ഫിദേലിയും : പന്ത്രണ്ടാം പീയൂസ് മാർപാപ്പ 1955 ഏപ്രിൽ 29-ാം തീയതി പുറപ്പെടുവിച്ച ഈ തിരുവെഴുത്തിലൂടെ ചങ്ങനാശ്ശേരി അതിരൂപതയുടെ അതിർത്തി കന്യാകുമാരി വരെ വികസിപ്പിച്ചു.**

**ഉടനെ പേര് രജിസ്റ്റർ ചെയ്യുക**

# യുവദീപ്തി–എസ്.എം.വൈ.എം.

### പ്രാർത്ഥനാ പഠന പരിശീലന ക്യാമ്പ്: ആലപ്പുഴ ഫൊറോന

ആലപ്പുഴ ഫൊറോന യുവദീപ്തി എസ്.എം.വൈ.എമ്മിന്റെ 2017 പ്രവർത്തനവർഷത്തിലെ പ്രാർത്ഥാ പഠന പരിശീലനക്യാമ്പ് പുന്നപ്ര സെന്റ് ഗ്രിഗോറിയോസ് കോളേജിൽ നംവബർ 10,11,12 തീയതികളിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് നിധിൻ ആന്റണിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഫൊറോന ഡയറക്ടർ ഫാ. ജോസഫ് കണയങ്കൽ വി.സി. ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര മുഖ്യപ്രഭാഷണം നടത്തി. ഫാ. ബിജോയ് അറയ്ക്കൽ, സിറിയക് തോമസ്, അഞ്ജലി പി. തോമസ്, റ്റോം സെബാസ്റ്റ്യൻ, സി. അനില റോസ് CMC, ലേഖാ ട്രീസാ സെബാസ്റ്റ്യൻ, ചിപ്പി ഇമ്മാനുവൽ, ചിപ്പി വർഗ്ഗീസ്, ജോമോൻ വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു. അഡ്വ. ബെന്നി കുര്യൻ, ശ്രീ. ഷിജോ കണമല, ഫാ. ജേക്കബ് ചക്കാത്ര, ലാലിച്ചൻ മറ്റത്തിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. നൂറോളം യുവജനങ്ങൾ പങ്കെടുത്ത ക്യാമ്പിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത യുവജനങ്ങളുടെ വിവിധ സംശയങ്ങൾക്ക് മറുപടി നൽകുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു.

### യുവജനസംഗമം-മാമ്മൂട്

യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിന്റെ ഭാഗമായി മാമ്മൂട് ഇടവകയിൽ യുവജനമാസാചരണം വിവിധ പരിപാടികളോടുകൂടി നടത്തി. ഇതിന്റെ സമാപനത്തിൽ ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് യുവജനസംഗമവും നടത്തുകയുണ്ടായി.

### യുവജനസംഗമം-കട്ടച്ചിറ

കട്ടച്ചിറ സെന്റ് സേവ്യേഴ്സ് ഇടവകയിലെ യുവദീപ്തി-എസ്.എം.വൈ.എം കൂടുതൽ പ്രവർത്തനിരതമാകുന്നതിന്റെ ഭാഗമായി യുവജനസംഗമവും 2018 വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് പുത്തൻപറമ്പിൽ യുവജനസംഗമം ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ക്ലാസ്സ് നയിച്ചു. ക്ലാസ്സിനുശേഷം പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

### യുവദീപ്തി എസ്.എം.വൈ.എം ഓഫീസ് ഉദ്ഘാടനം ഏറ്റുമാനൂർ

ഏറ്റുമാനൂർ ക്രിസ്തുരാജാ യുവദീപ്തി-എസ്.എം.വൈ.എം. യൂണിറ്റിന് പുതിയ ഓഫീസ് നിർമ്മിച്ചു. യൂണിറ്റ് പ്രസിഡന്റ് ഡോ. അജി. കെ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ഓഫീസ് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഡോ. വർഗ്ഗീസ് പുത്തൻപുര മുഖ്യപ്രഭാഷണം നടത്തി.

### അതിരൂപത സെനറ്റ്

യുവദീപ്തിയുടെ അതിരൂപതാ സെനറ്റ് സിൻഡിക്കേറ്റ് യോഗങ്ങൾ നവംബർ 26-ന് രാവിലെ 10മുതൽ പാസ്റ്ററൽ സെന്ററിൽ കൂടി. ഫൊറോനകളുടെ

പ്രവർത്തനറിപ്പോർട്ടുകൾ അവതരിപ്പിച്ചു. 2017- വർഷത്തിലെ "ഉത്സവ-വിജയികളെ അനുമോദിക്കുകയും പുതിയ വർഷത്തേക്കുള്ള യൂണിറ്റ്, ഫൊറോനാ, അതിരൂപതാ തെരഞ്ഞെടുപ്പുകളുടെ തീയതികൾ നിശ്ചയിച്ച് ഇലക്ഷൻ പ്രഖ്യാപിക്കുകയും ചെയ്തു.

**യുവദീപ്തി-ജന്മദിനാഘോഷം**

യുവദീപ്തിയുടെ 45-ാം ജന്മദിനാഘോഷം വിവിധ പരിപാടികളോടെ അതിരൂപതാ കേന്ദ്രത്തിൽ ഡിസംബർ 3-ാം തീയതി ഞായറാഴ്ച 2.30 മുതൽ നടത്തുന്നു.

**2018 പ്രവർത്തനവർഷത്തേക്കുള്ള തെരഞ്ഞെടുപ്പുകൾ**

33-ാമത് സെനറ്റ് വർഷത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ട സമയമായിരിക്കുന്നു. ആയതിനാൽ യൂണിറ്റ്, ഫൊറോനാ, അതിരൂപത തലങ്ങളിലേക്ക് പുതിയ ഭാരവാഹികളെ കണ്ടത്തേണ്ടിയിരിക്കുന്നു.

**യൂണിറ്റ് തെരഞ്ഞെടുപ്പുകൾ**

2017 ഡിസംബർ 1 മുതൽ ഡിസംബർ 31 വരെ

**ഫൊറോനാ തെരഞ്ഞെടുപ്പുകൾ**

2018 ജനുവരി 20 മുതൽ ഫെബ്രുവരി 4 വരെ.

**അതിരൂപതാ തെരഞ്ഞെടുപ്പ്**

2018 ഫെബ്രുവരി 10,11-ശനി, ഞായർ. സ്പിരിച്ച്വാലിറ്റി സെന്റർ മാങ്ങാനം, കോട്ടയം.

**നേതൃത്വപരിശീലന ക്യാമ്പുകൾ**

**ജനുവരി 6,7 - ശനി, ഞായർ-ചങ്ങനാശേരി പാസ്റ്ററൽ സെന്റർ**. നെടുങ്കുന്നം, കോട്ടയം, പുളിങ്കുന്ന്, ചങ്ങനാശേരി, തൃക്കൊടിത്താനം, കുറുമ്പനാടം, കുടമാളൂർ ഫൊറോനകൾ.

**ജനുവരി 13,14-ശനി, ഞായർ**

**മേരി റാണി പബ്ലിക് സ്കൂൾ, ളായിക്കാട്**. അതിരമ്പുഴ, ചമ്പക്കുളം, എടത്വാ, മണിമല, തുരുത്തി, ആലപ്പുഴ ഫൊറോനകൾ.

ഡിസംബർ

5 - ഡയറക്ടേഴ്സ് മീറ്റിംഗ്

9 - YTP

മണിമല ഫൊറോനായിൽ യുവദീപ്തി ജന്മദിനാഘോഷം

23 കരോൾഗാനമത്സരം

25 - ക്രിസ്തുമസ്

28,29,30- KCYM - റൂബിജൂബിലിയും, യൂത്ത് അസംബ്ളിയും - തിരുവനന്തപുരം

**ഫാ. ജേക്കബ് ചക്കാത്ര**
**ഡയറക്ടർ**

# കെ.സി.എസ്.എൽ.

ഈശോയിൽ സ്നേഹമുള്ള കെ.സി.എസ്.എൽ അംഗങ്ങളേ,

ആഗതമായിരിക്കുന്ന ക്രിസ്മസിന്റെയും പുതുവത്സരത്തിന്റെയും മംഗളാശംസകൾ ഏവർക്കും ഏറ്റവം സ്നേഹത്തോടെ ആശംസിക്കുന്നു. ഉണ്ണീശോയെ സ്വീകരിക്കാൻ നമ്മുടെ ഹൃദയങ്ങൾ ഒരുക്കാം. സംഘടനാപ്രവർത്തനങ്ങൾ നന്നായി മുന്നേറുന്നു എന്നു കരുതട്ടെ.

നവംബർ 3,4,5 തീയതികളിൽ ചമ്പക്കുളം, പുളിങ്കുന്ന്, എടത്വാ, ആലപ്പുഴ, സോണുകളുടെ ക്യാമ്പ് ചങ്ങാശേരി SB HSS ൽ വച്ച് നടന്നു. 82 കുട്ടികൾ പങ്കെടുത്തു. നമ്മുടെ അതിരൂപതാ കലോത്സവം നവംബർ 11ന് SB HSS ൽ നടത്തപ്പെട്ടു. അതിൽ പങ്കെടുത്ത കെ.സി.എസ്.എൽ. കൂട്ടുകാർക്കും അവരെ ഒരുക്കിയ ആനിമേറ്റേഴ്സിനും ടീച്ചേഴ്സിനും മത്സരം ഭംഗിയായി ക്രമീകരിച്ച അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും മറ്റെല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. മത്സരങ്ങളിൽ വിജയിച്ചവർക്ക് പ്രത്യേകം അനുമോദനങ്ങൾ. അതിരൂപതാ കലോത്സവത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കുട്ടികൾ 2018 ജനുവരി 13-ാം തീയതി കൊല്ലത്തുവച്ച് നടക്കുന്ന സ്റ്റേറ്റ് മത്സരങ്ങൾക്കായി തയ്യാറെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. വിശദവിവരങ്ങൾക്ക് കെ.സി.എസ്.എൽ. ഓഫീസുമായി ബന്ധപ്പെടുക. നവംബർ 18-ാം തീയതി Talent Hunt Scholarship Exam വിവിധ കേന്ദ്രങ്ങളിൽ നടത്തി സഹകരിച്ച എല്ലാ അധികാരികൾക്കും, ആനിമേറ്റേഴ്സിനും, അദ്ധ്യാപകർക്കും നന്ദി. നവംബർ 24-ാം തീയതി ചങ്ങനാശേരി അതിരൂപത കെ.സി.എസ്.എൽ. ഉം, സി.എം.സി. ഹോളി ക്വീൻസ് പ്രൊവിൻസും ചേർന്ന് സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂളിൽ കെ.സി.എസ്.എൽ. ചാവറ പ്രസംഗമത്സരം സംഘടിപ്പിച്ചു. ഹൈസ്കൾ വിഭാഗത്തിൽ കൈനകരി ഹോളിഫാമിലി സ്കൂളിലെ സോഫിയാ തോമസ്, ചങ്ങനാശേരി സെന്റ് ജോസപ്സ് സ്കൂളിലെ ഷെറിൻ തോമസ്, കുറുമ്പനാടം സെന്റ് പീറ്റേഴ്സിലെ അലൻ ടി. സാജൻ എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ഹയർ സെക്കൻഡറി വിഭാഗത്തിൽ ചങ്ങനാശേരി സെന്റ് ജോസഫ്സിലെ നിമിതാ കെ. മാത്യു, കുറുമ്പനാടം സെന്റ് പീറ്റേഴ്സിലെ ജോസി ജോസഫ്, നെടുംകുന്നും സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് സ്കൂളിലെ ജാക്സൺ മാത്യു എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ഡിസംബർ 1-ാം തീയതി വെള്ളിയാഴ്ച കെ.സി.എസ്.എൽ. ഡേ ആയി നാം ആചരിക്കുകയാണ്. ഇതിനോടനുബന്ധിച്ച് എല്ലാ സ്കൂളുകളിലും കെ.സി.എസ്.എൽ. ദിനാഘോഷം നടത്താൻ ഹെഡ്മാസ്റ്റേഴ്സും ആനിമേറ്റേഴ്സും ശ്രദ്ധിക്കുമല്ലോ. ഡിസംബർ 1,2,3 തീയതികളിൽ ചങ്ങനാശേരി, തൃക്കൊടിത്താനം, കുറുമ്പനാടം സോണുകളിലെ ക്യാമ്പ് SB HSS-ൽ നടത്തപ്പെടുന്നതാണ്.

നമ്മുടെ ക്രിസ്മസ് ആഘോഷവും അതിരൂപതാതല കരോൾഗാന നക്ഷത്രനിർമ്മാണ മത്സരവും ഡിസംബർ 23-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നതാണ്. **കരോൾഗാനം**: സംഗീത ഉപകരണങ്ങളോ, പാരഡിഗാനമോ അനുവദനീയമല്ല. ഒരു ടീമിൽ 7 പേരിൽ കൂടുതൽ പാടില്ല. ഒരു പാട്ട് മാത്രമേ പാടാൻ സാധിക്കുകയുള്ളൂ.

**നക്ഷത്രമത്സരം**: കെ.സി.എസ്.എൽ.അംഗങ്ങളല്ലാത്തവർക്കും പങ്കെടുക്കാം. ഒരു ടീമിൽ അംഗങ്ങളുടെ എണ്ണം 3 ൽ കൂടരുത്. മത്സര സമയം രണ്ടര മണിക്കൂർ. നക്ഷത്രത്തിനുള്ള പേപ്പറുകൾ മുറിക്കുന്നതുൾപ്പെടെയുള്ള ഒരുക്കങ്ങൾ നിശ്ചയിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ മാത്രമെ ചെയ്യാവൂ. നക്ഷത്രങ്ങളുടെ കാലുകളുടെ നീളം ഉടലിൽനിന്നും 60 സെന്റീമീറ്ററിൽ കവിയരുത്. കാലുകളുടെ എണ്ണം അഞ്ചോ അതിലധികമോ ആകാം. നക്ഷത്രങ്ങൾ ഉണ്ടാക്കുന്നതിനു പ്ലാസ്റ്റിക് ഒഴികെ ഏതുതരം പേപ്പറുകളും ഉപയോഗിക്കാം. പഞ്ചിംഗ് മെഷീൻ ഉപയോഗിക്കാം.

കെ.സി.എസ്.എൽ. കുടുംബത്തിൽ റീജൻസി ചെയ്ത ഡീക്കൻ ജോസഫ് (സിനു) വേളങ്ങാട്ടുശ്ശേരിയുടെ പൗരോഹിത്യസ്വീകരണവും പരിശുദ്ധ കുർബാനയർപ്പണവും 2018 ജനുവരി 3 രാവിലെ 9.15 ന് വടക്കൻ വെളിയനാട് സെന്റ് ഗ്രിഗോറിയോസ് കേസറിയ ദൈവാലയത്തിൽ നടത്തുകയാണ്. ബഹു. ഡീക്കന് കെ.സി.എസ്.എൽ. കുടുംബത്തിന്റെ പ്രാർത്ഥനാ നിർഭരമായ മംഗളാശംസകൾ.

ഈശോയിൽ സ്നേഹപൂർവ്വം,

| | |
|---|---|
| **ഫാ. ലൈജു കണിച്ചേരിൽ** | **ഫാ. മാത്യു വാരുവേലിൽ** |
| അസി. ഡയറക്ടർ | ഡയറക്ടർ |


## CHASS -ACCEPT

**ലഹരിആസക്തി ചികിത്സാകേന്ദ്രങ്ങൾ**

ലഹരിവസ്തുക്കളുടെ ആസക്തിക്ക് അടിമപ്പെടുന്നവർക്ക് ചികിത്സയും, പരിരക്ഷയും, കൗൺസിലിംഗും ശാസ്ത്രീയമായ രീതിയിൽ നല്കപ്പെടുന്നു.

**ചാസ് – അക്സെപ്റ്റ്, ചമ്പക്കുളം**

പ്രൊജക്ട് ഡയറക്ടർ: ഫാ. ബിജോ അരഞ്ഞാണിയിൽ - 9746587770

**ചാസ് – അക്സെപ്റ്റ്, കറ്റാനം**

പ്രൊജക്ട് ഡയറക്ടർ: ഫാ. ആന്റോ പെരുമ്പള്ളിത്തറ - 9961388004

# ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ

പ്രീയ ബഹുമാനപ്പെട്ട അച്ചാ,

സുഖമെന്നു വിശ്വസിക്കുന്നു.

കഴിഞ്ഞ ഏതാനും മാസക്കാലം അതിരൂപതാ കുടുംബക്കുട്ടായ്മാ ബൈബിൾ അപ്പോസ്തലേറ്റ് രംഗത്ത് ബഹുമാനപ്പെട്ട മാത്യു നടയ്ക്കലച്ചൻ നൽകിയ സംഭാവനകളെ നമുക്ക് നന്ദിയോടെ ഓർക്കുകയും അച്ചന്റെ തുടർപ്രവർത്തനങ്ങളിൽ ദൈവകൃപ ധാരാളമായി ഉണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യാം.

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നാം നടത്തിവരാറുള്ള ലിറ്റർജിക്കൽ ക്വിസ് മത്സരം 2018 ജനുവരി 13 ശനിയാഴ്ച നടത്തപ്പെടുകയാണ്. ബഹുമാനപ്പെട്ട അച്ചന്മാർ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തി ആദ്യ 3 സ്ഥാനങ്ങൾ നേടുന്ന കുടുംബങ്ങളുടെ പേരുവിവരങ്ങൾ ഡിസംബർ 20-നകം അതിരൂപതാ കുടുംബക്കുട്ടായ്മാഓഫിസിൽ ഏൽപ്പിക്കണമേ.

നമ്മുടെ ആരാധനക്രമത്തേക്കുറിച്ച് ആഴമായ അറിവു ലഭിക്കുക എന്ന ലക്ഷ്യത്തോടെ നടത്തപ്പെടുന്ന ലിറ്റർജിക്കൽ ക്വിസ് മത്സരത്തിൽ അങ്ങയുടെ ഇടവകയിൽനിന്നും കുടുംബങ്ങളെ പങ്കെടുപ്പിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

2017 ഡിസംബർ ബൈബിൾ പാരായണമാസമായി ആചരിക്കുകയാണല്ലോ. വചനം മാംസം ധരിച്ച് ഈശോയിൽ വളരാനും, വചനതീക്ഷ്ണതയിൽ ജ്വലിക്കാനും ബൈബിൾ പാരായണമാസാചരണം ഇടയായിത്തീരട്ടെ എന്നാശംസിക്കുന്നു.

പ്രാർത്ഥനയോടെ,

**ജെന്നിയച്ചൻ കായംകുളത്തുശ്ശേരി**

**അതിരൂപത ലിറ്റർജിക്കൽ ക്വിസ് സിലബസ്**

2017 ലെ ആരാധനവത്സര കലണ്ടർ -40% (ഞായറാഴ്ചകളിലെ സുവിശേഷ, ലേഖനഭാഗങ്ങൾ)

ആരാധനക്രമവത്സര കലണ്ടർ പൊതുചോദ്യങ്ങൾ-10%

സത്യദർശനം- 30% (2017 ജനുവരി മുതൽ ഡിസംബർ വരെയുള്ള ലക്കങ്ങൾ)

ബൈബിളും കേരളവും- 20% (അദ്ധ്യായങ്ങൾ 1 മുതൽ 3 വരെ പേജുകൾ 17-86) പുസ്തകം കുടുംബക്കൂട്ടായ്മ ഓഫീസിൽ ലഭ്യമാണ്

**സമ്മാനങ്ങൾ -**

ഒന്നാം സമ്മാനം 10000 രൂപ

രണ്ടാം സമ്മാനം 5000 രൂപ

മൂന്നാം സമ്മാനം 3000 രൂപ

നാലാം സമ്മാനം 2000 രൂപ

അഞ്ചാം സമ്മാനം 1000 രൂപ

# റവ. ഡോ. പ്ലാസിഡ് ജെ. പൊടിപ്പാറ മെമ്മോറിയൽ

## 32–ാമത് അഖിലകേരള

## ആരാധനക്രമ–സഭാചരിത്ര ക്വിസ് മത്സരം

### 2018 ജനുവരി 14 ഞായർ 02.30 p.m.

### തിരുഹൃദയ ദൈവാലയം, ചെത്തിപ്പുഴ

സീറോ മലബാർ സഭയുടെ ആധുനിക സഭാപിതാവാണ് പുണ്യ സ്മരണാർഹനായ റവ. ഡോ. പ്ലാസിഡ് ജെ. പൊടിപ്പാറ. നമ്മുടെ തനിമയും പാരമ്പര്യവും കാത്തുസൂക്ഷിക്കാൻ അധ്വാനിച്ച പ്ലാസിഡച്ചന്റെ സ്മരണാർത്ഥം CMI തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രൊവിൻസും ചങ്ങനാശേരി ഫൊറോന മതബോധന കേന്ദ്രമായ ശാലോമും ചേർന്ന് ആരാധനക്രമ–സഭാചരിത്ര ക്വിസ് മത്സരം നടത്തുകയാണ്.

**2018 ജനുവരി 14 ഞായറാഴ്ച 2.30 pm ന് ചെത്തിപ്പുഴ തിരുഹൃദയ ഇടവകയിൽ** നടത്തപ്പെടുന്ന മത്സരത്തിലേക്ക് ഏവരേയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

**തോമസുകുട്ടി പി. കെ പുത്തൻപുരയിൽ** — **ഫാ. അനീഷ് കുടിലിൽ (ഡയറക്ടർ ശാലോം)**

**ജോണിക്കുട്ടി സ്കറിയ കോവുക്കുന്നേൽ, സേവ്യർ ജോസഫ്, ഷിജോ ജേക്കബ്, ജോസുകുട്ടി കുട്ടംപേരൂർ, സി. അർപ്പിത സി. എം. സി., സി. ജെയ്സി എസ്. ഡി.**

### മത്സരവിഷയങ്ങളും മാർക്കുവിഭജനവും

#### അദ്ധ്യാപകർക്ക്

1. **സ്നേഹത്തിന്റെ ആനന്ദം** 1,2,3 അദ്ധ്യായങ്ങൾ (പരി. ഫ്രാൻസിസ് പാപ്പാ) (30%)
2. **ഭാരതസഭാചരിത്രം** – ഡോ. സേവ്യർ കൂടപ്പുഴ, '**ഉദയംപേരൂർ സൂനഹദോസ്**' എന്ന അദ്ധ്യായം മാത്രം. (30%)
3. **പ്ലാസിഡച്ചൻ പ്രശാന്തനായ പ്രവാചകൻ.** (30%)
   പ്ലാസിഡ് സീരിസ് –1 (പേജ് 1–66), പ്ലാസിഡ് ഫോറം, ചെത്തിപ്പുഴ
4. **സീറോമലബാർ കുർബാന റാസക്രമം.** (10%)

**1–ാം സമ്മാനം 8000 രൂപയും എവർറോളിംഗ് ട്രോഫിയും**
**2–ാം സമ്മാനം 5000 രൂപ**
**3–ാം സമ്മാനം 3000 രൂപ**
**4–ാം സമ്മാനം 1000 രൂപ**
**കൂടാതെപ്രോത്സാഹന സമ്മാനങ്ങളും**

#### കുട്ടികൾക്ക്

1. **നിന്റെ രാജ്യം വരണം** (CML പ്രസിദ്ധീകരണം) (30%)
2. **ഭാരത സഭാചരിത്രം** – ഡോ. സേവ്യർ കൂടപ്പുഴ, 'ഉദയംപേരൂർ സുനഹദോസ്' എന്ന അദ്ധ്യായം മാത്രം (30%)
3. **പ്ലാസിഡച്ചൻ പ്രശാന്തനായ പ്രവാചകൻ** (30%)
   പ്ലാസിഡ് സീരിസ് –1 (പേജ് 1–66), പ്ലാസിഡ് ഫോറം, ചെത്തിപ്പുഴ
4. **സീറോമലബാർ കുർബാന റാസക്രമം** (10%)

**1–ാം സമ്മാനം 5000 രൂപ**
**2–ാം സമ്മാനം 3000 രൂപ**
**3–ാം സമ്മാനം 2000 രൂപ**
**കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും**

#### നിബന്ധനകൾ

- ☞ വൈദിക വിദ്യാർത്ഥികളല്ലാത്ത എല്ലാ മതാദ്ധ്യാപകർക്കും പങ്കെടുക്കാം.
- ☞ രണ്ടുപേരടങ്ങുന്ന ടീമുകളായിട്ടാണ് മത്സരിക്കേണ്ടത്. ഒരു സൺഡേസ്കൂളിൽ നിന്ന് അദ്ധ്യാപകരിൽനിന്നും കുട്ടികളിൽനിന്നും 3 ടീമുകൾക്ക് വീതം പങ്കെടുക്കാം.
- ☞ Reg. Fees ₹ 100. വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.
- ☞ മത്സരം സംബന്ധിച്ച് ക്വിസ്മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.

**മത്സരത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ**
**2018 ജനുവരി 1 നു മുമ്പ് പേരുകൾ രജിസ്റ്റർ ചെയ്യുക.**
**ഫാ. അനീഷ് കുടിലിൽ, സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ചർച്ച്, ചങ്ങനാശേരി – 686 101**
**ഫോൺ 9495020933, 9447958527, 9446562501, 9847109272, 9961433334**

*മത്സരവിഷയങ്ങളുടെ പുസ്തകങ്ങൾ ചങ്ങനാശേരി സെന്റ് ജോസഫ് ബുക്ക്സ്റ്റാളിലും സന്ദേശനിലയം ഓഫീസിലും ലഭ്യമാണ്.*

# ആത്മതാകേന്ദ്രം

**ആസക്തി രോഗത്തിന് ഹോമിയോപതിക് ചികിത്സാ**

ആത്മതാ കേന്ദ്രത്തിന്റെയും ചങ്ങനാശ്ശേരി മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ആശുപത്രിയുടെയും സഹകരണത്തോടെ എല്ലാ വെള്ളിയാഴ്ചകളിലും ആത്മതാകേന്ദ്രത്തിൽ വച്ചും, ഇരവുചിറ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ എല്ലാ ചൊവ്വാഴ്ചയും ഇരവുചിറ ഇമ്മാനുവേൽ പ്രാർത്ഥനാകേന്ദ്രത്തിലും, ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയുടെ സഹകരണത്തൊടെ എല്ലാ ചൊവ്വാഴ്ചയും തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറിയിലും നെടുംങ്കുന്നം മദർതെരേസാ ഹോമിന്റെ സഹകരണത്തോടെ നെടുങ്കുന്നം ആതുരാശ്രമത്തിൽ വച്ചും, അതിരമ്പുഴ സെന്റ് മേരീസ് പള്ളിയുടെ സഹകരണത്തോടെ അതിരമ്പുഴ പള്ളി ഹാളിൽ എല്ലാ വ്യാഴാഴ്ചയും, മുണ്ടുപാലം സെന്റ് മേരീസ്പള്ളിയുടെ സഹകരണത്തോടെ മുണ്ടുപാലം പള്ളിയുടെ വചന വിസ്മയ ഹാളിൽ വച്ച് എല്ലാ വെള്ളിയാഴ്ചയും മണിമല ഹോളിഫാമിലി പള്ളിയുടെ സഹകരണത്തോടെ മണിമല പ്രിൻസ് ഹോമിയോപ്പതി ക്ലാനിക്കിൽ എല്ലാ രണ്ടും നാലും ശനിയാഴ്ചയും മദ്യമയക്കുമരുന്നുകൾക്കെതിരായി ഹോമിയോ ചികിത്സാ നടത്തി വരുന്നു.

**ഹോമിയോപതിക് ചികിത്സ വിശദ വിവരങ്ങൾ**

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10 മുതൽ 12.30 വരെ | ഡോ.മാത്യു മണലിൽ<br>ഡോ. രാജു തോമസ്<br>ഡോ. ധന്യ പ്രിൻസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS<br>ഡോ. ഹരികുമാർ<br>ഡോ. ഷമീനാ |
| നെടുങ്കുന്നം ആതുരാശ്രമം ഹോമിയോ ക്ലീനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സി.ഡി. തോമസ്<br>ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. എസ്സ്.ജി. ബിജു<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| മണിമല പ്രിൻസ് ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലീനിക്ക് | എല്ലാ രണ്ടും നാലും ശനി 2 മുതൽ 4 വരെ | ഡോ.സി.ജെ.ജോസഫ്<br>ഡോ. ജെയിംസ് ജോസഫ് |
| അതിരമ്പുഴ സെന്റ്മേരീസ് ഫൊറോനാ പള്ളി | എല്ലാ വ്യാഴാഴ്ചയും 10.30 മുതൽ 12.30 വരെ | ഡോ. ഗീതാബാലകൃഷ്ണൻ |

### സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിലെ നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനുമായി സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ സമ്മേളനം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തുകയുണ്ടായി. സമ്മേളനത്തിൽ കുട്ടികൾക്ക് 68720/- രൂപയും നുട്രീഷൻ കിറ്റു വിതരണം ചെയ്തു.

### എ.എ. സമ്മേളനം (ആൽക്കഹോളിക്ക്സ് അനോനിമസ്)

മയക്കുമരുന്നുകളുടെ ഉപയോഗത്തിൽനിന്നും വിമുക്തർക്കും,വിമുക്തി ആഗ്രഹിക്കുന്നവർക്കും വേണ്ടി സമ്മേളനം എല്ലാ ചൊവ്വാഴ്ചകളിലും വൈകുന്നേരം 7 മണി മുതൽ 8.30 വരെ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ഫാ. തോമസ് താന്നിയത്തിന്റ നേതൃത്വത്തിൽ നടത്തി വരുന്നു.

### ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്കും അവരുടെ കുടുംബത്തിനും മദ്യമയക്കുമരുന്നുകളുടെ പിടിയിൽ നിന്ന് വിമോചനത്തിന്റെ പാതയിലേയ്ക്ക് നയിക്കുന്ന **ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം** ഡിസംബർ 30 മുതൽ ജനുവരി 1 വരെ ദിവസങ്ങളിൽ, കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ ഫാ. തോമസ് കൊച്ചുള്ളേച്ചംകളത്തിന്റെ നേതൃത്വത്തിൽ **സൗജന്യമായി** നടത്തുന്നു. ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് സമാപിക്കുന്നു. അഡ്രസ്സും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

**പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല,**
**0469 2693413, 2690414, 9495193406**

**ഫാ. തോമസ് താന്നിയത്ത്**
ഡയറക്ടർ

NB. ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ: **0481 2411819 / 8921505386**

# ചാസ്

ബഹു. അച്ചാ/സുഹൃത്തേ,

**ക്രിസ്മസ് ആശംസകൾ!!!**

ദൈവത്തിന് മനുഷ്യരോടുള്ള കരുതലിന്റെ പൂർണ്ണതയാണല്ലോ ക്രിസ്മസ്. ദൈവം മനുഷ്യരിലൊരുവനായി അവന്റെ പരിമിതികളിലേയ്ക്ക് ഇറങ്ങി വന്നു. ദാരിദ്ര്യത്തിന്റെ സന്നിഗ്ധതയിൽ, വിപ്രവാസത്തിന്റെ അരക്ഷിതത്വത്തിൽ, അഭയാർത്ഥികളുടെ വിഹ്വലതയിൽ ആയിരിക്കുന്നവനായ ദൈവത്തെയാണ് ക്രിസ്മസ് നമ്മുടെ മുമ്പിൽ വെളിപ്പെടുത്തുന്നത്. മനുഷ്യന്റെ എല്ലാ പ്രതിസന്ധികളിലും അവനോടൊപ്പമുള്ളവനാണ് ദൈവം. അതുകൊണ്ടുതന്നെ വലിയ പ്രതീക്ഷയും ഏറെ ആശ്വാസവുമാണ് പിറവിത്തിരുന്നാൾ നമുക്ക് നല്കുന്നത്. സമൂഹത്തിന് എന്നും ക്രിസ്മസിന്റെ അനുഭവം പങ്കുവയ്ക്കുന്ന സഭയുടെ ദൗത്യമാണ് 'സോഷ്യൽ അപ്പോസ്തലേറ്റ്'. അതിലുള്ള പങ്കാളിത്തം ദൈവാനുഗ്രഹമാണന്ന് തിരിച്ചറിഞ്ഞ് കൂടുതൽ തീഷ്ണമായ സമർപ്പണത്തോടെ പ്രവർത്തിക്കാൻ ഈ ക്രിസ്മസ് നമുക്ക് പ്രചോദനമാകട്ടെയെന്ന് ആശംസിക്കുന്നു. നമ്മുടെ ശുശ്രൂഷകൾ പരമാവധി ആളുകളിലെത്തിക്കാൻ കഴിയുന്നതോടൊപ്പം പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ ശ്രദ്ധിക്കുകയും വേണം. യൂണിറ്റ് ഭാരവാഹികളുടെ നിസംഗതയാലോ ശ്രദ്ധക്കുറവുമൂലമോ, ചാസിനോട് കണ്ണിചേരുന്നവർക്ക് ഗുണഫലങ്ങൾ നഷ്ടപ്പെടാനിടയാകരുത്. 2017-18 സാമ്പത്തികവർഷത്തിന്റെ അവസാനപാദത്തിലേയ്ക്ക് കടക്കുമ്പോൾ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. ദൈവം നമുക്ക് നല്കിയിരിക്കുന്ന നിയോഗമായി ഈ ശുശ്രൂഷയെ പരിഗണിക്കാനായാൽ മാത്രമേ, അസൗകര്യങ്ങളും തടസ്സങ്ങളും അതിജീവിച്ച് കൃത്യമായ കാര്യനിർവഹണം സാധ്യമാകൂ. വ്യക്തി താത്പര്യങ്ങൾക്കപ്പുറം സമൂഹത്തിന്റെ പൊതുനന്മക്കുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കനും ചാസ് നടപ്പാക്കുന്ന പരിപാടികളോട് സഹകരിക്കാനും ഏവരും താല്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോർജ് മാന്തുരുത്തിൽ** | **ഫാ. ജോസഫ് കളരിക്കൽ**

**ഫാ. ജേക്കബ് കുഴിപ്പള്ളിൽ** | ഡയറക്ടർ

(അസി. ഡയറക്ടേഴ്സ്)

## അറിയിപ്പുകൾ

**ക്രിസ്മസ് ന്യൂ ഇയർ കേക്ക് മേള 2017-18**

യൂണിറ്റുകൾക്ക് മിതമായ നിരക്കിൽ ക്രിസ്തുമസ്-ന്യൂ ഇയർ കേക്കുകൾ സംലഭ്യമാക്കുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുകയാണ്. Whole sale rate ചുവടെ

ചേർത്തിരിക്കുന്നു. ഓർഡറുകൾക്ക് മേഖലാ കോ-ഓർഡിനേറ്റേഴ്സുമായി ബന്ധപ്പെടുക.

| എണ്ണം | പ്ലം കേക്ക് | | മാർബിൾ കേക്ക് | |
|---|---|---|---|---|
| | 1 കിലോ | 1/2 കി. | 1 കിലോ | 1/2 കി. |
| 500- താഴെ | 190 | 95 | 210 | 105 |
| 501 -1000 | 180 | 90 | 200 | 100 |
| 1001-മുകളിൽ | 170 | 85 | 190 | 95 |

## ഖാദി ഉൽപ്പന്നങ്ങൾക്ക് പ്രത്യേക റിബേറ്റ്

ക്രിസ്തുമസ്-പുതവത്സരാഘോഷത്തോടനുബന്ധിച്ച് ഖാദി ഉൽപ്പന്നങ്ങൾക്ക് 25% ഗവ. സ്പെഷ്യൽ റിബേറ്റ് ഡിസംബർ 1 മുതൽ ജനുവരി 13 വരെ ലഭിക്കുന്നതാണ്. ഡിസ്ക്കൗണ്ട് കാർഡുള്ള ചാസ് അംഗങ്ങൾക്ക് 5% കൂടുതൽ റിബേറ്റും ഖാദി ഉൽപ്പന്നങ്ങൾക്ക് ലഭിക്കുന്നതായിരിക്കും. അവസരം പ്രയോജനപ്പെടുത്താൻ സ്വാശ്രയസംഘങ്ങൾ-ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾ ശ്രദ്ധിക്കുക.

## തേനീച്ചവളർത്തൽ പരിശീലനം

കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെ ചാസ് കർഷകർക്കായി തേനീച്ചവളർത്തൽ പരിശീലനം ഡിസംബർ 12 മുതൽ 16 വരെ തൃക്കൊടിത്താനം യൂണിറ്റിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 മണിവരെയാണ് പരിശീലനം. രജിസ്ട്രേഷൻ ഫീസ് 500 രൂപ. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് അവസരം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. ബൈജു സേവ്യർ-9539701153

## ഊർജ്ജകിരൺ-ഊർജ്ജസംരക്ഷണ ബോധവത്ക്കരണ റാലി

കേരള എനർജി മാനേജ്മെന്റ് സെന്ററിന്റെയും സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡവലപ്പ്മെന്റിന്റെയും സഹകരണത്തോടെ ചാസ്, ചങ്ങനാശ്ശേരി, കുട്ടനാട് നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന ഊർജ്ജസംരക്ഷണ ബോധവത്ക്കരണ പദ്ധതിയായ 'ഊർജ്ജകിരൺ 2017-18'' ന്റെ ഭഗമായി കുട്ടനാട് നിയോജകമണ്ഡലത്തിൽ ഡിസംബർ 14 വ്യാഴാഴ്ച സ്വാശ്രയസംഘാംഗങ്ങളേയും ജനകീയ കൂട്ടയ്മകളെയും പങ്കെടുപ്പിച്ചുകൊണ്ട് ബോധവത്ക്കരണ റാലി സംഘടിപ്പിക്കുന്നു.

### ഡിസംബർ മാസത്തെ യൂണിറ്റ് പരിപാടികൾ

| തീയതി | പരിപാടി | യൂണിറ്റ് |
|---|---|---|
| ഡിസംബർ 1-5 | മെഴുകുതിരി നിർമ്മാണ പരിശീലനം | എടത്വാ |
| ഡിസംബർ 2 | ആശാകിരണം-കാൻസർ ബോധവത്ക്കരണം | കൂരോപ്പട |

| | | |
|---|---|---|
| ഡിസംബർ 9 | സ്വാശ്രയസംഘസംഗമം-ആശാകിരണം | കൂത്രപ്പള്ളി |
| ഡിസംബർ 10 | ആശാകിരണം-കാൻസർ ബോധവത്ക്കരണം | മാടപ്പള്ളി |
| ഡിസംബർ 12 | മേഖലാ ഭാരവാഹികളുടെ സംഗമം | കത്തീഡ്രൽ |
| ഡിസംബർ 14 | സ്വാശ്രയസംഘസംഗമം | തൃക്കൊടിത്താനം |
| ഡിസംബർ 15 | മേഖലാ ഭാരവാഹികളുടെ സംഗമം | തുരുത്തി |
| ഡിസംബർ 17 | ആശാകിരണം-കാൻസർ ബോധവത്ക്കരണം | നെടുംങ്ങാടപ്പള്ളി |
| ഡിസംബർ 18 | തയ്യൽപരിശീലനം- ആരംഭം | പൊടിപ്പാറ |
| ഡിസംബർ 28 | സ്വയംതൊഴിൽ പരിശീലനം-EAP | പാറേൽ |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2017 നവംബർ മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം**

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 339. ജോമോൻ ജോസഫ് | ബ്രദേഴ്സ് | നാൽപ്പാത്തിമല | അതിരമ്പുഴ |
| 340. ചാക്കോ വർഗ്ഗീസ് | ഗ്രാമസമർപ്പണ | പള്ളാത്തുരുത്തി | ആലപ്പുഴ |
| 341. ഏലിയാമ്മ വർഗ്ഗീസ് | തേജസ് | കുറിച്ചി | ചങ്ങനാശ്ശേരി |

**(2) മ്യൂച്ചൽ ബെനിഫിറ്റ് സ്കീം**

**• മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 134. ശോശാമ്മ ഇലവങ്കേരി | പുതുക്കരി | എടത്വാ |
| 135. ജോമോൻ ജോസഫ് കണ്ണാമ്പടം | നാൽപ്പാത്തിമല | അതിരമ്പുഴ |
| 136. റോസ് ചാക്കോ കൊച്ചുതറ | മാന്നില | കുറുമ്പനാടം |
| 137. ഔസേഫ് മാത്യു വേലിക്കകം | ചങ്ങങ്കരി | എടത്വാ |

**• ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 48. ഗീത എസ് വട്ടപ്പറമ്പിൽ | പുഴവാത് | ചങ്ങനാശ്ശേരി |
| 49. ഇന്ദിര മണിയൻ | ഫിൽഗിരി | കൊല്ലം |
| 50. തോമസ് മറ്റത്തിൽ | ഫിൽഗിരി | കൊല്ലം |
| 51. കെ.സി. ബേബി മോഴൂർ | കൂത്രപ്പള്ളി | നെടുംകുന്നം |
| 52. മറിയമ്മ ചാക്കോ കിഴക്കേടത്ത് | കുറിച്ചി | ചങ്ങനാശ്ശേരി |

| | | |
|---|---|---|
| 53. സോഫിയാമ്മ തോമസ് മുട്ടത്തേട്ട് | പായിപ്പാട് | തൃക്കൊടിത്താനം |
| 54. കുഞ്ഞമ്മ തീമ്പലങ്ങാട്ട് | വള്ളംചിറ | മണിമല |
| 55. ജോർജ്ജ് ഏഴോലി | വള്ളംചിറ | മണിമല |
| 56. മേരി തോമസ് പുളിക്കൽ | വള്ളംചിറ | മണിമല |
| 57. ഡെയ്സി ഏറത്തേടത്ത് | വള്ളംചിറ | മണിമല |
| 58. പി.വി. ജോയിക്കുട്ടി പുളിങ്ങനാത്തിൽ | ചേപ്പുംപാറ | കോട്ടയം |
| 59. ഏലിയാമ്മ എബ്രഹാം | ചേപ്പുംപാറ | കോട്ടയം |
| 60. മറിയാമ്മ ശൗരിയാർ മലയിൽ | ചേപ്പുംപാറ | കോട്ടയം |
| 61. മറിയാമ്മ വർഗ്ഗീസ് പള്ളിപ്പറമ്പിൽ | ചേപ്പുംപാറ | കോട്ടയം |

(3) **ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2017 നവംബർ മാസം 27 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 46 അപേക്ഷകർക്ക് 77200/- രൂപ നൽകി.

## കേന്ദ്രവാർത്തകൾ

### എരുമേലി MES കോളേജ് വിദ്യാർത്ഥികളുടെ പഠനപര്യടനം

എരുമേലി MES കോളേജ് MSW (ഒന്നാം വർഷം) 15 വിദ്യാർത്ഥികളുടെ സംഘം അദ്ധ്യാപകരോടൊപ്പം പഠനപര്യടനത്തിന്റെ ഭാഗമായി 2017 നവംബർ 3 ന് ചാസ് കേന്ദ്രഓഫീസ് സന്ദർശിച്ചു. ചാസിന്റെ പ്രധാന പ്രവർത്തനങ്ങളും മുൻഗണനാ മേഖലകളും പ്രധാന ഇടപെടലുകളും ഡയറക്ടർ ഫാ. ജോസഫ് കളരിക്കലും പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളിയും വിശദീകരിച്ചു. അസി. ഡയറക്ടർ ഫാ. ലിജോ കുഴിപ്പള്ളിൽ വിദ്യാർത്ഥികൾ സ്വന്തമാക്കേണ്ട നിലപാടുകളും മനോഭാവങ്ങളും വ്യക്തമാക്കി ക്ലാസ് നയിച്ചു.

### ആശാകിരണം TOT, സിസ്റ്റേഴ്സിന്

ആശാകിരണം പദ്ധതിയിൽ സഹകരണം ഉറപ്പാക്കുന്നതിന് അതിരൂപതയിൽ പ്രവർത്തിക്കുന്ന വിവിധ കോൺഗ്രിഗേഷനുകളിലെ സാമൂഹിക പ്രവർത്തനത്തിന്റെ ചുമതലക്കാരായ ബഹു. സിസ്റ്റേഴ്സിനുള്ള പരിശീലനം 2017 നവംബർ 4-ാം തീയതി ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. അതിരൂപതാ വികാരി ജനറാൾ റവ. ഡോ. ജയിംസ് പാലയ്ക്കൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. കാരിത്താസ് ഇൻഡ്യ, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീമതി സിബി പൗലോസ് ആശാകിരണം പദ്ധതി വിശദീകരിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ മുഖ്യപ്രഭാഷണം നടത്തി. അസി. ഡയറക്ടർ ഫാ. ലിജോ കുഴിപ്പള്ളിൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് എന്നിവർ ക്ലാസ് നയിച്ചു.

**ഏകദിന പരിശീലന ശില്പശാല**

ചങ്ങനാശ്ശേരി, നെടുംകുന്നം, കുറുമ്പനാടം, മണിമല, തൃക്കൊടിത്താനം മേഖലകളിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി. അംഗങ്ങൾക്കുവേണ്ടി നവംബർ 7 ന് ചാസ് കോൺഫ്രൻസ് ഹാളിൽ ഏകദിന പരിശീലന ശില്പശാല സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖ സന്ദേശം നൽകി. ഇൻഡ്യൻ ബാങ്ക് ചീഫ് മാനേജർ ശ്രീമതി അജിത എലിസബത്ത് സംഘങ്ങൾക്ക് ലഭ്യമാവുന്ന ഹൃസ്വകാല വായ്പയുടെ വിശദാംശങ്ങൾ, ലഭ്യമാവുന്ന പരമാവധി തുക (മൂന്ന് ലക്ഷം വീതം ഒരു ഗ്രൂപ്പിന്) പലിശനിരക്ക് തുടങ്ങിയവ വിശദീകരിച്ചു. 22 ഗ്രൂപ്പുകളിൽനിന്നും അംഗങ്ങൾ പങ്കെടുത്തു. ചാസ് സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം സംഘങ്ങളുടെ പ്രവർത്തന നിയമാവലിയെക്കുറിച്ച് ക്ലാസ് നയിച്ചു. നല്ലപ്രവർത്തനം കാഴ്ചവച്ച രണ്ട് JLG കളുടെ പ്രശംസനീയമായ പ്രവർത്തനങ്ങൾ ചർച്ചയുടെ ഭാഗമായി അവതരിപ്പിച്ചു.

**'ഇന്റർ നാഷണൽ ഡേ ഓഫ് ദി പൂവർ' ആചരണം**

**ആലോചനായോഗം** നവംബർ 7 ന് ചാസ് ഓഫീസിൽ വികാരി ജനറാൾ റവ. ഡോ. ജയിംസ് പാലയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ആലോചനായോഗം നടത്തി. ചാസ് ഡയറക്ടർ ആമുഖം നൽകി. വിവിധ സംഘടനാപ്രതിനിധികളും സാമൂഹികപ്രവർത്തകരും സമ്മേളനത്തിൽ പങ്കെടുത്തു. ദിനാചരണത്തോടൊപ്പം തുടർ പ്രവർത്തനം ആരംഭിക്കേണ്ടതിന്റെ അനിവാര്യത യോഗം അംഗീകരിച്ചു.

**ദിനാചരണം :** 2017 നവംബർ 15 ബുധനാഴ്ച അതിരൂപതാകേന്ദ്രത്തിൽ ഇന്റർ നാഷണൽ ഡേ ഓഫ് ദ പൂവർ ദിനാചരണത്തിന്റെ ഭാഗമായി പ്രത്യേക സംഗമം സംഘടിപ്പിച്ചു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവും, സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവും സംഗമത്തിൽ പങ്കെടുത്തു. ചങ്ങനാശ്ശേരിയിലും പരിസരത്തും സാമൂഹിക ശുശ്രൂഷയിലേർപ്പെട്ടിരിക്കുന്നവരെയും അവരുടെ /സേവനം പ്രയോജനപ്പെടുത്തുന്നവരെയും പ്രത്യേകം ക്ഷണിച്ചിരുന്നു. സംഗമത്തിൽ പങ്കെടുത്ത 150 ൽ അധികം അംഗങ്ങളോടൊപ്പം അഭിവന്ദ്യപിതാക്കന്മാരും വൈദികരും സ്നേഹവിരുന്നിൽ പങ്കെടുത്തു. പ്രത്യേക ഉപഹാരവും നൽകി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നന്ദി അറിയിച്ചു. സ്റ്റാഫ് അംഗങ്ങൾ നേതൃത്വം നൽകി.

**കാലാവസ്ഥ വ്യതിയാന ബോധവത്ക്കരണ പരിപാടിയിൽ ചാസിന് പങ്കാളിത്തം**

**തിരുവനന്തപുരം ആകാശവാണി & സെന്റർ ഫോർ ക്ലൈമറ്റ് സ്റ്റഡീസിന്റെ** നേതൃത്വത്തിൽ തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ വച്ച് നവംബർ 17 ന് നടന്ന ചർച്ചാ യോഗത്തിൽ പ്രത്യേക ക്ഷണിതാവായി ചാസും പങ്കുചേർന്നു. 'കാലാവസ്ഥാവ്യതിയാനം-ശാസ്ത്രീയ വീക്ഷണം' കാലാവസ്ഥാവ്യതിയാന സംബന്ധിയായ പ്രശ്നങ്ങളും അനുരൂപണ മാർഗ്ഗങ്ങളും-കേരള പശ്ചാത്തലത്തിൽ എന്നീ വിഷയങ്ങളിൽ ചർച്ചകളും, പ്രതികരണങ്ങളും നടന്നു. ആകാശ

വാണി തിരുവനന്തപുരം സ്റ്റേഷൻ ഡയറക്ടർ ശ്രീ. ആർ വിമലസേനൻ നായർ, കാലാവസ്ഥാവ്യതിയാന പഠനകേന്ദ്രം ഡയറക്ടർ ഡോ. ജോർജ്ജ് ചാക്കചേരി, ഡോ. പ്രതീഷ് സി. മാമ്മൻ, ഡോ. എ.കെ. ഷെറീഫ് (കേരള കാർഷിക സർവ്വകലാശാല) എന്നിവർ നേതൃത്വം നല്കി. കോട്ടയം ആലപ്പുഴ ജില്ലകളിൽ കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് നേതൃത്വം നൽകുന്നതിന് ചാസിനെ ചുമതലപ്പെടുത്തി.

**അദ്ധ്യാപകർക്ക് ആശാകിരണം ToT**

അതിരൂപതാതിർത്തിയിൽ പ്രവർത്തിക്കുന്ന സർക്കാർ, CBSC സ്കൂളുകളിലെ അദ്ധ്യാപക പ്രതിനിധികൾക്കുവേണ്ടി ആശാകിരണം ToT 2017 നവംബർ 21 ന് ചാസ് കോൺഫ്രൻസ്ഹാളിൽ സംഘടിപ്പിച്ചു. അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽ റവ.സി. അമല എസ്.എച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ മുഖ്യപ്രഭാഷണം നടത്തി. അസി. ഡയറക്ടർ ഫാ. ലിജോ കുഴിപ്പള്ളി, കോ-ഓർഡിനേറ്റർ ബിന്ദു തോമസ് എന്നിവർ പ്രസംഗിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡോ. അഭിരാമി, ചാസ് പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ ക്ലാസ് നയിച്ചു.

## മേഖലവാർത്തകൾ

**തെങ്ങിൻ തൈ വിതരണം**

പച്ച ചെക്കിടിക്കാട് യൂണിറ്റിലെ ഹരിതാ ഫാർമേഴ്സ് ക്ലബ് അംഗങ്ങളായ അൻപത് നാളികേര കർഷകർക്ക് ഒക്ടോബർ 18 ന് നബാർഡിന്റെ സഹായത്തോടെ തെങ്ങിൻ തൈ വിതരണം ചെയ്തു. റവ. ഫാ. ജോർജ്ജ് കൊച്ചുപറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി മോൺസി സോണി കർഷകർക്ക് ആശംസകൾ നേർന്നു. ഫാർമേഴ്സ് ക്ലബ് ഭാരവാഹികൾ നേതൃത്വം നൽകി.

**ക്രെഡിറ്റ് യൂണിയൻ ആരംഭിച്ചു**

പുല്ലങ്ങാടി യൂണിറ്റിൽ ഒക്ടോബർ 29 ന് ക്രെഡിറ്റ് യൂണിയൻ ആരംഭിച്ചു. ഇടവകവികാരി റവ. ഫാ. അലക്സ് പാറപ്പുറം ഉദ്ഘാടനം നിർവഹിച്ചു. കോ-ഓർഡിനേറ്റർ യൂണിറ്റിന്റെ പ്രവർത്തനം വിശദീകരിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**മഹിളാസമാജം രൂപീകരിച്ചു**

തോട്ടുവാത്തല യൂണിറ്റിൽ സ്വാശ്രയസംഘങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് ഒക്ടോബർ 30 ന് മഹിളാസമാജം രൂപീകരിച്ചു ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രവർത്തനരീതികളും ലക്ഷ്യങ്ങളും മേഖലാ കോ-ഓർഡിനേറ്റർ ശ്രീ. എൻ.ഐ. തോമസ് വിശദീകരിച്ചു.

**കർഷകസംഗമം**

കരിമ്പനക്കുളം എസ്.എച്ച് പാരീഷ് ഹാളിൽ നവംബർ 1 ന് കർഷകസംഗമം നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവ

ഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കട്ടപ്പുറം അദ്ധ്യക്ഷതവഹിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് വികസനസമിതി സ്റ്റാന്റിഗ് കമ്മറ്റി ചെയർമാൻ അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, ചാസ് പ്രോഗ്രാ ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി എന്നിവർ പ്രസംഗിച്ചു. മണിമല കൃഷിഓഫീസർ ശ്രീമതി സിനി ഇബ്രാഹിം സർക്കാർ മേഖലയിൽ ലഭ്യമാക്കുന്ന കാർഷിക പദ്ധതികൾ വിശദീകരിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 65 അംഗങ്ങൾ പങ്കെടുത്തു.

**കാർഷിക സെമിനാർ**

**ഫിൽഗിരി** യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 2017 നവംബർ 2-ാം തീയതി കാർഷിക സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. സാജു തോമസ് മേലുക്കുന്നേൽ അദ്ധ്യക്ഷതവഹിച്ചു. ആയൂർ ഫൊറോനാ ഡയറക്ടർ റവ. ഫാ. ഐബിൻ കൊറ്റത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. കോട്ടുക്കൽ കൃഷി ഓഫീസർ എം. നസ്സീം ആധുനികകൃഷിരീതികൾ, ജൈവകൃഷി, വളപ്രയോഗം, രോഗപ്രതിരോധമാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ക്ലാസ് നയിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി.

**നേതൃത്വ പരിശീലനം**

കുടമാളൂർ മേഖലയുടെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സിനുവേണ്ടി നേതൃത്വപരിശീലന ക്ലാസ് മുടിയൂർക്കര യൂണിറ്റിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് കലയംകണ്ടം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. സാധാരണക്കാരയ ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുവാനും അവരിൽ സാമ്പാദ്യശീലം വർദ്ധിപ്പിക്കുവാനും കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാർക്ക് കഴിയണമെന്ന് അച്ചൻ ഓർമ്മിപ്പിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**യൂണിറ്റ് രൂപീകരിച്ചു**

കുട്ടനാട് മേഖലയിലെ **പുന്നക്കുന്നത്തുശ്ശേരി** സെന്റ് ജോസഫ്സ് ഇടവകയിൽ നവംബർ 12 ന് ചാസ് യൂണിറ്റ് ആരംഭിച്ചു. വികാരി റവ. ഫാ. ടോണി മണിയഞ്ചിറയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങളെയും ഭാരവാഹികളെയും തെരഞ്ഞെടുത്തു.

**ഡ്രസ്സ് ബാങ്ക്**

പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപ്പാപ്പ ആഹ്വാനം ചെയ്ത 'world day of poor' ന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ചാസ് പാറേൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ '**ഡ്രസ്സ് ബാങ്ക്**' 2017 നവംബർ 19 ന് ഇടവകദിനത്തിൽ അഭിവന്ദ്യ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. പാവങ്ങൾക്കും നിരാലംബർക്കും വസ്ത്രങ്ങൾ നൽകി സഹായിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ജെ.എൽ.ജി. സംഗമം**

കുടമാളൂർ, അതിരമ്പുഴ, കോട്ടയം മേഖലകളിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി.കളുടെ സംഗമം നവംബർ 24 ന് കോട്ടയം ലൂർദ്ദ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് മണക്കളം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖസന്ദേശം നൽകി. കേരള ഗ്രാമീൺ ബാങ്ക് സീനിയർ മാനേജർ ശ്രീ. അനിൽ കെ. പോൾ കർഷകർക്ക് ബാങ്കുവഴി കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും വിശദീകരിച്ചു. കോട്ടയം മേഖലാ സെക്രട്ടറി ശ്രീ. കെ.വി. ജോർജ് കോഴിമറ്റം കൃതജ്ഞത രേഖപ്പെടുത്തി. 55 അംഗങ്ങൾ പങ്കെടുത്തു.

**സ്വാശ്രയസംഘസംഗമം**

**മൈലാടി** യൂണിറ്റിൽ നവംബർ 11 ന് സ്വാശ്രയസംഘസംഗമം നടത്തി.

ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ കാൻസർ രോഗത്തെക്കുറിച്ചും ജൈവകൃഷിയെക്കുറിച്ചും പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനത്തെക്കുറിച്ചും ക്ലാസ് നയിച്ചു. 55 അംഗങ്ങൾ പങ്കെടുത്തു. ഭാരവാഹികൾ നേതൃത്വം നൽകി.

**പുത്തനങ്ങാടി** യൂണിറ്റിൽ നവംബർ 16 ന് സ്വാശ്രയസംഘസംഗമവും ആരോഗ്യ ബോധവത്ക്കരണ സെമിനാറും സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. യൂണിററ് ഡയറക്ടർ റവ. ഫാ. മാത്യു പുളിച്ചമാക്കൽ അദ്ധ്യക്ഷതവഹിച്ചു. ആലപ്പുഴ സഹൃദയ ആശുപത്രിയിലെ നേഴ്സിംഗ് സൂപ്രണ്ട് അനുമോൾ സിറിയക്ക് ജീവിതശൈലി രോഗങ്ങളെക്കുറിച്ച് ക്ലാസ് നയിച്ചു. 48 അംഗങ്ങൾ പങ്കെടുത്തു.

**ക്രെഡിറ്റ് യൂണിയൻ പൊതുയോഗം**

മിത്രക്കരി യൂണിറ്റിലെ ക്രെഡിറ്റ് യൂണിയൻ അംഗങ്ങളുടെ പൊതുയോഗം നവംബർ 12 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു തെക്കേടത്ത് അദ്ധ്യക്ഷതവഹിച്ചു. കുട്ടനാട് ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. എം. കെ. ജോസഫ്, ചാസ് കോ-ഓർഡിനേറ്റർമാരായ ശ്രീ. ബിനു ജോസഫ്, ശ്രീമതി ബിന്ദു തോമസ് എന്നിവർ പ്രസംഗിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ക്രെഡിറ്റ് യൂണിയൻ സംഗമം**

അമ്പലപ്പുഴ യൂണിറ്റിലെ ക്രെഡിറ്റ് യൂണിയൻ സംഗമം ഒക്ടോബർ 27 ന് നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് പുത്തൻപുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു.

**സ്വാശ്രയ സംഘരൂപീകരണം**

| തീയതി | സംഘം | യൂണിറ്റ് | അംഗങ്ങൾ |
|---|---|---|---|
| 01.11.2017 | നവജീവൻ | തകഴി | 12 |
| 01.11.2017 | മരിയ | കാവാലം | 12 |

| | | | |
|---|---|---|---|
| 01.11.2017 | പ്രതിഭ | കാവാലം | 12 |
| 01.11.2017 | ജീസസ്സ് | കാവാലം | 14 |
| 01.11.2017 | സെന്റ് അലോഷ്യസ് | കാവാലം | 10 |
| 08.11.2017 | പുലരി | മായം | 19 |
| 15.11.2017 | നിറദീപം | കായൽപ്പുറം | 16 |
| 15.11.2017 | മരിയൻ | തോട്ടയ്ക്കാട് | 12 |
| 22.11.2017 | കർമ്മലറാണി | അറുന്നൂറ്റംപാടം | 18 |

**ആശാകിരണം**

**കായൽപ്പുറം** യൂണിറ്റിൽ ഹരിതാ മഹിളാസമാജത്തിന്റെ നേതൃത്വത്തിൽ നവംബർ 2 ന് കാൻസർ ബോധവത്ക്കരണസെമിനാർ സംഘടിപ്പിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി. 42 അംഗങ്ങൾ പങ്കെടുത്തു.

**മിത്രക്കരി** യൂണിറ്റിൽ പ്രവർത്തിക്കുന്ന സംഘാംഗങ്ങൾക്കായി നവംബർ 12 ന് കാൻസർ ബോധവത്ക്കരണസെമിനാർ സംഘടിപ്പിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി. 31 അംഗങ്ങൾ പങ്കെടുത്തു.

**നെയ്യാറ്റിൻകര രൂപതാ സോഷ്യൽസർവ്വീസ് സൊസൈറ്റിയുടെ** യൂണിറ്റ് ഭാരവാഹികൾക്കുവേണ്ടി നവംബർ 15 ന് ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. 210 അംഗങ്ങൾ പങ്കെടുത്തു.

**കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ** കാർഷികമേളയോടനുബന്ധിച്ച് നവംബർ 15 ന് കാൻസർ ബോധവത്ക്കരണസെമിനാർ സംഘടിപ്പിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. 487 അംഗങ്ങൾ പങ്കെടുത്തു.

**കുറുമ്പനാടം** യൂണിറ്റിൽ നവംബർ 17 ന് കാൻസർ ബോധവത്ക്കരണസെമിനാർ സംഘടിപ്പിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ക്ലാസ് നയിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി. 45 അംഗങ്ങൾ പങ്കെടുത്തു.

**പരിശീലനപരിപാടികൾ**

| തീയതി | യൂണിറ്റ് | പരിശീലനം | പങ്കെടുത്തവർ |
|---|---|---|---|
| 27.10.2017 | വടവാതൂർ | ഫ്ളവർ അറേഞ്ച്മെന്റ് | 31 |
| 09.11.2017 | പാമ്പാടി | സോപ്പ്, സോപ്പുപൊടി, ലോഷൻ, ലിക്വിഡ് സോപ്പ്-നിർമ്മാണം | 25 |
| 10.11.2017 | പാമ്പാടി | ബേക്കറി നിർമ്മാണം-കേക്ക്, ജാം | 25 |
| 14.11.2017 | പഴവങ്ങാടി | EAP- ട്രെയിനിംഗ് | 85 |

# സെന്റ് മേരീസ് ചർച്ച്, പാറേൽ

# 10-ാമത് ആരാധനാവത്സരം മെഗാക്വിസ്

## 2018 ജനുവരി 28 ഞായർ 2.30 p.m. ന്
## പാറേൽ സെന്റ് മേരീസ് പള്ളിയിൽ

**സിലബസ്**

1. ചങ്ങനാശ്ശേരി അതിരൂപതയിൽനിന്നും പ്രസിദ്ധീകരിച്ചിരിക്കുന്ന 2016-2017-ാമാണ്ട് ആരാധനാവത്സര വോൾകലണ്ടറിൽ കൊടുത്തിരിക്കുന്ന മംഗള വാർത്തക്കാലത്തിലെ പുതിയനിയമ വായനകൾ. കലണ്ടറിൽ ഒരു ദിവസത്തേക്ക് രണ്ടു വായനകൾ നൽകിയിട്ടുണ്ടെങ്കിൽ ഒന്നാമത്തെ വായന മാത്രം പഠിച്ചാൽ മതിയാകും. (POC) ബൈബിൾ: സുവിശേഷം+ലേഖനം-(40%)
2. മംഗളവാർത്തക്കാലത്തിലെ റംശാപ്രാർത്ഥന-ദിവസത്തിന്റെ സങ്കീർത്തനം ഉൾപ്പെടെ. (30%)
3. 2017 ആരാധനാവത്സര കലണ്ടറിൽനിന്നുള്ള പൊതുചോദ്യങ്ങൾ (15%)
4. തിരുസ്സഭയെക്കുറിച്ചുള്ള ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ-ജനതകളുടെ പ്രകാശം (Lumen Gentium). അദ്ധ്യായം 8-ദൈവമാതാവായ ഭാഗ്യപ്പെട്ട കന്യകാമറിയം മിശിഹാ രഹസ്യത്തിലും സഭാ രഹസ്യത്തിലും (POC പ്രസിദ്ധീകരണം) (15%)

**സമ്മാനങ്ങൾ**

1 -ാം സമ്മാനം 7001 രൂപയും എവർ റോളിങ് ട്രോഫിയും
2 -ാം സമ്മാനം 4001 രൂപയും "
3 -ാം സമ്മാനം 2500 രൂപയും "
4 -ാം സമ്മാനം 1500 രൂപയും "
5 -ാം സമ്മാനം 1001 രൂപയും "

**നിർദ്ദേശങ്ങൾ**

1. ഒരു ടീമിൽ പരമാവധി 3 പേർക്ക്പങ്കെടുക്കാം. (മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ എന്നിവരിൽനിന്ന് ഓരോരുത്തർ വീതം)
3. ഒരിടവകയിൽ നിന്ന് എത്ര ടീമിനു വേണമെങ്കിലും പങ്കെടുക്കാവുന്നതാണ്.
4. +1, +2 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളും യുവതീയുവാക്കന്മാരുടെ ഗണത്തിൽ വരുന്നതാണ്.
5. രജിസ്ട്രേഷൻ 2018 ജനുവരി 15 നു മുൻപ് നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.
6. മത്സരത്തിൽ പങ്കെടുക്കാൻ വ്യക്തികളുടെ ഗണംതിരിച്ച് വികാരിയച്ചൻ നൽകുന്ന സാക്ഷ്യപത്രം കൊണ്ടുവരേണ്ടതാണ്.
7. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെയായിരിക്കും ക്വിസ്മത്സരം നടത്തപ്പെടുക.

**ഫാ. ജേക്കബ് വാരിക്കാട്ട് (വികാരി)**
9744799717

**ഫാ. ഫീലിപ്പോസ് കാപ്പിത്തോട്ടം (അസി. വികാരി)**
9495278364

ശ്രീ. ഇട്രാച്ചൻ പുന്നാടമ്പാക്കൽ (HM)
9847112760

പള്ളി ഓഫീസ്: 0481 2420218

# കരിസ്മാറ്റിക് നവീകരണ വാർത്തകൾ

'നിങ്ങളുടെ പ്രസ്ഥാനത്തിന്റെ ആരംഭം തിരുസഭയിലും അവൾക്ക് വേണ്ടിയും പരിശുദ്ധാത്മാവ് ലക്ഷ്യമാക്കിയ കൃപയുടെ ഒരു പ്രസരണമാണ്. കൃപയുടെ ഈ പ്രസരണം തന്നെയാണ് നിങ്ങളുടെ മുഖമുദ്രയും."

-പോപ്പ് ഫ്രാൻസിസ്

**1. സോണൽ പുനഃസംഘടനയ്ക്കുവേണ്ടിയുള്ള ഒരുക്ക ധ്യാനം:**

ഒക്ടോബർ 29-ാം തീയതി കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ, ക്ഷണിക്കപ്പെട്ട ഉപദേശകസമിതി അംഗങ്ങൾക്കുവേണ്ടി സെമിനാർ നടക്കുകയുണ്ടായി. ആഗതമായ സോണൽ പുനഃസംഘടനയ്ക്കുവേണ്ടി പ്രാർത്ഥിച്ചൊരുങ്ങാൻ പ്രസ്തുത കൂട്ടായ്മ സഹായകമായി. KST വൈസ് ചെയർമാൻ ഷാജി വൈക്കത്ത് പറമ്പിൽ നയിച്ച സെമിനാറിൽ 80 പ്രതിനിധികൾ പങ്കെടുത്തു.

**2. സോണൽ പുനഃസംഘടന**

നവംബർ 25-ാം തീയതി മാർത്തോമ്മാ വിദ്യാനികേതകൻ ഓഡിറ്റോറിയത്തിൽ നടന്ന സോണൽ സേവനസമിതിയുടെ പുനഃസംഘടനയിൽ അടുത്ത രണ്ടുവർഷത്തെ സേവനസമിതി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. വിവിധ സബ്സോണുകളിൽ നിന്ന് ക്ഷണിക്കപ്പെട്ട സോണൽ ഉപദേശകസമിതി അംഗങ്ങൾക്ക് വി.വി. അഗസ്റ്റിൻ (ഇടുക്കി തങ്കച്ചന്റെ) നേതൃത്വത്തിലുള്ള K.C.C.R.S.T. ടീം വേണ്ട മാർഗനിർദേശങ്ങൾ നല്കി. അതിരൂപതാ/സോണൽ ഡയറക്ടർ ഫാ. മാത്യു താന്നിയത്ത് സമാപന സന്ദേശം നൽകി.

മഞ്ചു മാത്തൂർ (തോട്ടയ്ക്കാട്); ടോമിച്ചൻ പുല്ലങ്കാവുങ്കൽ (മണിമല); ജിജോ സക്കറിയ (തിരുവല്ല), ലാലിച്ചൻ നെല്ലിക്കൽ (നെടുമണ്ണി); ജയിംസ് നടുവിലെപ്പറമ്പിൽ (കുറുമ്പനാടം), ഓമന തോമസ് (വാഴപ്പള്ളി), ജോഷിമ്മ എബി (കുട്ടനാട്), സീനാ ടോം (നെടുങ്കുന്നം), ഷാജി തെങ്ങണ (കുറുമ്പനാടം) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്.

**ജയിംസ് നടുവിലേപറമ്പിൽ**
(കോർഡിനേറ്റർ)
9495520422

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)
9446903631

## 'നവമാധ്യമങ്ങളും കുടുംബ ബന്ധങ്ങളും' ഓഡിയോവിഷ്വൽപ്രോഗ്രാം

നവമാധ്യമങ്ങളുടെ ചതിക്കുഴികൾ തിരിച്ചറിയുവാനും, അവയെ വിവേകത്തോടെ ഉപയോഗിക്കുവാനും, കുടുംബ ബന്ധങ്ങളും ആത്മീയജീവിതവും ഭദ്രമാക്കാനും സഹായകമാകുന്ന ഓഡിയോവിഷ്വൽ പ്രോഗ്രാം തയ്യാറായിരിക്കുന്നു. മാധ്യമങ്ങൾ നന്മകൾ സാധ്യതകൾ, നവമാധ്യമങ്ങളും മാനസിക ശാരീരിക പ്രശ്നങ്ങളും, സെൽഫി ഭ്രമം, ഗെയിം അഡിക്ഷൻ, അശ്ലീലതയുടെ അതിപ്രസരം, കുടുംബ ആദ്ധ്യാത്മികതയും ബന്ധങ്ങളും, ഡിജിറ്റൽ പേരന്റിംഗ് എന്നീ വിഷയങ്ങളെ സമന്വയിപ്പിച്ചു കൊണ്ടുള്ള ദൃശ്യങ്ങളും, പ്രഭാഷണങ്ങളും, ചർച്ചകളും അടങ്ങുന്ന 2 മണിക്കൂർ പ്രോഗ്രാമാണിത്. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ പതിനൊന്നു വാർഡുകളിലും വളരെ ഫലപ്രദമായി നിറഞ്ഞ ജനപങ്കാളിത്തത്തോടെ ഈ പ്രോഗ്രാം അവതരിപ്പിക്കപ്പെട്ടു. പ്രോഗ്രാമിനോടനുബന്ധിച്ച് പ്രായോഗിക ദിശാസൂചനകളും വിവരങ്ങളും അടങ്ങിയ ലഘുലേഖകളും വിതരണം ചെയ്യുന്നതാണ്. കൂടാതെ പൊതുചർച്ചയ്ക്ക്ശേഷം പ്രായോഗിക തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും അവസരം ഒരുക്കുന്നതാണ്. ഇടവകകളിൽ പൊതുവായോ, വാർഡുകളിൽ പ്രത്യേകമായോ നടത്തുവാൻ താല്പര്യമുള്ളവർ വിശദവിവരങ്ങൾക്കും ബുക്കിംഗിനുമായി ബന്ധപ്പെടുക.തോട്ടയ്ക്കാട് സെന്റ് ജോർജ്ജ്, പുളിക്കുന്ന് സെന്റ് മേരീസ്ഫോറോനാ, മുടിയൂർക്കര ഹോളി ഫാമിലി എന്നീ പള്ളികളുടെ വിവിധ വാർഡുകളിൽ ഡിസംബർ, ജനുവരി മാസങ്ങളിൽ ഈ പ്രോഗ്രാം നടത്തുന്നതാണ്.

## യുവ-മീഡിയ ഓഡിയോവിഷ്വൽ-ഏകദിന പാക്കേജ്

പുതുതലമുറ വിരലുകളുടെ ചലനം ഉറപ്പിക്കുന്നത് സ്മാർട്ട് ഫോണിലും കംപ്യൂട്ടറുകളിലുമാണ്. അവർക്ക് നവമാധ്യമങ്ങളുടെ ഉപയോഗത്തിൽ നിന്ന് മാറിനിൽക്കാനുമാവില്ല. നവമാധ്യമങ്ങളെ വിവേകപൂർവ്വം ഉപയോഗിക്കുവാനും അവയെ ജനനന്മയ്ക്കും ആത്മീയജീവിതത്തിനും പ്രയോജനപ്പെടുത്തുവാനും കുട്ടികളെ പരിശീലിപ്പിക്കുന്ന പ്രോഗ്രാം: യുവ-മീഡിയ ഓഡിയോവിഷ്വൽ - ഏകദിന പാക്കേജ് തയ്യാറായിരിക്കുന്നു. നവമാധ്യമങ്ങളുടെ നന്മകൾ സാധ്യതകൾ, നൂതന പ്രവണതകൾ, നവമാധ്യമങ്ങൾ മൂല്യബോധനത്തിനും -വിശ്വാസ വളർച്ചയ്ക്കും, ക്രിയാത്മകമായ മാധ്യമസൃഷ്ടികൾ, നവമാധ്യമസാങ്കേതികത്വങ്ങളും ദിശാസൂചനകളും എന്നീ മേഖലകൾ കോർത്തിണക്കിയുള്ള ക്ലാസ്സുകളും, ഗ്രൂപ്പ് ചർച്ചകളും, പ്രായോഗിക വിജ്ഞാനവും പകരുന്ന പ്രോഗ്രാമാണിത്. 50 പേരടങ്ങുന്ന ചെറിയ ഗ്രൂപ്പുകൾക്കുവേണ്ടിയാണ് പ്രോഗ്രാം സെറ്റ് ചെയ്തിരിക്കുന്നത്. 8-ാം ക്ലാസ്സ് മുതൽ +2 ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് വേണ്ടിയാണ് ഈ പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നത്. ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളും മീഡിയാവില്ലേജിലോ, മറ്റ് ദിവസങ്ങളിൽ അതാത് ഇടവകകളി

ലോ, സ്കൂളുകളിലോ ഈ പ്രോഗ്രാം നടത്താവുന്നതാണ്. മറ്റ് സ്ഥലങ്ങളിൽ നടത്തുമ്പോൾ ഓഡിയോവിഷ്വൽ റൂം സൗകര്യം അഭികാമ്യമായിരിക്കും.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫാ. ആന്റണി എത്തയ്ക്കാട്ട്**
9446194320

**ഫാ. ജോസഫ് പാറയ്ക്കൽ**
9544120698

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
9400285923

**നവമാധ്യമങ്ങളും കുടുംബ ബന്ധങ്ങളും: ഓഡിയോവിഷ്വൽപ്രോഗ്രാം വിവിധ വേദികളിൽ**

**നവംബർ**

**12 നാലുകോടി Zone I**

15 കത്തീഡ്രൽ വാർഡ്

16 അങ്ങാടി-പോത്തോട്വാർഡ് A

17 അങ്ങാടി-പോത്തോട്വാർഡ് B

18 വെജിറ്റബിൾമാർക്കറ്റ് വാർഡ്

19 ഫിഷ്മാർക്കറ്റ്വാർഡ്

**നാലുകോടി Zone II**

20 കാക്കാംതോട്-മഞ്ചാടിക്കര - വണ്ടിപ്പേട്ടവാർഡ്

21 മറ്റം-പൂവക്കാട്ടുചിറ വാർഡ്

22 പാസ്റ്ററൽസെന്റർ വാർഡ്

23 അസംപ്ഷൻ വാർഡ്

24 ഗത്സമനി വാർഡ്

25 വാഴപ്പള്ളി വാർഡ്

**നാലുകോടി**

**ഡിസംബർ**

03 നാലുകോടി Zone III

10 നാലുകോടി Zone IV

17 നാലുകോടി Zone V

# ദലിത് കത്തോലിക്കാ മഹാജനസഭ

**ചങ്ങനാശേരി അതിരൂപത DCMS സംയുക്ത എക്സിക്യൂട്ടീവ് തീരുമാനങ്ങളും നടപ്പിൽ വരുത്തുന്ന പദ്ധതികളും**

**കമ്പ്യൂട്ടർ**

യൂണിറ്റുകളിലുള്ള കുടുംബങ്ങളെ കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് DCYL അംഗങ്ങളായ ശ്യാം ജോസഫ് ഷൈജു ജോസഫ് എന്നിവരെ ചുമതലപ്പെടുത്തി.

**യൂണിറ്റ് സന്ദർശനം**

വിദ്യാജ്യോതി ഫണ്ട് സമാഹരണം 12.11.2017 അതിരമ്പുഴ ഫൊറോനയിലെ യൂണിറ്റുകൾ സന്ദർശിക്കാൻ 4 ഗ്രൂപ്പുകളെ നിശ്ചയിച്ചു.

അതിരൂപതാ കമ്മറ്റി അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രൂപ്പാണ് യൂണിറ്റു സന്ദർശിക്കുക.

**ഭവനസന്ദർശനം**

ജെയിംസ് ഇലവുങ്കൽ (അതി. പ്രസിഡന്റ്), DCYL അതിരൂപതാ വൈസ്. പ്രസിഡന്റ് ശ്യാം ജോസഫ്, ജിത്തു ജോസഫ്, ത്രേസ്യാമ്മ ജോസഫ് എന്നിവർ നാല്പാത്തിമല സെന്റ് തോമസ് ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു.

**പി.ജെ. ജോൺ (വൈസ് പ്രസി. അതി)**

പി.ജെ. ജോൺ സജി കടയനിക്കാട്. ജോയി സി.ജെ. മണ്ണാർക്കുന്ന് സെന്റ് ഗ്രീഗോറിയോസ് ഇടവക കുടുംബങ്ങൾ സന്ദർശിച്ചു.

**മാത്യു ജോസഫ് (ജോ. സെക്രട്ടറി) കോട്ടയ്ക്കപ്പുറം**

മാത്യു ജോസഫ്, റ്റോമി മംഗലത്ത്. സാബു കോട്ടയ്ക്കപ്പുറം, സെന്റ് മാത്യൂസ് കോട്ടയ്ക്കപ്പുറം ഇടവകയിൽ കുടുംബസന്ദർശനം നടത്തി.

**ഖജാൻജി**

സെബാസ്റ്റ്യൻ ആന്റണി, പി.ജെ. ജോസഫ്, ബേബി എം.സി., മാത്യു ജോർജ് എന്നിവർ അതിരമ്പുഴ ലിസ്യൂഭവൻ ഇടവക സന്ദർശിച്ചു.

**രണ്ടാംഘട്ട സന്ദർശനം**

19.11.2017 രാവിലെ 9.30 ന് പി.ജെ. ജോണിന്റെ നേതൃത്വത്തിൽ ചെറുവാണ്ടൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ പി.ജെ. ജോൺ, മാത്യു ജോസഫ്, ബേബി എം.സി., റ്റോമി മംഗലത്ത് എന്നിവർ സന്ദർശനം നടത്തി.

മാത്യു ജോസഫിന്റെ നേതൃത്വത്തിൽ പുന്നത്തുറ വെള്ളാപ്പള്ളി സെന്റ് തോമസ് ഇടവകയിൽ ബേബി എം.സി., പി.ജെ. ജോൺ, റ്റോമി മംഗലത്ത് എന്നിവർ സന്ദർശിച്ചു. കുടുംബാംഗങ്ങളെ നേരിൽ കണ്ടു.

**യൂണിറ്റ് രൂപീകരണം**

കൈപ്പുഴ തിരുക്കുടുംബ ഇടവകയിൽ DCMS യൂണിറ്റ് രൂപീകരിച്ചു. ബഹു. വികാരി ഫാ. ലൂക്ക് ചാമക്കാല യോഗം ഉദ്ഘാടനം ചെയ്തു. അതി. പ്രസിഡന്റ് ശ്രീ. ജെയിംസ് ഇലവുങ്കൽ അദ്ധ്യക്ഷതവഹിച്ചു. ത്രേസ്യാമ്മ ജോസഫ്,

ശ്യാം കെ. ജോസഫ്, ഷൈജു ജോസഫ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് തിര ഞ്ഞെടുപ്പു നടന്നു.

**യൂണിറ്റ് ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | കുര്യാക്കോസ് കെ.സി. |
| വൈ. പ്രസിഡന്റ് | : | ഷിജു ഷാജി |
| സെക്രട്ടറി | : | എൻ.ജെ. റോസമ്മ |
| ജോ. സെക്രട്ടറി | : | റ്റോമി ഫ്രാൻസിസ് |
| ഖജാൻജി | : | റെജി ജോസഫ് |

**കമ്മറ്റിയംഗങ്ങൾ**

രാജുമോൻ എൻ.ജെ., റോയ് ജോസഫ്, ബിജു ജോസഫ്, ബിജു സേവ്യർ, സജി ജോസഫ്, മണിയമ്മ ബേബി എന്നിവരുടെ സന്ദർശനത്തോടനുബന്ധിച്ചു DCMS അതിരൂപത ഡയറക്ടർ ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി ഫൊറോനാ വികാരിയെയും യൂണിറ്റ് വികാരിമാരെയും സന്ദർശന വിവരം അറിയിച്ചു.

**മുട്ടക്കോഴി**

മുട്ടക്കോഴികുഞ്ഞുങ്ങളുടെ വിതരണ രജിസ്ട്രേഷൻ 30.10.2017 ൽ അവസാനിച്ചു.

**വിവാഹ സഹായം**

വിവാഹ സഹായപദ്ധതി ഫണ്ട് നടപ്പിലാക്കാൻ തീരുമാനിച്ചു. നടപ്പിലാക്കുന്ന പദ്ധതിയുടെ രൂപരേഖ DCVS പ്രസിഡന്റ് കമ്മറ്റിയിൽ അവതരിപ്പിച്ചു.

**സ്വർണമെഡൽ DCYL**

SSLC, +2 പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്കുള്ള സ്വർണ്ണമെഡൽ അർഹരായ കുട്ടികൾക്കു നല്കുന്ന അവാർഡ് ഇവ നൽകുന്ന നിക്ഷേപ തുക വർദ്ധിപ്പിക്കുന്നതിനും കമ്മറ്റി തീരുമാനിച്ചു. ജെയിംസ് ഇലവുങ്കൽ 1000, ത്രേസ്യാമ്മ ജോസഫ് 1000, മേഴ്സി തോമസ്-500 രൂപയും നല്കുന്നകാര്യം തീരുമാനിച്ചു. ബാക്കി തുക സംഭരിക്കുന്നതിന് DCYL അതിരൂപതാ ഭാരവാഹികളെ ചുമതലപ്പെടുത്തി.

**നയരേഖ രൂപീകരണ ദ്വിദിന ക്യാമ്പ്**

DCMS ചങ്ങനാശേരി അതിരൂപത പഞ്ചവത്സര പദ്ധതിയുടെ നയരേഖ രൂപീകരണ ചർച്ച ദ്വിദിന ക്യാമ്പ് അഭിവന്ദ്യ പിതാവ് മാർ ജോസഫ് പെരുന്തോട്ടം അഭിവന്ദ്യ മാർ തോമസ് തറയിൽ, ബഹു. വികാരി ജനറാൾ റവ. ഡോ. ജോസഫ് മുണ്ടകത്തിൽ എന്നിവർ പങ്കെടുക്കുന്നു. 2017 ഡിസംബർ 2,3 തീയതികളിൽ. സ്ഥലം: പാസ്റ്ററൽ സെന്റർ ചങ്ങനാശേരി.

സ്നേഹപൂർവ്വം,

**റ്റോമി മംഗലത്ത്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

# കത്തോലിക്കാ കോൺഗ്രസ്

കത്തോലിക്കാ കോൺഗ്രസ് അതിരൂപത സമിതിയിൽ നിന്നും ആശംസകൾ !

പുതിയ പ്രവർത്തന വർഷത്തിൽ കത്തോലിക്കാ സമുദായ ഐക്യത്തിനായി കർമ്മ ധീരതയോടെ പ്രവർത്തിക്കാൻ നമുക്ക് സജ്ജരാകാം, ചില സുപ്രധാന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ.

* ഫൊറോന സമിതികളിലേക്കുള്ള തെരഞ്ഞെടുപ്പ് 2017 ഡിസംബർ 25 നു മുമ്പ് നടത്തുന്നതിന് തീരുമാനിച്ചു.
* അതിരൂപത തലത്തിൽ പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ശാഖകളിലെ അംഗങ്ങൾക്കു മാത്രമെ തെരഞ്ഞെടുപ്പുയോഗത്തിൽ സംബന്ധിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്നതിനും അർഹതയുണ്ടായിരിക്കുകയുള്ളു.
* തെരഞ്ഞെടുപ്പുയോഗങ്ങൾക്കും നടപടികൾക്കും താഴെ പറയുന്ന അതിരൂപത ഭാരവാഹികളെ വിവിധ ഫൊറോനകളിൽ ചുമതലപ്പെടുത്തി.

**തിരുവനന്തപുരം, അമ്പൂരി, കൊല്ലം**

വർഗീസ് ആന്റണി, രാജേഷ് ജോൺ, സിബി മുക്കാടൻ, ടോണി ജെ കോയിത്തറ.

**ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി**

വർഗീസ് ആന്റണി, സിബി മുക്കാടൻ, സൈബി അക്കര, ടോം കയ്യാലകം, അനീസ് ജോർജ്, ഷീന ജോജി.

**പുളിങ്കുന്ന്, എടത്വ, ചമ്പക്കുളം, ആലപ്പുഴ**

ജോസ് ജോൺ വേങ്ങാന്തറ, അച്ചാമ്മ യോഹന്നാൻ , ദേവസ്യാ പുളിക്കാശേരി, സണ്ണി മുട്ടാർ.

**കോട്ടയം, കുടമാളൂർ, അതിരമ്പുഴ**

രാജേഷ് ജോൺ, പി.പി ജോസഫ്, തങ്കച്ചൻ പൊന്മാങ്കൽ, ജോയി പാറപ്പുറം, ഷെയ്ൻ ജോസഫ്.

**കുറുമ്പനാടം, നെടുംകുന്നം, മണിമല**

ജോർജുകുട്ടി മുക്കം, ബിജു സെബാസ്റ്റ്യൻ, ജോസ് തോമസ്.

* ഫൊറോന വികാരിയച്ചന്മാരുടെ നേതൃത്വത്തിലായിരിക്കണം തെരഞ്ഞെടുപ്പുയോഗങ്ങൾ നടത്തേണ്ടത്. ഭാരവാഹികളുടെ ലിസ്റ്റ് ചുമതലയുള്ള അതിരൂപത സമിതി അംഗത്തിന്റെ പക്കൽ നേരിട്ട് ഏല്പിക്കേണ്ടതുമാണ്.

**ഭാരവാഹികളുടെ സത്യപ്രതിജ്ഞ**

* കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി ഭാരവാഹികളുടെ സത്യപ്രതിജ്ഞ 2017 ഡിസംബർ 9 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സീറോ മല

ബാർ സഭ കേന്ദ്രകാര്യാലയത്തിൽ (കാക്കനാട് മൗണ്ട് സെന്റ് തോമസ്) നടക്കും. ശാഖാ ഭാരവാഹികളും അംഗങ്ങളും ഈ പരിപാടിയിൽ സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

**അതിരൂപതാ പ്രവർത്തനവർഷോദ്ഘാടനം**

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത പ്രവർത്തന വർഷോദ്ഘാടനവും ഭാരവാഹികളുടെ സത്യപ്രതിജ്ഞയും സന്ദേശനിലയം മീഡിയ ഹാളിൽ നടത്തി.

ആർച്ചു ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം നിർവഹിച്ചു. സഹായ മെത്രാൻ മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണം നടത്തി.

അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണി അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് മുകളേൽ, ജന.സെക്രട്ടറി രാജേഷ് ജോൺ, ഭാരവാഹികളായ സിബി മുക്കാടൻ, ബാബു വള്ളപ്പുര, ടോം കയ്യാലകം, സൈബി അക്കര, ജാൻസൻ ജോസഫ്, എന്നിവർ പ്രസംഗിച്ചു. മുൻ പ്രസിഡന്റ് ടോമി ഇളന്തോട്ടം പുതിയ ഭാരവാഹികൾക്ക് ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

**അഭിനന്ദനങ്ങൾ**

കത്തോലിക്കാ കോൺഗ്രസിന്റെ സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ജാൻസൺ ജോസഫിന് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**സംസ്ഥാന നേതൃസംഗമം**

നവംബർ 19 ഞാറാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ മൂവാറ്റുപുഴ നെക്സ് പാസ്റ്ററൽ സെന്ററിൽ (കോതമംഗലം രൂപത) നടന്ന കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന നേതൃസംഗമത്തിൽ അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണി. ജന.സെക്രട്ടറി രാജേഷ് ജോൺ, സംസ്ഥാന സെക്രട്ടറി പ്രൊഫ.ജാൻസൻ ജോസഫ് എന്നിവർ സംബന്ധിച്ചു സംസ്ഥാനതല കർമ്മപദ്ധതിക്ക് ഈ സംഗമത്തിൽ രൂപം നൽകി.

**അതിരൂപത ഭാരവാഹികൾ**

1. വർഗീസ് ആന്റണി കളത്തിൽ, വടക്കേക്കര (പ്രസിഡന്റ്)
2. രാജേഷ് ജോൺ നന്തിക്കാട്ട്,കൊല്ലാട് (ജന: സെക്രട്ടറി)
3. സിബി മുക്കാടൻ, തൃക്കൊടിത്താനം (ട്രഷറർ)
4. അഡ്വ. പി.പി ജോസഫ്, പുന്നത്തറ-വർക്കിംഗ് കമ്മറ്റി അംഗം
5. തങ്കച്ചൻ പൊൻമാങ്കൽ, തെള്ളകം-വർക്കിംഗ് കമ്മറ്റി അംഗം
6. സൈബി അക്കര,ചങ്ങനാശ്ശേരി (വൈസ് പ്രസിഡന്റ്)
7. ജോയി പാറപ്പുറം, വെട്ടിമുകൾ (വൈസ് പ്രസിഡന്റ്)
8. അനീസ് ജോർജ് കോടിയ്ക്കൽ,പായിപ്പാട് (വൈസ് പ്രസിഡന്റ്)
9. അച്ചാമ്മ യോഹന്നാൻ,തെക്കേക്കര (വൈസ് പ്രസിഡന്റ്)
10. ബാബു വള്ളാപ്പുര, പാറേൽ (വൈസ് പ്രസിഡന്റ്)
11. ജോസ് തോമസ് പാലത്തിനാൽ,കരിമ്പനക്കുളം (വൈസ് പ്രസിഡന്റ്)

12. ജോർജുകുട്ടി മുക്കത്ത്, കുറുമ്പനാടം-സെക്രട്ടറി
13. ടോണി ജെ. കോയിത്തറ, പുനലൂർ-സെക്രട്ടറി
14. ജോസ് ജോൺ വെങ്ങാന്തറ, മിത്രക്കരി-സെക്രട്ടറി
15. ടോം കയ്യാലകം, ഇത്തിത്താനം-സെക്രട്ടറി
16. എൻ.എ സണ്ണിച്ചൻ നടുവിലേപറമ്പിൽ, മുട്ടാർ-എക്സിക്യൂട്ടീവ് കമ്മറ്റിയംഗം
17. ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്, കൂത്രപ്പള്ളി-എക്സിക്യൂട്ടീവ് കമ്മറ്റിയംഗം
18. ദേവസ്യ പുളിക്കാശേരി, തത്തംപള്ളി-എക്സിക്യൂട്ടീവ് കമ്മറ്റിയംഗം
19. ഷെയിൻ ജോസഫ് കാരയ്ക്കൽ, കുമരകം-എക്സിക്യൂട്ടീവ് കമ്മറ്റിയംഗം
20.സോജൻ തോമസ് കൊടുപ്പുന്ന, ചങ്ങനാശ്ശേരി-എക്സിക്യൂട്ടീവ് കമ്മറ്റിയംഗം
21.ഷീനാ ജോജി വട്ടപ്പറമ്പ്, വെട്ടിത്തുരുത്ത് -എക്സിക്യൂട്ടീവ് കമ്മറ്റിയംഗം

**3. ഭാരവാഹികൾക്കു പുറമെ കത്തോലിക്കാ കോൺഗ്രസ് അതിരൂപത കൗൺസിലിലേക്ക് താഴെപറയുന്നവരെ തെരഞ്ഞെടുത്തു.**

1 സി.ടി തോമസ് കാച്ചാക്കോടം, ചമ്പക്കുളം
2 സെബാസ്റ്റ്യൻ ശ്രാങ്കൽ, നാലുകോടി
3 മാത്തുക്കുട്ടി മൂലയിൽ , മാടപ്പള്ളി
4 കെ.എ ജോസ് കല്ലുപുരക്കൽ, കോട്ടയം
5 ബാബു വടക്കേക്കളം, പുളിങ്കുന്ന്
6 എ.എം മാത്യു ആനിത്തോട്ടം, മുണ്ടത്താനം
7 പി.എം.റോയി വേലിക്കെട്ടിൽ, പുത്തനങ്ങാടി
8 സാബു ഏബ്രഹാം എട്ടുമൂലയിൽ, കിളിരൂർ
9 അഗസ്റ്റിൻ ജോസഫ് മുടന്താഞ്ചലി, മങ്കൊമ്പ്
10 നൈജിൻ എം.ജെ മറ്റത്തിൽ, മണിമല
11 കെ.ജെ മാത്യു കണ്ടത്തിപ്പറമ്പ് , കൊടുപ്പുന
12 തങ്കമ്മ ബേബിച്ചൻ, കുമരകം
13 മേരിക്കുട്ടി പാറക്കടവിൽ, ചങ്ങനാശേരി
14 നിക്കോളസ് സെബാസ്റ്റ്യൻ, തിരുവനന്തപുരം
15 അംബ്രോസിസ് നൈനാൻ, അമ്പൂരി

കൂടുതൽ വിവരങ്ങൾ അതിരൂപത ഭാരവാഹികളുടെ പക്കൽ നിന്നും ലഭ്യമാണ്. എല്ലാ പ്രവർത്തനങ്ങൾക്കും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

എന്ന്,

| | | |
|---|---|---|
| **രാജേഷ് ജോൺ** | **ഫാ. ജോസ് മുകളേൽ** | **വർഗീസ് ആന്റണി** |
| (ജനറൽ സെക്രട്ടറി) | (ഡയറക്ടർ) | (അതിരൂപത പ്രസിഡന്റ്) |

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

ഉണ്ണിമിശിഹായുടെ ജനനത്തിരുനാൾ ആഘോഷിക്കുന്ന മാസമാണല്ലോ ഡിസംബർ. ഏവർക്കും ക്രിസ്മസിന്റെയും ഒപ്പം നവവത്സരത്തിന്റെയും മംഗളങ്ങൾ കാലേക്കൂട്ടി നേരുന്നു. ഡിസംബർ 8 ന് പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാളായതിനാൽ വി. കുർബാനയിൽ സംബന്ധിച്ചും, നിയോഗസമർപ്പണത്തിലൂടെ പ്രാർത്ഥിക്കുവാൻ ചെയ്യുവാൻ ശ്രദ്ധിക്കുക.

**സൊസൈറ്റിയുടെ കെട്ടുറപ്പ്:**

പരിശുദ്ധ കന്യകമറിയത്തെയും വി. വിൻസെന്റ് ഡിപോളിനെയും സൊസൈറ്റിയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥരായി തിരഞ്ഞെടുക്കുന്നതിനുവേണ്ടി കൂടുതൽ ആശയവിനിമയം നടത്തിയ വ്യക്തിയാണ് സി. റൊസാലിൻ റിന്റോ. സിസ്റ്റർ റിന്റോയേ 2003 നവംബറിൽ വാഴ്ത്തപ്പെട്ടവളായി ജോൺപോൾ II മാർപാപ്പ പ്രഖ്യാപിക്കുകയുണ്ടായി. ഇതേ മാർപ്പാപ്പയാണ് 1997 ൽ ഫ്രെഡറിക് ഓസാനാമിനെയും വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത്. എന്നുപറഞ്ഞാൽ നമ്മുടെ സൊസൈറ്റിയെക്കുറിച്ച് അഗാധമായ പഠനം നടത്തിയ പാപ്പാമാരിൽ ഏറ്റം പ്രമുഖൻ ജോൺപോൾ II ആയിരുന്നുവെന്നതിൽ രണ്ടഭിപ്രായത്തിന്റെ ആവശ്യമില്ല."നിങ്ങൾ എന്നിൽ വസിക്കുകയും, എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നെങ്കിൽ, ഇഷ്ടമുള്ളതു ചോദിച്ചു കൊള്ളുക, നിങ്ങൾക്കു ലഭിക്കും നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എന്റെ ശിഷ്യന്മാരായിരിക്കുകയും ചെയ്യുന്നതുവഴി പിതാവ് മഹത്വപ്പെടുന്നു. പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ (യോഹ. 15:7-9). ആ സ്നേഹത്തിന്റെ അർത്ഥം മനസിലാക്കിക്കൊണ്ട് ഫ്രഡറിക് ഓസാനാമിനാൽ സ്ഥാപിതമായ നമ്മുടെ സൊസൈറ്റിയിൽ ഏകദേശം 145 രാഷ്ട്രങ്ങളിലായി എട്ടുലക്ഷത്തോളം പ്രവർത്തകർ ഊർജ്ജം നൽകിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിൽ 83 സിസികളിലായി 666 എ.സി.കളും 7203 കോൺഫറൻസുകളിലുംകൂടി 68404 പ്രവർത്തകാംഗങ്ങളാണുള്ളത്. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നല്കിക്കൊണ്ടായിരുന്നു ഈയിടെ നടന്ന നാഷണൽ കൗൺസിൽ വാർഷികത്തിന് തിരശീല വീണത്.

**സൊസൈറ്റിയുടെ നേതൃത്വം ഇന്ത്യയിൽ**

09.11.1953 ൽ "സുപ്പീരിയർ കൗൺസിൽ ഓഫ് ഇന്ത്യ" സ്ഥാപിതമായതോടെയാണ് നമ്മുടെ പ്രവർത്തനങ്ങൾക്കു കൂടുതൽ ഊർജ്ജം പ്രാപിച്ചത്. 06.08.1973 ൽ അതു നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യ എന്നപേരിൽ ബോംബെ ആസ്ഥാനമാക്കി പുനർക്രമീകരിച്ചു. എന്നാൽ കഴിഞ്ഞ AGM ൽ അതു വീണ്ടും സുപ്പീരിയർ കൗൺസിൽ ആക്കുന്നതിനെക്കുറിച്ചു ചിന്തിക്കുകയുണ്ടായി. അന്തർദേശീയ നിയമാവലി ആർട്ടിക്കിൾ 1.8, 1.9 ൽ ഒരു രാജ്യത്ത് ഒന്നിൽകൂടുതൽ സൂപ്പീരിയർ കൗൺസിൽ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡങ്ങളെക്കുറിച്ചു

പ്രതിപാദിക്കുന്നുണ്ട്. ഏതെങ്കിലുമൊരു രാജ്യത്ത് 3000ത്തിലധികം കോൺഫ്രൻസുകൾ ഉണ്ടെങ്കിൽ സുപ്പീരിയർ കൗൺസിൽ സ്ഥാപിക്കാവുന്നതാണ്. അങ്ങനെ വന്നാൽ കുറഞ്ഞത് 1000 കോൺഫ്രൻസുകളെ ഏകോപിപ്പിച്ചുകൊണ്ട് ഓരോ സുപ്പീരിയർ കൗൺസിലുകൾ സ്ഥാപിക്കുവാൻ സാധിക്കും. ഇതേക്കുറിച്ച് പഠിച്ച് 18 മാസത്തിനുള്ളിൽ റിപ്പോർട്ടു സമർപ്പിക്കുവാൻ ബഹു. ജോസഫ് പാണ്ഡ്യാൻ ചെയർമാനായുള്ള ഒരു അന്തർദേശീയ കൗൺസിൽ രൂപപ്പെടുത്തിയിട്ടുണ്ട്. ബ്ര. ജോൺസൺ വർഗീസ് അതിലെ ഒരു അംഗവുമാണ്.

**സവിശേഷതകൾ**

1. ഒന്നിൽകൂടുതൽ സുപ്പീരിയർ കൗൺസിൽ ഉണ്ടാകുന്നതുവഴി നാഷണൽ കൗൺസിൽ ഇല്ലാതാകുന്നു.
2. ചെറിയ ഗ്രൂപ്പുകൾ രൂപപ്പെടുത്തുന്നതുവഴി, പ്രവർത്തനമികവ് വർദ്ധിക്കുന്നു.
3. സുപ്പീരിയർ കൗൺസിലുകൾക്ക് അതാതു ഏരിയാകൗൺസിലുകളിൽ ഹെഡ് ക്വോട്ടേഴ്സ് ഉണ്ടാകുന്നു.
4. ആശയവിനിമയം കൂടുതൽ ഏളുപ്പമാകുന്നു.
5. അന്തർദേശീയ തലത്തിൽ പ്രാതിനിധ്യം കൂടുതൽ ലഭിക്കുന്നു.
6. NCI യ്ക്ക് അന്തർദേശീയതലത്തിൽ ഒരു വോട്ടുമാത്രം ലഭിച്ചിരുന്ന സ്ഥാനത്ത് ഓരോ സുപ്പീരിയർ കൗൺസിലിലും വോട്ടവകാശം ലഭിക്കുന്നു.
7. ഒരുപക്ഷേ ഇന്ത്യയിൽ നിന്ന് ഒരു അന്തർദേശീയ കൗൺസിൽ ജനറൽ ഉണ്ടാകുവാനുള്ള ാാധ്യതയും വർദ്ധിക്കുന്നു.
8. നാഷണൽ കൗൺസിലിൽ ഉണ്ടാകുന്ന ഭാഷാ പ്രശ്നങ്ങൾക്ക് ഒരുപരിധി വരെ പരിഹാരം ഉണ്ടാകുന്നു.

**വെബ്സൈറ്റ്**

നമ്മുടെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാൻ വെബ്സൈറ്റിന് രൂപം കൊടുത്തു.

www.ssvpndia.in ആണ് സൈറ്റ്. കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നതേയുള്ളൂ.

**സി.സി. മീറ്റിംഗ്**

അടുത്ത സി.സി. മീറ്റിംഗ് പുതുവർഷത്തിൽ മാത്രമേയുണ്ടായിരിക്കുകയുള്ളൂ. അതായത് ജനുവരി 2018 രണ്ടാം ശനിയാഴ്ച. പുതുവർഷത്തിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ മികവേകുവാൻ ഡിസംബർ മാസത്തെ പ്രവർത്തനങ്ങൾ ഉദാഹരണമാക്കത്തക്കവിധത്തിൽ മികവോടെ പ്രവർത്തിക്കുക.

ഡിസംബർ നോമ്പിന്റെ മാസം കൂടിയാണല്ലോ. ഉപവാസവും പ്രാർത്ഥനയും കാര്യക്ഷമമാക്കുക. നമ്മെ അറിയുന്ന നമ്മുടെ പിതാവ് നമ്മെ സംരക്ഷിക്കുന്നതിനും ഉത്സുകനാണ്. അതിനുവേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിച്ചുകൊണ്ട്.

സ്നേഹത്തോടെ,

**ആന്റണി തോമസ് കാനാറിക്കാവുങ്കൽ**

സി.സി. പ്രസിഡന്റ്

പ്രിയ സഹോദരരെ,

മംഗളവാർത്തക്കാലത്തിലേക്ക് പ്രവേശിച്ച നമ്മൾ പുൽക്കൂട്ടിൽ പിറന്ന ഉണ്ണി ഈശോയെ സ്വീകരിക്കുന്നതിനുള്ള ഒരുക്കത്തിലാണല്ലോ. വി. ഫ്രാൻസിസിന്റെ കാഴ്ചപ്പാടിൽ 'ക്രിസ്മസ് തിരുനാളുകളുടെ തിരുനാളാണ്. സൃഷ്ടാവ് സൃഷ്ടിയായി ദൈവം നമ്മുടെ കൂടെയായ ദിനം.

മനുഷ്യാവതാരത്തിലെ എളിമ വി. ഫ്രാൻസിസിന്റെ പ്രഥമ ധ്യാനവിഷയങ്ങളിൽ ഒന്നായിരുന്നു. സർവ്വശക്തൻ ബലഹീനനായി; സർവ്വസമ്പന്നൻ മഹാദരിദ്രനായി; പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്ന ദൈവം ചെറിയ ശിശുവായി; സർവ്വബോധ ജ്ഞാനി ബുദ്ധിയില്ലാത്ത മൃഗങ്ങളോട് സഹവസിക്കുവാൻ തിരുമനസ്സായി. ലോകത്താദ്യമായി പുൽക്കൂട് ഒരുക്കി ഉണ്ണീശോയെ വരവേറ്റത് അസ്സീസിയിലെ വി. ഫ്രാൻസിസ് ആയിരുന്നു. നമ്മുക്കും നമ്മുടെ ഹൃദയം ഉണ്ണീശോയ്ക്കു പിറക്കുവാനുള്ള പുൽക്കൂടായി ഒരുക്കാം. സമസ്തലോകത്തിനും സമാധാനത്തിന്റെയും സൗഭാഗ്യത്തിന്റെയും സന്ദേശമായി സമാഗതമാകുന്ന ക്രിസ്തുമസിന്റെ എല്ലാവിധം മംഗളങ്ങളും ആശംസിക്കുന്നു.

**SFO അതിരൂപതാ മാനേജിംഗ് കമ്മറ്റി മീറ്റിംഗ്**

അതിരൂപതാ മാനേജിംഗ് കമ്മറ്റി മീറ്റിംഗ് 10.11.2017 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് കാവാലം സെന്റ് തോമസ് കപ്പൂച്ചിൻ ആശ്രമദൈവാലയത്തിൽ 2.30 ന് കൂടുകയുണ്ടായി. സായാഹ്നപ്രാർത്ഥനകൾക്കുശേഷം SFO അതിരൂപതാ പ്രസിഡന്റ് സിബിച്ചൻ സ്രാങ്കന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ അതിരൂപതാ സെക്രട്ടറി എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് സ്വാഗതമാശംസിച്ചു. SFO അതിരൂപതാ സ്പിരിച്ച്വൽ അസിസ്റ്റന്റ് ഫാ. ജോമോൻ ആശാംപറമ്പിൽ OFm. Cap ആമുഖസന്ദേശം നൽകി. SFO ശതോത്തര സുവർണ്ണജൂബിലിയെക്കുറിച്ചായിരുന്നു മുഖ്യസന്ദേശം നടത്തിയത്. ഒരുവർഷം നീണ്ടുനില്ക്കുന്ന ആഘോഷപരിപാടികളെക്കുറിച്ച് കൃത്യമായി ആലോചിച്ച് ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജീവിതവുമായി ബന്ധപ്പെട്ട പ്രധാന സ്ഥലങ്ങളായ പൂന്തോപ്പ്, എടത്വാ, കുറുമ്പനാടം, ചമ്പക്കുളം, നെടുങ്കുന്നം എന്നീ സ്ഥലങ്ങളിൽ ഓരോ റീജണൽ കമ്മറ്റിയുടെയും നേതൃത്വത്തിൽ നടത്തണമെന്നും ജൂബിലി ആഘോഷങ്ങളുടെ തുടക്കവും അതിരൂപതാ വാർഷികവും തിരുനാളും വളരെ ഭംഗിയായി ഏറ്റെടുത്തു നടത്തിയ കുറുമ്പനാടം ഭ്രാതൃത്വത്തെയും അതിന്റെ പ്രസിഡന്റ് ശ്രീ. മാമ്മൻ എബ്രഹാം പുന്നാഞ്ചിറയെയും, എത്സമ്മ സെബാസ്റ്റ്യൻ മരങ്ങാട്ടിനെയും അഭിനന്ദിച്ചു. തുടർന്ന് സെക്രട്ടറി കഴിഞ്ഞ റിപ്പോർട്ട് അവതരിപ്പിച്ചു.

SFO യുടെ ഇതുവരെയുള്ള കണക്ക് ട്രഷറർ ശ്രീ. ടോമി നരിക്കുഴി അവതരിപ്പിച്ചു. റീജണൽ കൗൺസിലുകളുടെ വിഹിതം വിതരണം ചെയ്തു. പിന്നീട് ശതോത്തര സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ചർച്ചകളിലേക്ക് കടന്നു. ശതോത്തര സുവർണ്ണജൂബിലി സ്മരണികയായി 2018-ലെ ഡേറ്റ് കലണ്ടർ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ചിത്രത്തോടുകൂടി പ്രിന്റ് ചെയ്ത് എല്ലാ ഇടവകകളിലും വിതരണം ചെയ്യുവാനും 2018 ലെ SFO അതിരൂപതാ വാർഷികം, തിരുനാൾ, ശതോത്തര സുവർണ്ണജൂബിലി, സമാപനം എന്നിവ എടത്വായിൽ തൊമ്മച്ചന്റെ 110-ാം വാർഷികത്തിന്റെ മുന്നോടിയായി അടുത്തടുത്ത ദിവസങ്ങളിൽ നടത്തുവാനും എടത്വാ, പൂന്തോപ്പ്, കുറുമ്പനാടം, നെടുങ്കുന്നം, ചമ്പക്കുളം എന്നീ സ്ഥലങ്ങളിൽ റീജണൽ കൗൺസിലുകളുടെ നേതൃത്വത്തിൽ SFO ശതോത്തര സുവർണ്ണജൂബിലി ആഘോഷങ്ങൾക്കു മുൻതൂക്കം നൽകി. സെമിനാർ, മറ്റ് ആഘോഷങ്ങൾ നടത്തുവാനും ഓരോ റീജണൽ കൗൺസിലുകളുടെ മേൽനോട്ടത്തിൽ 5 പുതിയ ഭ്രാതൃത്വങ്ങൾ വീതം തുടങ്ങുവാനും 150 പുതിയ അംഗങ്ങളെ SFO യിലേക്ക് ചേർത്തുകൊണ്ട് 150 വർഷത്തിന്റെ സ്മാരകമായി അവർക്കു സഭാ പ്രവേശന കർമ്മം നടത്തുവാനും ജൂബിലി ആഘോഷത്തിന്റെ ഭാഗമായി പ്രിന്റ് ചെയ്യുന്ന എല്ലാ തരത്തിലുമുള്ള നോട്ടീസ്, ബാനറുകൾ, ലീഫ്‌ലെറ്റുകകൾ, എന്നിവയിൽ ജൂബിലി ലോഗോ പ്രിന്റ് ചെയ്ത് ചേർക്കണമെന്നും, മറ്റു രൂപതകളിലും ഇതറിയിക്കണമെന്നും, എല്ലാ ഭ്രാതൃത്വങ്ങളിലും, പ്രധാന പള്ളികളുടെ സമീപങ്ങളിലും, ജംഗ്ഷനുകളിലും ശതോത്തര സുവർണ്ണജൂബിലി ബോർഡുകൾ സ്ഥാപിക്കുവാനും, 2018 ലെ എടത്വാ തിരുനാളിനോടനുബന്ധിച്ച് ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജീവിതത്തിലൂടെ എന്ന പേരിൽ വിപുലമായ ഒരു സ്മാരക സ്റ്റാൾ തുറക്കുവാനും, ആ വർഷത്തെ 'കേരളാ അസ്സീസി' എന്ന വാർത്താപത്രിക മൾട്ടികളറോടുകൂടി പ്രസിദ്ധീകരിക്കുവാനും, ജൂബിലി സ്മാരകമായി ഒരു ഭവനം നിർമ്മിച്ചു നൽകുവാനും, SFO ഭ്രാതൃത്വതല തെരഞ്ഞെടുപ്പുകൾ ഡിസംബർ മാസം തുടങ്ങുന്നതിനും മുന്നോടിയായി തെരഞ്ഞെടുപ്പു വിജയത്തിനായുള്ള പ്രാർത്ഥനാ കാർഡ്, ടൈം ഷെഡ്യൂൾ തെരഞ്ഞെടുപ്പു പ്രതിനിധികളെ നിശ്ചയിക്കൽ, ബഹു. വികാരിയച്ചന്മാർക്കുള്ള തെരഞ്ഞെടുപ്പു കത്തുകൾ, എന്നിവ തയ്യാറാക്കുവാനും, ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികളെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ച് നിരന്തരമായി പ്രാർത്ഥിക്കുവാനും തീരുമാനിച്ചുകൊണ്ട് സമാപന പ്രാർത്ഥനയ്ക്കുശേഷം 5 മണിക്ക് യോഗം പര്യവസാനിച്ചു.

**നിര്യാതരായി**

SFO അതിരൂപതാ പ്രസിഡന്റ് സിബിച്ചൻ സ്രാങ്കന്റെ മാതാവ് അന്നമ്മ മാത്യു (94), കുറിച്ചി സെന്റ് ജോസഫ് ശാന്തിഗിരി ഭ്രാതൃത്വാംഗം ഗ്രേസി (70), പാറേൽ സെന്റ് മേരീസ് ഭ്രാതൃത്വാംഗം മണക്കളത്തിൽ മണിയമ്മയുടെ ഭർത്താവ്

ചെറിയാൻ തോമസ് (70), വില്ലൂന്നി സെന്റ് സേവ്യേഴ്സ് ഭ്രാതൃത്വത്തിലെ സീനിയർ അംഗം കളപ്പുരയ്ക്കൽ ചാക്കോ വർക്കി (97) എന്നിവർ നിര്യാതരായി. SFO നേതൃത്വാംഗങ്ങൾ പരേതരുടെ ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും ഒപ്പീസ് പ്രാർത്ഥന ചൊല്ലുകയും ശവസംസ്കാരകർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമെ.

പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവത്തിരുനാളിന്റെയും ആഗതമാകുന്ന ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ശതോത്തര സുവർണ്ണജൂബിലിയുടെയും മംഗളങ്ങൾ ഒരിക്കൽകൂടി നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹാശംകളോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ** OFM.Cap.
SFO അതിരൂപതാ Spiritual Assistant

☸

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ഡിസംബർ മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| ഡിസംബർ | 3-7 | ആന്തരികവിടുതൽ ധ്യാനം |
| | 11-13 | വിവാഹ ഒരുക്കധ്യാനം |
| | 13 | നിശാരാധന, അഭിഷേക പ്രാർത്ഥന (6.00 p.m.-10.00 p.m.) |
| | 15-16 | അത്മായ വചനപ്രഘോഷകരുടെ തുടർ പരിശീലനപരിപാടി (വെള്ളി 5.30 p.m. -ശനി 4.00 p.m.) |
| | 19 | ധ്യാനഗുരുക്കന്മാരുടെ സമ്മേളനം (3.00 p.m.-5.00 p.m.) |
| | 20-22 | അതിരൂപതാ ഡീക്കന്മാർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം |
| | 26-28 | വിവാഹ ഒരുക്കധ്യാനം |
| | 31-ജനു. 4 | മഹത്വത്തിൻ സാന്നിധ്യം ധ്യാനം |

**ഫാ. മാത്യു താന്നിയത്ത്**
9446903631

**ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയം**

ചങ്ങനാശേരി അതിരൂപത ലിജിയൻ ഓഫ് മേരി കമ്മീസിയത്തിന്റെ നവംബർ മാസത്തെ പ്രാർത്ഥനാ സമ്മേളനം 12.11.2017 ഞായറാഴ്ച ഉച്ചകഴിഞ്ഞ് കൃത്യം രണ്ടരയ്ക്ക് പാറേൽ ലീജിയൻ ഹാളിൽ കമ്മീസിയും പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ് പാലാത്തറയുടെ അദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി.

പ്രാരംഭപ്രാർത്ഥന ജപമാല എന്നിവയ്ക്കു ശേഷം പ്രസിഡന്റ് ജ്ഞാനവായന, നിയമഗ്രന്ഥം അദ്ധ്യായം 19 ന്റെ 15 ഉം 16 ഉം ഭാഗങ്ങൾ വായിച്ചു. ലീജിയന്റെ സമ്മേളനങ്ങളിൽ ചൊല്ലുന്ന പ്രാർത്ഥനകൾ പ്രത്യേകം നിയോഗങ്ങൾക്കായി കാഴ്ചവെയ്ക്കുവാൻ പാടില്ല. അതുപോലെ ലീജിയന്റെ പ്രാർത്ഥനകളിൽ മറ്റു പ്രാർത്ഥനകൾ കൂട്ടിചേർക്കുവാൻ പാടില്ല എങ്കിലും പ്രത്യേക അവസരങ്ങളിൽ ലീജിയന് വളരെ താലപര്യമുള്ള കാര്യങ്ങൾക്ക് വല്ല ചെറിയ പ്രാർത്ഥനയും സാധാരണ ജപത്തോടു ചേർത്ത് ചൊല്ലാവുന്നതാണ് എന്നതായിരുന്നു ജ്ഞാനവായന മുഖ്യസന്ദേശം.

സെക്രട്ടറി ജെമിനി സുരേഷ് കണ്ണമ്പള്ളി ഒക്ടോബർ മാസത്തെ പ്രവർത്തനറിപ്പോർട്ടും, ജപമാലറാലി സ്പെഷ്യൽ റിപ്പോർട്ടും അവതരിപ്പിച്ച യോഗം പാസ്സാക്കി. സി. വത്സമ്മ കുട്ടുമ്മേൽ വൈസ് പ്രസിഡന്റ് അതിരമ്പുഴ, കൂത്രപ്പള്ളി എന്നീ കൂരിയാകളിൽനിന്നും വന്ന ഭാരവാഹികൾക്കും കമ്മീസിയം ആയിട്ട് നേരിട്ടു ബന്ധമുള്ള 25 പ്രസീദിയങ്ങളിൽ 23 പ്രസീദിയങ്ങളെ പ്രതിനിധികരിച്ചുവന്ന 43 ഭാരവാഹികൾക്കും വന്നിരുന്ന മറ്റ് എല്ലാ സൈനികർക്കും പരിശുദ്ധ മാതാവിന്റെ നാമത്തിൽ ഹാർദ്ദവമായി സ്വാഗതം ആശംസിച്ചു. പിന്നീട് ഹാജർ രേഖപ്പെടുത്തി.

ഖജാൻജി സി. എത്സമ്മ കോട്ടപ്പുറം ഒക്ടോബർ മാസത്തെ വരവു ചിലവു കണക്കുകൾ അവതരിപ്പിച്ചു. സഭ പാസ്സാക്കി. പാസ്സാക്കിയ റിപ്പോർട്ടുകളും കണക്കുകളും പ്രസിഡന്റ് ഒപ്പുവച്ചു.

സൈനിക ജപശൃംഖല ചൊല്ലി എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നശേഷം. സി. കുഞ്ഞൂഞ്ഞമ്മ മാത്യു മൂലയിൽ കർമ്മലമാതാ പ്രസീദിയം പാറേൽ, മരിച്ചുപോയ സൈനികരുടെ ആത്മാക്കൾ എന്ന വിഷയത്തെക്കുറിച്ച് നിയമഗ്രന്ഥം ചാപ്റ്റർ 17 ന്റെ അടിസ്ഥാനത്തിൽ ഒരു നല്ല പ്രഭാഷണം നടത്തിയത് വളരെ ശ്രദ്ധേയമായിരുന്നു. അടുത്ത പ്രഭാഷണം ജെസിക്കുട്ടി കുറ്റിയാങ്കൽ ആണെന്ന് ഏറ്റിട്ടുണ്ട്.

തുടർന്ന് ചർച്ചകൾ നടത്തി:- ഏതെങ്കിലും ഒരു ലീജിയൻ അംഗം മരിച്ചാൽ അതാതു പ്രസീദിയത്തിലെ ഉത്തരവാദിത്വപ്പെട്ട ആൾ ഉടനെ തന്നെ കമ്മീസിയും പ്രസിഡന്റിനെ വിവരം അറിയിക്കണം. പ്രസിഡന്റ് അത് വേണ്ടപോലെ കൈകാര്യം ചെയ്ത് തുടർനടപടികൾ ചെയ്തുകൊള്ളണം. റീത്തിനു പകരം

മൃതശരീരത്തിൽ തെരേസ്സ പ്രാർത്ഥന ചെറിയ ബുക്ക് വെയ്ക്കണം. അടുത്ത നാളിൽ തന്നെ പ്രസീദിയം സൈനികർ ആത്മശാന്തിക്കായി ഒരു വി. കുർബാന ചൊല്ലിക്കുകയും അതിൽ പങ്കുചേരുകയും ചെയ്യണം. ഏതെങ്കിലും ഒരു കമ്മീസിയം ഭാരവാഹിയോ, നേരത്തെ ചുമതല ശുശ്രൂഷ ചെയ്തവരോ ആയ ഒരു അംഗം മരിച്ചാൽ പ്രസീദിയം മാത്രമല്ല കമ്മീസിയം വകയും ഒരു വി. കുർബാന ചൊല്ലിപ്പിക്കണം. ഇതെല്ലാം സംശയനിവാരണം ചെയ്ത് ചർച്ചയ്ക്കുശേഷം യോഗം എടുത്ത തീരുമാനങ്ങളാണ്.

മുൻ കമ്മീസിയം സെക്രട്ടറി ജോസ്സി കടന്തോടിന്റെ (കെ.സി. ജോസഫ്) ആത്മശാന്തിക്കായി വി. കുർബാന ചൊല്ലിപ്പിക്കുകയും പരേതന്റെ ശാന്തിക്കായി സഭ മുഴുവൻ പ്രസിഡന്റിന്റെ നേതൃത്വത്തിൽ പ്രാർത്ഥിക്കുകയും ചെയ്തു. കമ്മീസിയം ഭാരവാഹികൾ ശവസംസ്കാരത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു.

പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ് പാലാത്തറ, ജോയിന്റ് സെക്രട്ടറി ബ്ര. ജോസുകുട്ടി കരങ്കണാമറ്റം എന്നിവർ പാലാ സെനാത്തൂസിൽ പോയ വിവരങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു. അധികാരികൾക്ക് സൈനികർ എപ്പോഴും കീഴ്പ്പെട്ടിരിക്കണമെന്നും സെനാത്തൂസ് നിർദ്ദേശമായി അറിയിക്കുകയും ചെയ്തു.

സമാധാനരാജ്ഞി വാഴപ്പള്ളി പ്രസീദിയം കൂത്രപ്പള്ളി കൂരിയാ എന്നിവർ സെപ്റ്റംബർ സമ്മേളന റിപ്പോർട്ട് സമർപ്പിച്ചു. വാഗ്ദാനരാജ്ഞി കുറുമ്പനാടം 2016 ഒക്ടോബർ മുതൽ 2017 സെപ്റ്റംബർ വരെയുള്ള വാർഷിക റിപ്പോർട്ട് സമർപ്പിച്ചു. അടുത്തമാസം റിപ്പോർട്ട് സമർപ്പിക്കേണ്ടവർ ഉഷകാല നക്ഷത്രം വേങ്ങർ, അനുഗ്രഹമാതാ പാറേൽ എന്നീ പ്രസീദിയങ്ങൾ ആണെന്ന് സെക്രട്ടറി സി. ജെമിനി സുരേഷ് കണ്ണമ്പള്ളി ഓർമ്മപ്പെടുത്തി.

വേദപ്രചാരമാസിക മദ്ധ്യസ്ഥനിൽ വന്ന ലീജിയന്റെ ഒക്ടോബർമാസത്തെ വാർത്തകൾ പ്രസിഡന്റ് സഭയിൽ വായിച്ചു.

ചെറിയൊരു സ്നേഹവിരുന്നിനുശേഷം അവസാന ജപവും ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനാക്കുവാനുള്ള ജപവും ചൊല്ലി പരസ്പരം സ്തുതിയും കൊടുത്ത് സൈനികർ സ്വഭവനങ്ങളിലേക്കുപോയി.

ഡിസംബർ മാസത്തെ വാർഷിക സമ്മേളനം ഡിസംബർ 10, ഞായറാഴ്ച കൃത്യം 1.30 p.m. നു ആരംഭിക്കും. സൈനികർ യൂണിഫോമിൽ വരണമെന്ന് പ്രസിഡന്റ് നിർദ്ദേശിച്ചു.

കമ്മീസിയത്തിനുവേണ്ടി,

**റവ. ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മിക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ.**
കണ്ണമ്പള്ളി (സെക്രട്ടറി)

124

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ: രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷകൻ

**(തിരുവചനഭാഗം: മർക്കോ 14,1-72)**

വി. മർക്കോസിന്റെ സുവിശേഷം 14 ഉം 15 ഉം അദ്ധ്യായങ്ങളാണ് ഈശോയുടെ പീഡാനുഭവവിവരണം നല്കുന്നത്. ഇതിൽ 14-ാം അദ്ധ്യായമാണ് നാമിവിടെ ചിന്താവിഷയമാക്കുന്നത്. മർക്കോസിന്റെ സുവിശേഷത്തിലെ ഏറ്റവും വലിയ അദ്ധ്യായമാണ് ഇത്. ഈശോയെ വധിക്കാനുള്ള തീരുമാനത്തിൽ യഹൂദനേതൃത്വം എത്തി എന്നും, അതിനുള്ള സമയവും സാഹചര്യവും ഒത്തുകിട്ടാൻ അവർ കാത്തിരിക്കുകയുമായിരുന്നു എന്നു സൂചിപ്പിച്ചുകൊണ്ടാണ് ഈ അദ്ധ്യായം ആരംഭിക്കുന്നത് (14,1-2). ഈശോയുടെ പീഡാനുഭവവും മരണവും ഉത്ഥാനവും മനുഷ്യനോടുള്ള ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ വെളിപ്പെടുത്തലിന്റെ നിർണ്ണായകനിമിഷങ്ങളായിരുന്നു. ഈ സ്നേഹത്തിന്റെ ശുശ്രൂഷകരാകുവാനുള്ളവരുടെ വിളിയുടെ വിവിധ വശങ്ങളെ വ്യക്തമാക്കുവാൻ പോരുന്ന വിധത്തിലാണ് ഈ 14-ാം അദ്ധ്യായത്തിലെ സംഭവങ്ങൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

ബഥാനിയായിലെ തൈലാഭിഷേകം (14,3-9), പെസഹാചരണവും ഉടമ്പടിയും (14,12-26), ഗത്സെമനിയിലെ പ്രാർത്ഥന (14,32-42), യൂദാസിന്റെ ഒറ്റിക്കൊടുക്കൽ (14,43-52), ന്യായാധിപസംഘത്തിന്റെ മുമ്പിലുള്ള വിചാരണയും പത്രോസിന്റെ തള്ളിപ്പറയലും (14,53-72) എന്നീ അഞ്ചു ഭാഗങ്ങളായി ഈ വചനഭാഗം നമുക്ക് ധ്യാനവിഷയമാക്കാം.

### 1. പരമാവധി സ്നേഹത്തിന്റെ ശുശ്രൂഷകൻ

*"ഈശോ പറഞ്ഞു: ഇവളെ സ്വൈര്യമായി വിടുക, എന്തിന് ഇവളെ വിഷമിപ്പിക്കുന്നു? ഇവൾ എനിക്കുവേണ്ടി ഒരു നല്ല കാര്യം ചെയ്തിരിക്കുന്നു. ... ഇവൾക്കു സാധിക്കുന്നത് ഇവൾ ചെയ്തു. എന്റെ സംസ്കാരത്തിനുവേണ്ടി ഇവൾ എന്റെ ശരീരം മുൻകൂട്ടി തൈലം പൂശുകയാണു ചെയ്തത്. ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: ലോകത്തിൽ എവിടെയെല്ലാം സുവിശേഷം പ്രസംഗിക്കപ്പെടുമോ അവിടെയെല്ലാം ഇവൾ ചെയ്ത കാര്യവും ഇവളുടെ സ്മരണയ്ക്കായി പ്രസ്താവിക്കപ്പെടും"* (14,6.8-9).

നാലു സുവിശേഷങ്ങളും രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവമാണ് ബഥാനിയായിലെ തൈലാഭിഷേകം. മത്തായിയുടെയും മർക്കോസിന്റെയും സുവിശേഷങ്ങളിൽ ഈ സംഭവം നടന്നത് ബഥാനിയായിലെ കുഷ്ഠരോഗിയായ ശിമയോന്റെ വീട്ടിലാണ്. ലൂക്കായുടെ സുവിശേഷത്തിൽ ഇത് അരങ്ങേറിയത് ശിമയോൻ എന്നു പേരുള്ള ഒരു ഫരിസേയന്റെ വീട്ടിലാണ്. എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ ഈ തൈലാഭിഷേകം നടന്നത് ലാസറിന്റെയും മർത്തായുടെയും മറിയത്തിന്റെയും ഭവനത്തിലായിരുന്നു. അത് സംഭവിച്ചത് ലാസറിനെ ഉയർപ്പിച്ചതിനുശേഷമായിരുന്നുതാനും. ഇതുതന്നെയാകാനാണ് ചരിത്രപരമായി സാദ്ധ്യതയുള്ളത്. ശിരസ്സിൽ തൈലം പൂശുക എന്നത് ആതിഥേയ മര്യാദയുടെ ഒരു പ്രകാശനമായിരുന്നു. തന്റെ സഹോദരനായ ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചതിനുള്ള നന്ദിപ്രകാശനമായിവേണം ഈ തൈലാഭിഷേകത്തെ നാം കാണുവാൻ. യോഹന്നാന്റെ സുവിശേഷത്തിൽ ഈശോയുടെ പാദങ്ങളാണ് അവൾ തൈലംകൊണ്ടു പൂശുന്നത് (യോഹ 12,3). ഇതു മിശിഹായുടെ മൃതസംസ്കാരത്തോട് ഈ തൈലാഭിഷേകത്തെ ബന്ധിപ്പിക്കുവാനുള്ള ശ്രമമാണ്. അത് ഈശോ എടുത്തുപറയുന്നുമുണ്ട്: "എന്റെ സംസ്കാരത്തിനുവേണ്ടി ഇവൾ എന്റെ ശരീരം മുൻകൂട്ടി തൈലംപൂശുകയാണു ചെയ്തത്" (14,8).

യഹൂദരുടെ പാരമ്പര്യമനുസരിച്ച് മൃതശരീരം സുഗന്ധദ്രവ്യങ്ങൾ പൂശിയാണ് സംസ്കരിച്ചിരുന്നത്. എന്നാൽ താൻ മരിക്കുമ്പോൾ തനിക്കത് ലഭിക്കുകയില്ലെന്നാണ് പ്രവചനരൂപത്തിൽ ഈശോ പറയുന്നത്. ഈശോയുടെ മരണത്തെപ്പറ്റിയുള്ള ബോധപൂർവകമല്ലാത്ത ഒരു പ്രവചനമായിരുന്നു അത്. ഈശോയുടെ രക്ഷാകരസ്നേഹമാണല്ലോ അവിടുത്തെ പീഡാനുഭവത്തിലും മരണത്തിലും വെളിപ്പെടുത്തപ്പെട്ടത്. ദൈവത്തിനു മനുഷ്യനോടുള്ള രക്ഷാകരസ്നേഹം പരമാവധിസ്നേഹമാണ് (maximalism of love). തനിക്ക് ഏറ്റം വിലപ്പെട്ടത്, തന്റെ ഏകപുത്രനെത്തന്നെ, നല്കി ദൈവം മനുഷ്യനെ സ്നേഹിച്ചു (യോഹ 3,16). അതുകൊണ്ട് മനുഷ്യനും അതിന് ആനുപാതികമായി ദൈവത്തെ സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു. മുന്നൂറിലധികം ദനാറ വിലയുള്ള തൈലം പാഴാക്കിക്കളഞ്ഞെന്ന പേരിൽ ശിഷ്യർ അവളെ കുറ്റപ്പെടുത്തിയപ്പോൾ ഈശോ അവളെ നീതികരിക്കുന്നത് (14,4-6) മനുഷ്യരിൽനിന്ന് ദൈവം പരമാവധിസ്നേഹം പ്രതീക്ഷിക്കുന്നു എന്നതിന്റെ അടയാളമാണ്. രക്ഷാകരസ്നേഹത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടുന്നിടത്തെല്ലാം ഇവൾ ചെയ്ത കാര്യവും ഇവളുടെ സ്മരണയ്ക്കായി പ്രസ്താവിക്കപ്പെടും (14,9) എന്ന് ഈശോ പറഞ്ഞ വാക്കുകളും പരമാവധി സ്നേഹത്തിന്റെ ശ്രേഷ്ഠതയെ സൂചിപ്പിക്കുന്നുണ്ട്. അജപാലനശുശ്രൂഷയിൽ ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ ഒരു 'മിനിമലിസ'ത്തിൽ കഴിയാനുള്ള പ്രലോഭനമുണ്ടാകാൻ സാദ്ധ്യതയുണ്ട്. ആ പ്രലോഭനത്തിന് അടിമപ്പെടാതെ, മിശിഹായുടെ പരമാവധിസ്നേഹത്തിന്റെ ശുശ്രൂഷകനാകാൻ ഓരോ പുരോഹിതനും വിളിക്കപ്പെട്ടിരിക്കുന്നു.

2. **രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷകൻ**

"*അവർ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ ഈശോ അപ്പമെടുത്ത്, ആശീർവദിച്ച്, മുറിച്ച്, അവർക്കു നല്കിക്കൊണ്ട് അരുൾച്ചെയ്തു: ഇതു സ്വീകരിക്കുവിൻ; ഇതെന്റെ ശരീരമാണ്. അനന്തരം, പാനപാത്രമെടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത്, അവർക്കു നല്കി. എല്ലാവരും അതിൽനിന്നു പാനം ചെയ്തു. അവൻ അവരോട് അരുൾച്ചെയ്തു: ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്*" (14,22-24).

പീഡാനുഭവത്തിലൂടെ പൂർണ്ണതയിൽ വെളിപ്പെടുത്തപ്പെട്ട രക്ഷാകരസ്നേഹം തൈലാഭിഷേകത്തിലൂടെ പ്രഖ്യാപിച്ചതിനുശേഷം ആ സ്നേഹത്തിന്റെ നിതാന്തസ്മാരകമായ പരിശുദ്ധ കുർബാനസ്ഥാപന വിവരണമാണ് സുവിശേഷകൻ നല്കുന്നത്. പെസഹാത്തിരുനാളിന്റെ പശ്ചാത്തലത്തിലാണ് പരിശുദ്ധ കുർബാനസ്ഥാപനവിവരണം. പെസഹാഭക്ഷണത്തിനുള്ള ഒരുക്കവും (14,12-16), അതേത്തുടർന്ന്, കുർബാനസ്ഥാപനവും (14,22-26) ആണ് മർക്കോസ് വിവരിക്കുന്നത്. പെസഹാ അത്താഴം കഴിക്കുന്നതിനുള്ള സ്ഥലം ഈശോ ശിഷ്യന്മാരെ വിട്ട് ഒരുക്കുന്നു. മാളികമുറി അഥവാ 'സെനക്കിൾ' എന്നറിയപ്പെടുന്ന ഈ സ്ഥലം പുതിയനിയമത്തിലെ വളരെ പ്രധാനപ്പെട്ട പല സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ളതാണ്. കുർബാനസ്ഥാപനം, ഉത്ഥിതനായ ഈശോയുടെ പ്രത്യക്ഷീകരണം, പരിശുദ്ധാത്മാവിന്റെ പന്തക്കുസ്താദിന ആഗമനം, ആദിമ ക്രൈസ്തവസംഗമങ്ങൾ (നട12,12) തുടങ്ങിയ സംഭവങ്ങൾ അരങ്ങേറിയത് ഇവിടെയായിരുന്നുവെന്നാണ് പരമ്പരാഗതമായി കരുതപ്പെട്ടിട്ടുള്ളത്. ഈ മാളികമുറിക്കു ചുറ്റുമുള്ള സ്ഥലം ജറുസലേമിലെ സിയോൻ ഭാഗത്താണ് സ്ഥിതി ചെയ്തിരുന്നത്. അതായിരുന്നു ശ്ലീഹന്മാരുടെയും ആദിമസഭയുടെയും കേന്ദ്ര സ്ഥാനം.

ഈ സെനക്കിളിൽ വച്ചാണ് ഈശോ ബലിയും കൂദാശയുമായി പരിശുദ്ധ കുർബാന സ്ഥാപിച്ചത്. കുരിശിൽ അർപ്പിച്ച ബലിയുടെ മുന്നോടിയായി തന്റെ അത്താഴവിരുന്നിലെ അപ്പവും വീഞ്ഞും തന്റെ ശിഷ്യന്മാർക്കു പങ്കിട്ടുനല്കിക്കൊണ്ട് അതു തന്റെ ശരീരവും രക്തവുമാണെന്നും, അവ അവർ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യണമെന്നും കല്പിച്ചുകൊണ്ടാണ് ഇത് ഈശോ നിർവഹിച്ചത് (14,22-24). ജറുസലേം ദൈവാലയത്തിൽ പെസഹാത്തിരുനാളിനോടനുബന്ധിച്ച് പെസഹാക്കുഞ്ഞാടിനെ ബലിയർപ്പിക്കുന്ന പതിവുണ്ടായിരുന്നു. അതിന്റെ സ്ഥാനത്താണ് ഈശോ കുരിശാകുന്ന ബലിപീഠത്തിൽ തന്റെ ശരീരവും രക്തവും മനുഷ്യകുലത്തിന്റെ പാപമോചനാർത്ഥം അർപ്പിച്ചത്. ആ ബലിയർപ്പണം ഒരു അനുസ്മരണവും ആഘോഷവുമായി തുടരാൻവേണ്ടിയാണ് തന്റെ ബലിയർപ്പണത്തിന്റെ തലേനാൾ അത് ഒരു കൂദാശയായി ഈശോ സ്ഥാപിച്ചത്. ഈശോയുടെ ജീവിതബലിയർപ്പണം ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെയും പ്രവർത്തനത്തിന്റെയും പൂർത്തീകരണമായിരുന്നു. അതുകൊണ്ട് ദൈവത്തിന്റെ രക്ഷാകരസ്നേഹം ഇന്ന് നമ്മുടെ മദ്ധ്യേ

സന്നിഹിതമാകുന്ന ഏറ്റം വലിയ വേദിയാണ് പരിശുദ്ധ കുർബാനയർപ്പണം. ഈ സ്നേഹത്തിന്റെ കൂദാശ മനുഷ്യരുടെ മദ്ധ്യേ പരികർമ്മം ചെയ്യുന്ന പുരോഹിതൻ രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷകനായിരിക്കണം.

### 3. **രക്ഷാകരസ്നേഹശുശ്രൂഷയിൽ നിലനില്ക്കുന്നവൻ**

"*അവൻ അവരോടു പറഞ്ഞു: എന്റെ ആത്മാവ് മരണത്തോളം ദുഃഖിതമായിരിക്കുന്നു. നിങ്ങൾ ഇവിടെ ഉണർന്നിരിക്കുവിൻ. അവൻ അല്പനേരം മുന്നോട്ടുചെന്ന്, നിലത്തുവീണ്, സാധ്യമെങ്കിൽ ആ മണിക്കൂർ തന്നെ കടന്നുപോകട്ടെ എന്നു പ്രാർത്ഥിച്ചു. അവൻ പറഞ്ഞു: ആബ്ബാ, പിതാവേ, എല്ലാം അങ്ങേക്കു സാധ്യമാണ്. ഈ പാനപാത്രം എന്നിൽനിന്നു മാറ്റിത്തരണമേ! എന്നാൽ എന്റെ ഹിതമല്ല അങ്ങയുടെ ഹിതം മാത്രം*" (14,34-36).

ഗത്സെമനിയിലെ ഈശോയുടെ പ്രാർത്ഥനയാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്. ഈശോ തന്റെ ജീവിതത്തിൽ നേരിട്ട ഏറ്റവും വലിയ പ്രലോഭനമാണ് ഈ പ്രാർത്ഥനാരംഗം. അവിടുത്തെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ മരുഭൂമിയിൽ അവിടുന്ന് പിശാചിനാൽ പരീക്ഷിക്കപ്പെട്ടു (മർക്കോ 1,12-13). പിതാവു പറഞ്ഞ വഴിയല്ലാതെ, പിശാച് ആകർഷണീയമെന്ന് ചൂണ്ടിക്കാണിക്കുന്ന വഴിയെ താൻ പോകുകയില്ലെന്ന് അവിടുന്ന് അന്ന് വ്യക്തമാക്കി. അനുയോജ്യമായ മറ്റൊരു അവസരം വരുന്നതുവരെ പിശാച് ഈശോയെ പരീക്ഷിക്കുന്നതിൽനിന്നും വിട്ടുപോയി എന്നാണ് ലൂക്കാ 4,13 ൽ പറയുന്നത്. ആ പ്രലോഭനത്തിന്റെ സമയമായി ഈ അവസരത്തെ കണക്കാക്കാം. തന്റെ കുരിശുമരണത്തിലൂടെ രക്ഷാകരസ്നേഹം വെളിപ്പെടുത്തുവാനുള്ള പിതാവിന്റെ ഹിതം സ്വീകരിക്കണമോ വേണ്ടയോ എന്നതാണ് പ്രലോഭനം. തനിക്കു തന്നിരിക്കുന്ന മരണവേദനയാകുന്ന പാനപാത്രം മാറ്റിക്കൊടുക്കാമോ എന്നാണ് ഈശോ പ്രാർത്ഥിക്കുന്നത്. മാറണമെന്ന് ഒരു നിമിഷം തോന്നിയെങ്കിലും ഉടൻതന്നെ താൻ ആഗ്രഹിക്കുന്നതുപോലെയല്ല, മറിച്ച് പിതാവ് ആഗ്രഹിക്കുന്നതുപോലെ സംഭവിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈശോ തന്റെ അവസാനത്തെ പ്രലോഭനത്തെയും കീഴ്പ്പെടുത്തി (14,36).

ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷകനെന്ന നിലയിൽ ദൈവികമായ സ്നേഹത്തിൽ നിലനില്ക്കുവാനും സ്വന്തമായ താല്പര്യങ്ങൾ ത്യജിച്ച് നിരന്തരം സ്നേഹശുശ്രൂഷയാകുന്ന കുരിശെടുക്കുവാനും വിളിക്കപ്പെട്ടവനും നിയോഗിക്കപ്പെട്ടവനുമാണ് പുരോഹിതൻ. ശുശ്രൂഷയ്ക്കായി നിയമിക്കപ്പെടുന്ന സ്ഥലകാലസാഹചര്യങ്ങളിൽ ദൈവഹിതത്തിനനുസൃതമായി ഈ രക്ഷാകരസ്നേഹശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതനു കഴിയണം. ഇതു പലപ്പോഴും ബുദ്ധിമുട്ടായും ക്ലേശപൂർണമായും അനുഭവപ്പെടാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഈശോയെപ്പോലെ പ്രാർത്ഥനയിലൂടെ ദൈവഹിതം സ്വീകരിച്ച് സ്നേഹശുശ്രൂഷയിൽ മുന്നേറുവാൻ പുരോഹിതനു കഴിയണം. "നിങ്ങൾ ഇവിടെ ഉണർന്നിരിക്കുവിൻ" (14,34), "പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ" (14,38) എന്നുള്ള ഈശോയുടെ വാക്കുകൾ

എല്ലാ പുരോഹിതർക്കുമുള്ള ഈശോയുടെ മുന്നറിയിപ്പായി കരുതണം. അതുപോലെതന്നെ പ്രാർത്ഥന ദൈവഹിതം അറിയുവാനും സ്വീകരിക്കുവാനുമുള്ള ഒരു അവസരമാക്കി മാറ്റണം. അപ്രകാരം പ്രാർത്ഥനാജീവിതം നയിക്കുന്നവർക്കാണ് രക്ഷാകരസ്നേഹശുശ്രൂഷയിൽ നിലനില്ക്കുവാൻ കഴിയുന്നത്.

**4. രക്ഷാകരസ്നേഹത്തിൽ വിശ്വസിക്കുന്നവൻ**

"*അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ, പന്ത്രണ്ടു പേരിൽ ഒരുവനായ യൂദാസ് അവിടെയെത്തി. അവനോടുകൂടെ പ്രധാന പുരോഹിതന്മാരുടെയും നിയമജ്ഞരുടെയും ജനപ്രമാണികളുടെയും അടുത്തുനിന്നു വാളും വടിയുമായി ഒരു ജനക്കൂട്ടവും വന്നിരുന്നു. ഒറ്റുകാരൻ അവർക്ക് ഒരടയാളം നല്കിയിരുന്നു; ഞാൻ ആരെ ചുംബിക്കുന്നുവോ അവൻ തന്നെ. അവനെ പിടിച്ച് സുരക്ഷിതമായി കൊണ്ടുപൊയ്ക്കൊള്ളുക. അവൻ ഈശോയെ സമീപിച്ച്, ഗുരോ! എന്നു വിളിച്ചുകൊണ്ട് അവനെ ഗാഢമായി ചുംബിച്ചു. അപ്പോൾ അവർ അവനെ പിടിച്ചു ബന്ധിച്ചു*" (14,43-46).

യൂദാസ് സ്കറിയോത്താ ഈശോയെ ഒറ്റിക്കൊടുക്കുന്ന സംഭവമാണ് ഈ വചനഭാഗത്തെ പ്രതിപാദ്യം. ജനങ്ങളുടെ എതിർപ്പിനും പ്രക്ഷോഭത്തിനും ഇട നല്കാതെ ഈശോയെ പിടിച്ചു ബന്ധിക്കാനുള്ള സൗകര്യം ഒരുക്കണമെന്നതായിരുന്നു യൂദാസിന്റെ ദൗത്യം. അത് രാത്രിയുടെ നിശ്ചലനിമിഷങ്ങളിൽ ജനവാസമില്ലാത്ത ഒലിവുമലയുടെ താഴ്വരയിൽ യൂദാസ് നിർവഹിക്കുകയാണ്. കൂടെ വന്നവർക്ക് ഈശോയെ പരിചയമില്ലാതിരുന്നതുകൊണ്ട് ഈശോയെ തിരിച്ചറിയാൻവേണ്ടി താൻ അവിടുത്തെ ചുംബിക്കുമെന്നും, അപ്പോൾ ഉടനെതന്നെ അവിടുത്തെ പിടിച്ച് സുരക്ഷിതമായി കൊണ്ടുപോകണമെന്നുമായിരുന്നു യൂദാസ് അവരെ പറഞ്ഞേല്പിച്ചിരുന്നത്. സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും അടയാളമായി നല്കിയിരുന്ന ചുംബനമാണ് വഞ്ചനയുടെയും ചതിയുടെയും സ്വാർത്ഥതയുടെയും ദ്രവ്യാഗ്രഹത്തിന്റെയുമെല്ലാം പ്രതീകമായി യൂദാസ് പ്രയോഗിക്കുന്നത്. യൂദാസ് നല്കിയിരുന്ന അടയാളം കണ്ടപ്പോൾത്തന്നെ കൂടെയുണ്ടായിരുന്ന ആയുധധാരികൾ ഈശോയെ പിടിച്ചു ബന്ധിച്ചു.

ഈശോ പ്രത്യേകമായി വിളിച്ച്, തന്റെ പന്ത്രണ്ടു ശ്ലീഹന്മാരുടെ ഗണത്തിൽപ്പെടുത്തുകയും തന്നോടൊപ്പം മൂന്നു വർഷത്തോളം ജീവിതപങ്കാളിത്തം നല്കി അനുഗ്രഹിക്കുകയും ചെയ്ത യൂദാസ് എപ്രകാരം ഇത്തരത്തിലുള്ള വഞ്ചകന്റെ തലത്തിലേക്ക് താഴ്ന്നു എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള അധഃപതനത്തിനു കാരണമായത് യൂദാസിന്റെ വിശ്വാസമില്ലായ്മയാണ്. യൂദാസിന്റെ ഒറ്റിക്കൊടുക്കലിനെക്കുറിച്ച് ഈശോ മുൻകൂട്ടി പ്രവചിച്ചിരുന്നല്ലോ: "ഞാൻ സത്യമായി നിങ്ങളോടു പറയുന്നു: എന്നോടൊപ്പം ഭക്ഷണം കഴിക്കുന്ന നിങ്ങളിലൊരുവൻ എന്നെ ഒറ്റിക്കൊടുക്കും" (14,18). യോഹന്നാന്റെ സുവിശേഷത്തിലും ഇപ്രകാരമുള്ള ഒരു പ്രവചനമുണ്ട്: "ഈശോ അവരോടു പറഞ്ഞു: നിങ്ങൾ പന്ത്രണ്ടു പേരെ ഞാൻ തിരഞ്ഞെടുത്തില്ലേ? എന്നാൽ, നിങ്ങളിലൊരുവൻ പിശാചാണ്. അവൻ ഇതു പറഞ്ഞത് ശിമയോൻ സ്കറിയോ

ത്തായുടെ മകൻ യൂദാസിനെക്കുറിച്ചാണ്. എന്തെന്നാൽ പന്ത്രണ്ടു പേരിലൊരുവനായ അവനാണ് ഈശോയെ ഒറ്റിക്കൊടുക്കാനിരുന്നത്" (യോഹ 6,70-71). യൂദാസ് ഇപ്രകാരം ഒറ്റിക്കൊടുക്കുവാൻ കാരണമായത് അയാളുടെ വിശ്വാസമില്ലായ്മയാണെന്ന് ആ സന്ദർഭത്തിൽ ഈശോതന്നെ പറയുന്നുണ്ട്: "എന്നാൽ, വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യംമുതലേ അവൻ അറിഞ്ഞിരുന്നു" (യോഹ 6,64). ബാഹ്യമായി ഈശോയുടെ ശിഷ്യത്വത്തിൽ വ്യാപരിക്കുകയും ഹൃദയംകൊണ്ട് ഈശോയെ അനുഗമിക്കാതിരിക്കുകയും ചെയ്തതുകൊണ്ടാണ് യൂദാസ് ഇപ്രകാരം അധഃപതിച്ചത്. ഈശോയിലൂടെ നമുക്കു നല്കപ്പെടുന്ന രക്ഷാകരസ്നേഹത്തിൽ വിശ്വസിച്ചുകൊണ്ട് പൗരോഹിത്യശുശ്രൂഷ നിർവഹിക്കണമെന്ന് യൂദാസിന്റെ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

5. **രക്ഷാകരസ്നേഹാനുഭവത്തിൽ ഉറപ്പിക്കപ്പെട്ടവൻ**

"*അവൻ വീണ്ടും അതു നിഷേധിച്ചു. അല്പം കഴിഞ്ഞപ്പോൾ, അടുത്തു നിന്നവർ പത്രോസിനോടു പറഞ്ഞു: നിശ്ചയമായും നീ അവരിൽ ഒരുവനാണ്. നീയും ഗലീലിയക്കാരനാണല്ലോ. നിങ്ങൾ പറയുന്ന ആ മനുഷ്യനെ ഞാൻ അറിയുന്നില്ല എന്നുപറഞ്ഞ് അവൻ ശപിക്കാനും ആണയിടുവാനും തുടങ്ങി. ഉടൻതന്നെ കോഴി രണ്ടാം പ്രാവശ്യം കൂവി. കോഴി രണ്ടു പ്രാവശ്യം കൂവുന്നതിനുമുമ്പ് നീ മൂന്നു പ്രാവശ്യം എന്നെ നിഷേധിക്കുമെന്ന് ഈശോ പറഞ്ഞ വാക്ക് അപ്പോൾ പത്രോസ് ഓർമ്മിച്ചു. അവൻ ഉള്ളുരുകിക്കരഞ്ഞു*" (14,70-72).

ന്യായാധിപസംഘത്തിന്റെ മുമ്പിൽ ഈശോ മരണത്തിനു വിധിക്കപ്പെടുന്നതും പത്രോസ് ഈശോയെ മൂന്നു പ്രാവശ്യം നിഷേധിക്കുന്നതുമായ സംഭവങ്ങളാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്. മത്തായിയും മർക്കോസും പത്രോസിന്റെ ഗുരുനിഷേധം അവതരിപ്പിക്കുന്നത് യഹൂദന്യായാധിപസംഘത്തിന്റെ വിധിപ്രസ്താവനയ്ക്കു ശേഷമാണ്. പത്രോസിന്റെ ഗുരുനിഷേധം നാലു സുവിശേഷങ്ങളിലും വിവരിച്ചിട്ടുണ്ട്. മർക്കോസിന്റെ സുവിശേഷത്തിൽ രണ്ടു പ്രാവശ്യം പ്രധാനപുരോഹിതന്റെ പരിചാരികമാരിൽ ഒരാളോടും മൂന്നാം പ്രാവശ്യം അടുത്തുനിന്നവരോടുമാണ് തന്റെ ഗുരുവിനെ അറിയില്ല എന്ന് പത്രോസ് പരസ്യമായി പറഞ്ഞത്. "നിങ്ങൾക്കെല്ലാവർക്കും ഇടർച്ചയുണ്ടാകും" എന്ന് ഈശോ പറഞ്ഞപ്പോൾ, "എല്ലാവരും ഇടറിയാലും ഞാൻ ഇടറുകയില്ല" (14,27-29) എന്നു പറഞ്ഞ പത്രോസാണ് ഈശോയെ മൂന്നു പ്രാവശ്യം നിഷേധിച്ചു പറഞ്ഞത്. അപ്രകാരം സംഭവിക്കുമെന്ന് ഈശോ മുന്നറിയിപ്പു നല്കിയതും, "നിന്നോടുകൂടെ മരിക്കേണ്ടിവന്നാലും ഞാൻ നിന്നെ നിഷേധിക്കുകയില്ല" എന്ന് പത്രോസ് പ്രതികരിച്ചതുമാണ് (14,30-31). ശ്ലീഹന്മാരിൽ പ്രഥമനായ പത്രോസ് നിഷേധിക്കുവാൻ ഇടയായതിന്റെ കാരണം, ഈശോയുടെ രക്ഷാകരസ്നേഹാനുഭവത്തിൽ ഉറപ്പിക്കപ്പെട്ടില്ല എന്നതാണ്. പത്രോസ് ഈശോയെ "അല്പം അകലെയായി അനുഗമിച്ചു" (14,54) എന്ന പ്രസ്താവനയിൽ ഈ സൂചനയുണ്ട്.

ശ്ലൈഹികശുശ്രൂഷയിൽ പങ്കുചേരുന്നവനെന്ന നിലയിൽ പുരോഹിതൻ ഈശോയെ അടുത്ത് അനുഗമിക്കുകയും അവിടുത്തെ രക്ഷാകരസ്നേഹാനുഭവത്തിൽ ഉറപ്പിക്കപ്പെടേണ്ടവനുമാണ്. എങ്കിലും മാനുഷികബലഹീനതകൾ ഉള്ളവനെന്നനിലയിൽ പത്രോസിനു സംഭവിച്ചതുപോലെയുള്ള വീഴ്ചകൾ സംഭവിക്കുക സ്വാഭാവികമാണ്. എന്നാൽ പത്രോസ് ഈശോ പറഞ്ഞ വാക്കുകൾ ഓർക്കുകയും ഉള്ളുരുകി കരയുകയും ചെയ്തു (14,72). ലൂക്കായുടെ സുവിശേഷത്തിൽ ഇതേപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: "കർത്താവ് പത്രോസിന്റെ നേരെ തിരിഞ്ഞ് അവനെ നോക്കി. ഇന്നു കോഴി കൂവുന്നതിനുമുമ്പു മൂന്നു പ്രാവശ്യം നീ എന്നെ നിഷേധിക്കും എന്ന് കർത്താവു പറഞ്ഞ വചനം അപ്പോൾ പത്രോസ് ഓർമ്മിച്ചു. അവൻ പുറത്തുപോയി മനംനൊന്തു കരഞ്ഞു" (ലൂക്കാ 22,61-62). തന്റെ തെറ്റിനെ ഓർത്തു പശ്ചാത്തപിക്കുവാനും മാനസാന്തരപ്പെടുവാനും പത്രോസിനെ പ്രേരിപ്പിച്ചത് ഈശോയുടെ രക്ഷാകരമായ സ്നേഹത്തോടുകൂടിയ നോട്ടമാണ്. അതുപോലെ വീഴ്ചകളുണ്ടാകുമ്പോൾ കർത്താവിന്റെ രക്ഷാകരസ്നേഹം ഓർക്കുവാനും പശ്ചാത്തപിച്ച് ആ സ്നേഹത്തിലേക്കു തിരിയുവാനും പുരോഹിതനു കഴിയണം. വീഴ്ചകൾ വളർച്ചയുടെ ചവിട്ടുപടികളാണ്. അപ്രകാരം പത്രോസിനെപ്പോലെ കർത്താവിന്റെ രക്ഷാകരസ്നേഹാനുഭവത്തിൽ ഉറപ്പിക്കപ്പെടുവാൻ പുരോഹിതനു കഴിയണം.

**ജീവിതസൂചിക**

1. 'മിനിമലിസ'ത്തിൽ കഴിയാതെ പരമാവധി സ്നേഹത്തിന്റെ ശുശ്രൂഷകനാകാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. രക്ഷാകരസ്നേഹത്തിന്റെ കൂദാശ പരികർമ്മം ചെയ്യുന്ന എന്റെ ജീവിതം രക്ഷാകരസ്നേഹത്തിന്റെ ശുശ്രൂഷയാക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. സഹനങ്ങളുടെ മദ്ധ്യേ പ്രാർത്ഥനാജീവിതത്തിലൂടെ രക്ഷാകരസ്നേഹശുശ്രൂഷയിൽ നിലനില്ക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
4. മാനുഷികമായ പരിഗണനകൾക്കതീതമായി രക്ഷാകരസ്നേഹത്തിൽ വിശ്വസിച്ചുകൊണ്ട് ശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
5. ശുശ്രൂഷാജീവിതത്തിലുണ്ടാകുന്ന വീഴ്ചകളെ അതിജീവിച്ച്, ദൈവത്തിന്റെ രക്ഷാകരസ്നേഹാനുഭവത്തിൽ വളരാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ഒക്ടോബർ 26–31**

27 ഉച്ചകഴിഞ്ഞ് അയർക്കുന്നം ഇടവകയിൽ തോമസ് പുതിയിടം അച്ചന്റെ സഹോദരന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ഏറ്റുമാനൂർ ഇടവകയിൽ പുതുതായി നിർമ്മിച്ച പള്ളിമേടയുടെ ആശീർവ്വാദ കർമ്മം നിർവ്വഹിച്ചു. തുടർന്ന് പാരീഷ്ഹാളിൽ നടന്ന സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

28 പുതുതായി നിർമ്മിച്ച ചേന്നങ്കരി ലൂർദ്ദ്മാതാ പള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് അസംപ്ഷൻ കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന പാസ്റ്ററൽ കൗൺസിൽ പ്രസ്ബിറ്ററൽ കൗൺസിലുകളുടെ സുവർണ്ണജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

29 കരിമ്പനക്കുളം തിരുഹൃദയ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

30 അതിരൂപതാ കേന്ദ്രത്തിൽ ഫൊറോന വികാരിയച്ചന്മാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി അതിരൂപത ബൈബിൾ കൺവൻഷൻ കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

31 2016–17, 2015–16 വർഷങ്ങളിൽ പൗരോഹിത്യം സ്വീകരിച്ച ബഹു വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ നടന്ന എ.കെ.സി.സി. എക്സിക്യൂട്ടീവ് അംഗങ്ങളുടെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു.

**ഡിസംബർ 1–24**

1 രാവിലെ പുളിങ്കുന്ന് ഇടവകാംഗമായ വേങ്ങാട്ട് മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്ക് നെടുങ്കുന്നത്ത് ചേലക്കൊമ്പ് അഡോറേഷൻ മോണസ്ട്രിയിൽ ബഹു മേരി ഫിലോമിൻ PCPA യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം 'പ്രതീക്ഷ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കറുകച്ചാലിൽ നിർമ്മിച്ച ഭവനത്തിന്റെ താക്കോൽദാന കർമ്മം നിർവ്വഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽ താമസിക്കുന്ന വൈദികർക്കായി നടത്തപ്പെടുന്ന മാസധ്യാനത്തിൽ പങ്കെടുത്തു.

2 പുന്നത്തുറ സെന്റ് തോമസ് ഇടവകയിൽ രാവിലെ വി. കുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞ് അമല തിയളോജിക്കൽ കോളേജിൽ നടക്കുന്ന ഈ വർഷത്തെ കോഴ്സ് ഉദ്ഘാടനം ചെയ്തു. ജർമ്മനിയിൽനിന്ന് എസ്.എച്ച്. സ്കൂളിൽ എത്തിച്ചേർന്ന വിദ്യാർത്ഥികളെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനത്തോടനുബന്ധിച്ചുനടന്ന സമ്മേളനത്തിൽ പങ്കെടുത്തു.

3 രാവിലെ അതിരൂപതാ കേന്ദ്രത്തിൽ നടന്ന കൂരിയ സമ്മേളനത്തിനുശേഷം കുറുമ്പനാടം ഇടവകയിൽ മരണമടഞ്ഞ ശ്രീ. ഇളംബളശ്ശേരി ജോസഫ് വർഗ്ഗീസിന്റെ ഓർമ്മയ്ക്കായി കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ളായിക്കാട് പള്ളിയിൽ നടന്ന പോപ്പുലർ മിഷൻ ധ്യാനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

വൈകുന്നേരം തുരുത്തി കാനായിൽ നടന്ന ചങ്ങനാശേരി ഫൊറോന DFC ക്യാമ്പിൽ പങ്കെടുത്ത് സംസാരിച്ചു. വൈകുന്നേരം മാത്യു മേപ്രത്തച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

4 LSDP സന്ന്യാസസമൂഹത്തിന്റെ സ്ഥാപക, സി. മേരി ലിറ്റിയുടെ ഒന്നാം ചരമവാർഷികാചരണത്തോടനുബന്ധിച്ച് കുന്നന്താനം ദൈവപരിപാലനഭവനൻ ചാപ്പലിൽ വി. കുർബാനയർപ്പിച്ചു. തുടർന്നു നടന്ന അനുസ്മരണ യോഗത്തിലും, ഒപ്പീസ് പ്രാർത്ഥനയിലും സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് ആലപ്പുഴ തത്തംപള്ളി പള്ളിയിൽ മേപ്രത്ത് ബഹു. മാത്യു അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ വി. കുർബാനയർപ്പിച്ച് കാർമ്മികത്വം വഹിച്ചു.

5 കലവൂർ സെന്റ് തോമസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി. കോട്ടയ്ക്കപ്പുറം സെന്റ് മാത്യൂസ് ഇടവകയിൽ നടന്ന സുവർണ്ണ ജൂബിലി സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു.

6 വടക്കേക്കര പള്ളിയിൽ നടന്ന വിവാഹവാഗ്ദാനകർമ്മത്തിൽ കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് എസ്.ബി. ഹൈസ്കൂളിൽ നടന്ന സയൻസ് കോൺഗ്രസ്സിൽ പങ്കെടുത്ത് സമ്മാനങ്ങൾ വിതരണം ചെയ്തു.

7 ഷംഷാബാദ് രൂപതയുടെ നിയുക്ത മെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു.

8 തലശ്ശേരി സെന്റ് തോമസ് കത്തീഡ്രൽ പള്ളിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മെത്രാഭിഷേക കർമ്മത്തിൽ പങ്കെടുത്തു.

9 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കുറുമ്പനാടം ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺവെന്റിന്റെ നവീകരിച്ച കെട്ടിടം ആശീർവദിച്ചു.

10 രാവിലെ ഇത്തിത്താനം ഇടവകയിൽ കുറിഞ്ഞിപ്പറമ്പിൽ മാത്യു കുര്യന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ചെത്തിപ്പുഴ കാർമ്മൽ മൗണ്ടിൽ നടന്ന ധ്യാനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ AKCC ഭാരവാഹികളുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു. വൈകുന്നേരം ചാഞ്ഞോടി ഇടവകയിൽ കൈനിക്കര കെ.എം. തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

11 വാഴ്ത്തപ്പെട്ട രക്തസാക്ഷി സി. റാണി മരിയയുടെ വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപനത്തോടനുബന്ധിച്ച് ചങ്ങനാശേരി FCC മഠത്തിൽ രാവിലെ നടന്ന കൃതജ്ഞതാബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.

ചങ്ങനാശേരി ഫൊറോനയുടെ പ്രതിനിധിയോഗാംഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

പാസ്റ്ററൽ സെന്ററിൽ നടന്ന ചങ്ങനാശേരി അതിരൂപതാംഗങ്ങളായ MST വൈദികരുടെ കുടുംബസംഗമത്തിൽ പങ്കെടുത്തു. ഉച്ചയ്ക്ക് തുരുത്തി ഇടവകയിൽ നേര്യംപറമ്പിൽ കുടുംബയോഗത്തിൽ പങ്കെടുത്ത് മരണമടഞ്ഞ പൂർവ്വികർക്കായുള്ള പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് കിളിരൂർ ഇടവകയിൽ മുപ്പറത്തറ ബഹു. എബ്രാഹം അച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയോടനുബന്ധിച്ച് നടന്ന വി. കുർബാനമധ്യേ സന്ദേശം നൽകി. തുടർന്ന് ആലപ്പുഴ പുന്നപ്രയിൽ നടന്ന ഫൊറോന യുവജനക്യാമ്പ് സന്ദർശിച്ചു. തത്തംപള്ളി ഹോളിഫാമിലി പള്ളിയോടനുബന്ധിച്ച് പുതുതായി നിർമ്മിച്ച പള്ളിമേട വെഞ്ചരിച്ചു.

12 പുന്നത്തുറ സെന്റ് തോമസ് ഇടവകയിൽ വി. കുർബാനയർപ്പിച്ച് റവ. ഫാ. ജോൺ പൊറ്റേടം അനുസ്മരണാദിനം ആചരിച്ചു. തുടർന്ന് പുതുതായി നിർമ്മിച്ച മീഡിയാഹാളിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിയിൽ കൂരിയ മെത്രാൻ സെബാസ്റ്റ്യൻ വാണിയപ്പുരയക്കൽ പിതാവിന്റെ മെത്രാഭിഷേക കർമ്മങ്ങളിൽ പങ്കെടുത്തു.

13 എസ്.എച്ച്. സ്കൂളിൽ നടന്ന ബാസ്ക്കറ്റ് ബോൾ ടൂർണമെന്റിന്റെ സമ്മാനദാനചടങ്ങ് നിർവഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ നടന്ന Interdepartmental Meeting- ൽ പങ്കെടുത്തു.

14 ലോക പ്രമേഹദിനത്തോടനുബന്ധിച്ച് ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു സംസാരിച്ചു. ഉച്ചയ്ക്ക് കുറിച്ചി

സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളുടെ ബഹു. വികാരിമാരുടെ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

15 ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച സാധുജനദിനാചരണത്തിന്റെ ഭാഗമായി അതിരൂപതാ കേന്ദ്രത്തിൽ സംഘടിപ്പിച്ച സ്നേഹവിരുന്നിൽ അതിഥികളോടൊപ്പം സമയം ചെലവഴിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം പി.ആർ-ജാഗ്രതാസമിതിയുടെ ജാഗ്രതാസായാഹ്ന പരിപാടിയുടെ അതിരൂപതാതല ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു സംസാരിച്ചു.

16 വെട്ടിത്തുരുത്ത് ഇടവകയിൽ കൂടത്തിങ്കൽ ആന്റണി സെബാസ്റ്റ്യന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് പുന്നപ്രയിലെ 'ദനഹാലയ'-യുടെ രജതജൂബിലി സമാപന സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു സംസാരിച്ചു.

17 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. കുന്നന്താനം സെഹിയോനിൽ നടന്ന അൾത്താരബാലന്മാരുടെ അതിരൂപതാ ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

19. പടഹാരം സെന്റ് ജോസഫ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം കരുമാടി ബൈബിൾ കൺവൻഷനിൽ സമാപനസന്ദേശം നൽകി.

20 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന കേരളയാത്രയ്ക്ക് ചങ്ങനാശേരി പെരുന്നയിൽ നൽകിയ സ്വീകരണയോഗത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. നെടുങ്കുന്നം ഫൊറോനപള്ളി ഇടവകയിൽ പുതുതായി നിർമ്മിച്ച പള്ളിമേടയുടെ വെഞ്ചെരിപ്പ് നടത്തി. തുടർന്ന് നെടുങ്കുന്നം ഫൊറോന വൈദിക സമിതിയുടെ യോഗത്തിൽ പങ്കെടുത്തു.

21 അതിരൂപതാ കേന്ദ്രത്തിൽ നടന്ന പ്രസ്ബിറ്ററിയത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതയുടെ നേതൃത്വത്തിൽ കത്തീഡ്രൽ പള്ളിയങ്കണത്തിൽ ബഹു. ടോം ഉഴുന്നാലിലച്ചനു നൽകിയ സ്വീകരണ സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം കുറിച്ചി MLF മഠത്തിൽ സി. മേരിക്കുട്ടി MLF ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 ചെന്നെയിൽ നൂത്തൻചേരി സെന്റ് ആന്റണീസ് കത്തീഡ്രലിൽ സെബാസ്റ്റ്യൻ പോഴോലിപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക ശുശ്രൂഷയിലും ഹോസൂർ രൂപതയുടെ ഉദ്ഘാടനത്തിലും സ്ഥാനാരോഹണകർമ്മത്തിലും പങ്കെടുത്തു.

23 കുറുമ്പനാടം മഠത്തിൽ സി. ആൻസി കണയംപ്ലാക്കൽ FCC യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു വൈദികരെ സന്ദർശിച്ചു. കൂടംകുളം സമരസമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം കളക്ട്രേറ്റ് പടിക്കൽ നടത്തിയ ധർണ്ണയിൽ പങ്കെടുത്ത് സംസാരിച്ചു. വൈകുന്നേരം നിരണം സെമിനാരിയിലെ ഹോം ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു.

24 അതിരൂപതയിൽ സേവനം ചെയ്യുന്ന സന്യാസവൈദികർക്കായി അതിരൂപതാകേന്ദ്രത്തിൽ നടത്തിയ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് മുട്ടാർ അമലോത്ഭവമാതാ ആശ്രമവികാരി കൊല്ലമ്മാലിൽ ബഹു. ജോസി CMI അച്ചന്റെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മാമ്പുഴക്കരിയിൽ നട്ടാശ്ശേരി സി. ഗ്രേയ്സ് SABS ന്റെ സഹോദരന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുന്നന്താനം സെഹിയോനിൽ നടന്ന എക്ലേസിയ ഉദ്ഘാടനം ചെയ്ത ശേഷം ബഹു. സിസ്റ്റേഴ്സുമായി സംവദിച്ചു

# മാർ തോമസ് തറയിൽ

**ഒക്ടോബർ**

25 അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർ ഡിപ്പാർട്ടുമെൻൽ മീറ്റിംഗിൽ പങ്കെടുത്തു.

27 കത്തീഡ്രൽ പള്ളിയിൽ മാർ ജെയിംസ് കാളാശ്ശേരിപിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു. തകഴി-വിരിപ്പാല പള്ളിയിൽ തിരുനാൾ കൊടിയേറ്റി പരി. കുർബാനയർപ്പിച്ചു.

28 കോട്ടയ്ക്കപ്പുറം സെന്റ് മാത്യൂസ് പള്ളിയിൽ അഘോഷമായ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. അസംപ്ഷൻ കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന പാസ്റ്ററൽ കൗൺസിൽ ജൂബിലിയിൽ പങ്കെടുത്തു. കുമാരനെല്ലൂർ സെന്റ് തോമസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു.

29 ആർപ്പൂക്കര ചെറുപുഷ്പ്പ ദൈവാലയം സന്ദർശിക്കുകയും വിവിധമേഖലകളിൽ അവാർഡുകൾ നേടിയവരെ അഭിനന്ദിക്കുകയും സന്ദേശം നൽകുകയും ചെയ്തു. പുതുതായികൂദാശ ചെയ്ത കൂലിപ്പുര ലൂർദ്ദ് മാതാ ദൈവാലയത്തിൽ പ്രഥമ ദിവ്യ ബലി അർപ്പിച്ചു. പള്ളാത്തുരുത്തി സി.എം.സി. കോൺവെന്റിന്റെ പുതിയ കെട്ടിടത്തിനു കല്ലിട്ടു. ചങ്ങങ്കരി സെന്റ് ജോസഫ് ദൈവാലത്തിന്റെ പാരിഷ് ഹാൾ വെഞ്ചരിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

30 അതിരൂപതാകേന്ദ്രത്തിൽ നടന്ന ഫൊറോനാ വികാരിമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. പാറേൽ ബൈബിൾ കൺവെൻഷൻ കമ്മറ്റി മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു.

31 2015-17 ബാച്ചിലെ വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

**നവംബർ**

1-2 ഉജ്ജയിൻ റൂഹാലയ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് സെമിനാർ നടത്തി.

3 പൂനാ പേപ്പൽ സെമിനാരിയിൽ നടന്ന സിമ്പോസിയത്തിൽ പങ്കെടുത്ത് പ്രബന്ധം അവതരിപ്പിച്ചു.

4-5 ഇൻഡോറിൽ സി. റാണി മരിയയുടെ നാമകരണചടങ്ങുകളിൽ പങ്കെടുത്തു.

7 പുന്നപ്ര ദനഹാലയയിൽ ക്ലാസെടുത്തു.

8 തലശ്ശേരി സഹായമെത്രാൻ അഭി. മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു

9 എം.ഒ.സി. മാങ്ങാനം ഫോർമേഷൻ സെന്ററിൽ നടന്ന ബിരുദദാന ചടങ്ങിൽ പങ്കെടുത്തു. മാടപ്പള്ളി ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ഡീ. ഡിന്നി കുറുപ്പുശ്ശേരിയ്ക്ക് വൈദികപട്ടം നൽകി

10 കുടമാളൂർ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ചമ്പക്കുളം ചെമ്പകശ്ശേരി കുരിശടിയുടെ ആശീർവാദകർമ്മം നടത്തി.

11 തക്കല രൂപതാദിനാഘോഷത്തിൽ പങ്കെടുത്തു. കിളിമല എസ്.എം.എം.ഐ. കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

12 കരിമ്പനക്കുളം ഇടവകദൈവാലയത്തിൽ ഇടവകദിനത്തോടനുബന്ധിച്ച് സന്ദേശം

നൽകി. കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ദൈവാലയത്തിൽ കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലിന്റെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു.

13 മാന്നാനം സി.എം.ഐ. ആശ്രമത്തിൽ അഭിഷേകാഗ്നി കൺവൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. രൂപതാ കാര്യാലയത്തിൽ നടന്ന ഇന്റർ ഡിപ്പാർട്ട്മെന്റ് മീറ്റിംഗിൽ പങ്കെടുത്തു.

15 ഫാത്തിമാപുരം എ.എസ്.എം.ഐ. കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കുറിച്ചി മൈനർ സെമിനാരിയിൽ ക്ലാസെടുത്തു.

16 പുന്നപ്ര ദനഹാലയയുടെ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. കരുമാടി സെന്റ് നിക്കോളാസ് ദൈവാലയത്തിൽ നടന്ന ബൈബിൾ കൺവൻഷനിൽ സന്ദേശം നൽകി.

17 മണ്ണാർക്കുന്ന് ഇടവകദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ദൈവാലയ പുനരുദ്ധാരണത്തിന്റെ ശില ആശീർവദിക്കുകയും ചെയ്തു.

18 തൃശൂർ അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിന്റെ മെത്രാഭിഷേക ശുശ്രൂഷയിൽ പങ്കെടുത്തു.

19 കുന്നന്താനം സെഹിയോനിൽ നടന്ന അൾത്താര ബാലന്മാരുടെ ക്യാമ്പിൽ സന്ദേശം നൽകി. പാറേൽ സെന്റ് മേരീസ് ദൈവാലയത്തിലെ ഇടവകദിനാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. മീൻകുളം ലൂർദ്ദ് മാതാ ഇടവക ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും ഇടവകദിനാഘോഷത്തിൽ സന്ദേശം നൽകുകയും ചെയ്തു.

20 ബർക്കുമാൻസ് ഡേയോടനുബന്ധിച്ച് എസ്.ബി. ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന മീറ്റിംഗിൽ ആശംസ പ്രസംഗം നടത്തി. നെടുങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവകദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

21 അതിരൂപത കേന്ദ്രത്തിൽ നടന്ന പ്രസ്ബിറ്റേറിയത്തിൽ പങ്കെടുത്തു.

22 ഹൊസൂർ രൂപതാ മെത്രാൻ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിലിന്റെ മെത്രാഭിഷേക ശുശ്രൂഷയിൽ പങ്കെടുത്തു.

23 ബഹു. എബി പുതുക്കുളങ്ങര അച്ചന്റെ പിതാവിന്റെ ഓർമ്മ ദിനത്തിൽ പങ്ങട ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കുറുമ്പനാടം സെന്റ് ആന്റണീസ് ദൈവാലയത്തിൽ സി. ആൻസി കണയംപ്ലാക്കലിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. കട്ടച്ചിറ മേരി മൗണ്ട് പബ്ലിക് സ്കൂളിൽ പുതുതായി നിർമ്മിച്ച ബ്ലോക്കിന്റെ ആശീർവാദം നടത്തുകയും പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു. തെള്ളകത്ത് നടന്ന ചൈതന്യ കാർഷിക മഹോത്സവത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

24 വാഴപ്പള്ളി S.H ആരാധനാ മഠത്തിന്റെ ജൂബിലിയോടനുബന്ധിച്ച് സന്ദേശം നൽകി. അതിരൂപതയിൽ സേവനം ചെയ്യുന്ന വിവിധ സന്യാസ വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു. കാവാലം സെന്റ് തെരേസാസ് സ്കൂളിന്റെ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു. ഏറ്റുമാനൂർ ക്രിസ്തുരാജാ പള്ളിയിൽ ഇടവകതിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരി. കുർബാനയർപ്പിച്ചു.

25 സന്ദേശനിലയം SMCC യുടെ ക്യാമ്പിൽ പങ്കെടുത്ത് കുട്ടികൾക്ക് സന്ദേശം നൽകി. കത്തീഡ്രൽ പള്ളിയിൽ FCC സിസ്റ്റേഴ്സിന്റെ സഭാവസ്ത്രസ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. കുന്നന്താനത്ത് നടന്ന എക്ളേസിയയിൽ പങ്കെടുത്ത് സിസ്റ്റേഴ്സിന് സന്ദേശം നൽകി.

# ENGAGEMENTS 2017 DECEMBER

**Mar Joseph Perumthottam**

**Metropolitan Archbishop of Changanacherry**

1 **4.00 p.m.** Rededication of Church @ Mariapuram, Edathua
**6.00 p.m.** Retreat Concluding Message @ Thuruthy

2 **6.15 a.m.** *Qurbana* @ Priest Home
**10.00 a.m.** *Pithavinodothu* of Changanacherry Forane council members @ Cathedral
**4.00 p.m.** Jubilee Celebration of Cluny School @ Cheppumpara
**6.00 p.m.** Engaged

3 **6.00 a.m.** Pastoral Visit @ Aryad
**6.00 p.m.** 45th Archeparchial Yuvadeepti Birth Day Celebration @ Pastoral Centre

4 **10.00 a.m.** Meeting with Psychologists @ Kakkanadu

5-7 KCBC Meeting @ POC

7 **7.00 p.m.** Message @ Parel Pilgrim Centre

8 **7.30 a.m.** *Qurbana* @ Parel
**4.30 p.m.** Festal *Qurbana* & Message @ Thekkupara, Amboori

9 **7.30 a.m.** Homily @ Cheppumpara
**10.00 a.m.** *Forane Prathinidhiyogam* @ Kudamaloor
**11.30 a.m.** Archeparchial *Mathru–Pithruvedi* Anniversary
**3.00 p.m.** *Qurbana,* Deaf and Dumb Ministry @ Aymanam

10 **8.30 a.m.** Engaged
**11.00 a.m.** Parents Day @ Kurichy Seminary
**3.15 p.m.** Presbytery Blessing @ Pallikkoottumma
**5.00 p.m.** Parithrana Bhavan Jubilee @ Adichira

11 Engaged

12 **10.30 a.m.** Forane Priest Conference @ Pulincunnoo
**2.30 p.m.-4.00 p.m.** Visitor's Time

13 **11.30 a.m.** Ongoing -formation for Priests @ Abp's House
**7.00 p.m.** Forane Priests Conference @ Edathua

14 **3.00 p.m.** Engaged
**6.00 p.m.** Interdepartmental Meeting @ Abp's House

15 **8.30 a.m.** Seminary Commission Visit @ Vadavathoor

16 **6.30 a.m.** *Qurbana* & Message @ Sehion, Kunnamthanam
**11.00 a.m.** Golden Jubilee Celebration of Marriage, Family Apostolate @ Cathedral
**3.00 p.m.** General body meeting, *Jeevakarunya* Trust

**7.00 p.m.** Sacerdotal Golden Jubilee celebration of Rev. Fr Sebastian Kalasserry @ Kurichy Seminary

17 Pastoral Visit @ Manimala St. Basil's Church

18 Engaged

19 **10.30 a.m.** Forane Directors Meet of Pravasi Department @ Abp's House

**3.00 p.m.** Preachers Gathering @ Kunnamthanam Sehion

20 **10 a.m.** Presbyteral Council @ Abp's House

**2.30 p.m.** Parents Meet of Rev. Deacons

21 Meeting with Rev. Deacons

**6.00 p.m.** Christmas Celebration @ Kurchy Seminary

22 Meeting with Rev. Deacons

**7.00 p.m.** Major Seminarian's Gathering @ Abp's House

23 **6.00 a.m.** Diaconate Ordination

**10.30 a.m.** *Pithavinodothu* of Pulincunnoo Forane Council Members @ Pulincunnoo

**3.30 p.m.** Christmas Gathering @ Archbishop's House

**7.00 p.m.** Confession @ Parel

24 **10.00 a.m. - 12.00 p.m.** Visitor's Time

**2.30 p.m.-3.45 p.m.** Visitor's Time

**7.00 p.m.** Confession @ Cathedral

25 **Christmas**

26 **9.30 a.m.** Priestly Ordination of Dn Jose Kochuparambil @ Venchembu

**5.30 p.m.** Parish Day Celebration @ Vaipur

27 **9.15 a.m.** Priestly Ordination of Rev Deacons of CMI Congregation @ Chethipuzha

**2.45 p.m.** Homily @ Fathimapuram, Priestly Ordination of Rev Dn John Puthenkalam MCBS

28 **9.15 a.m.** Priestly Ordination of Dn Jose Pakalomattom @ Chanjody

**2.45 p.m.** Homily @ Thrickodithanam, Priestly Ordination of Rev Dn Mathew Malieckal

29 **9.15 a.m.** Homily @ Kavalam Lisieux, Priestly Ordination of Rev Dn Antony Kakkaparambil

**2.15 p.m.** Priestly Ordination of Dn Varghese Panachinkal @ Thuruthy

30 **9.15 a.m.** Homily @ Ettumannor, Priestly Ordination of Rev Dn Joseph Chorettuchamakkala

**2.30 p.m.** Priestly Ordination of Dn Philip Kurinjiparambil VC @ Ithithanam

31 **8.00 a.m.** *Qurbana* @ Mannanam CMI Ashram

**10.45 a.m.** Parish day Celebration @ Muhamma

**2.45 p.m.** Homily @ Koothrappalli, Priestly Ordination of Rev Dn Varghese Plamparambil

# ENGAGEMENTS

# 2017 DECEMBER

**Mar Thomas Tharayil**
**Auxiliary Bishop**

1-2 Etawah Mission
3 **9.00 a.m.** *Qurbana* @ Villoonni
**2.30 p.m.** DCMS Council Meeting
**3.30 p.m.** *Qurbana* & Parish Day @ Yudapuram
**8.00 p.m.** Message @ Kattachira
4 @ Mount St Thomas
5-7 KCBC
8 **5.30 a.m.** *Qurbana* @ Parel
**9.30 a.m.** Jubilee *Qurbana*, Salvatorian Sisters @ Villonni
**11.00 a.m.** Human Rights Forum @ Kottayam Lourde
**5.00 p.m.** School Anniversary @ Nirmalabhavan, TVM
9 **10.00 a.m.** Forane Priest Conference @ Ayoor
**6.30 p.m.** DSFS School, TVM
10 **10.30 a.m.** Seminar for Catechism Teachers @ Ernakulam
**4.30 p.m.** *Qurbana* @ Manackachira
11 **9.00 a.m.** Deacons' Gathering
**11.45 p.m.** Message @ Knanaya Church Kavalam
**1.30 p.m.** Xavier Board of Higher Secondary Education @ Asssumption College
**6.00 p.m.** SJCC Trust Meeting
12-13 On-going Formation for Priests
12 **2.30 p.m**. Visitors' Time
**6.30 p.m.** Class @ Minor Seminary
13 **3. 30 p.m.** Samarpitha Sangamam @ Pacha
14 **9.30 a.m.** Class @ Danahalaya
**6.00 p.m.** Interdepartmental Meeting @ Abp's House
15-18 Retreat for Deacons @ Mangalapuzha Seminary
16 **3.00 p.m.** CMI Youth Centre @ Trichur
18 **6.30 p.m.** Pastoral Council Executive
19 **9.30 a.m.** Class @ Danahalaya
**6.00 p.m.** Parish Hall Blessing and Parish Day @ Paduvapuram

20 **6:30 a.m.** *Qurbana* @ Priest Home
**10.00 a.m.** Presbyteral Council Inauguration
**5.00 p.m.** Deacons' Parents Day
**6.30 p.m.** Class @ Minor Seminary
21 **11.00 a.m.** Message @ Bible Convention, Pala
**5.00 p.m.** Mary Rani School @ Laikkadu
**6.30 p.m.** Christmas Gathering @ Minor Seminary, Kurichy
22 Visitors' day
**11.45 a.m.** @ SB College
**7.00 p.m.** Major Seminarians' Gathering
23 **6.15 a.m.** Diaconate @ Niranam
**9.30 a.m.** Pro-life Convention Inauguration @ Ithithanam
**11.00 a.m.** Forane Council @ Pulincunnoo
24 **2.30 p.m.** Visitors' Time @ TVM
25 Christmas @ Lourdes TVM
26 **9.15 a.m.** Ordination @ Nalukody
**4.15 p.m.** *Kodiyettu* and *Qurbana* @ Mannanam
**6.30 p.m.** Vazhoor Ecumenical Forum Christmas Celebration
27 **9.00 a.m.** Ordination @ Ayarkunnam
**6.00 p.m.** Ordination @ Fathimapuram
28 **6.30 a.m.** *Kodiyettu* @ Thottackadu
**9.15 a.m.** Ordination @ Chennamkarry
**2.00 p.m.** Ordination @ Purakkadu
**5.00 p.m.** *Idavakadinam* @ Champakulam Basilica
29 **9.15 a.m.** Ordination @ Kavalam Lisieux
**2.30 p.m.** Ordination @ Edathua
30 **9.00 a.m.** Ordination @ Muttar
**2.15 p.m.** Ordination @ Villoonni
**6.00 p.m.** Message @ Chittur Retreat Centre
31 **7.00 a.m.** *Qurbana* @ Punnnathura Pazhaya Palli
**11.00 a.m.** *Idavakadinam* @ Paral
**4.00 p.m.** *Qurbana* @ Anthiyankulam, Palai

## ENGAGEMENTS

## 2017 DECEMBER

**Mar Joseph Powathil**
**Archbishop Emeritus**

08 **9.30 a.m.** Message @ Parel

16 **3.00 a.m.** Jeevakarunyanithi Trust Annual meeting @ Sandesanilayam

26 **3.00 p.m.** Ordination @ Vadekke Amicherry

27 **2.45 p.m.** Ordination @ Fathimapuram

28 **2.45 p.m.** Ordination @ Thrikodithanam

30 **9.30 a.m.** Ordination @ Ettumanoor

**3.00 p.m.** Powathil Kudumbayogam

31 **2.45 p.m.** Ordination @ Koothrappally